ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ജൂലൈ-ആഗസ്റ്റ്-സെപ്റ്റംബർ 2022 പുസ്തകം 3 ലക്കം 3

പ്രത്യേക പതിപ്പ് 2

## സാമ്പത്തിക റിവ്യൂ 2021 & കേരള ബജറ്റ് 2022-23: ഒരവലോകനം

എഡിറ്റേഴ്സ്

അനിത കുമാരി എൽ
എം കെ സുകുമാരൻ നായർ
അനിത വി
ജോൺ കുരുവിള
കെ ജെ ജോസഫ്

GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം
ജുലൈ-ആഗസ്റ്റ്-സെപ്റ്റംബർ 2022 പുസ്തകം 3 ലക്കം 3

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

അസോസിയേറ്റ് എഡിറ്റർ
അനിത കുമാരി എൽ

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
തങ്കം അരുൺ
രാജേശ്വരി എസ് റൈന
താരാ എസ് നായർ
സി ബാലഗോപാൽ
ഡി ഷൈജൻ
സിദ്ദിഖ് റാബിയാത്ത്
എൻ രാമലിംഗം
സക്കറിയാ സിദ്ദിഖി
അനൂപ് എസ് കുമാർ

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

എഡിറ്റിംഗ് അസിസ്റ്റന്റ്
യു പി അനിൽകുമാർ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in

Disclaimer: The views expressed in this work are those of the authors and
do not reflect the official policy or views of GIFT

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation,
Thiruvananthapuram. Printed at Solar Offset, Manvila, Thiruvananthapuram.
For private circulation. Not for sale.

കേരള ഇക്കോണമി

പുസ്തകം 3 ലക്കം 3
ജൂലൈ–ആഗസ്റ്റ്–സെപ്റ്റംബർ 2022

# Contents


| | | പേജ് നമ്പർ |
|---|---|---|
| | **എഡിറ്റോറിയൽ** | *3* |
| 1. | **കേരളത്തിന്റെ തൊഴിൽമേഖല നൽകുന്ന ചില പാഠങ്ങൾ**<br>എ വി ജോസ് | 10 |
| 2. | **നിർവഹണമാണ് സാമ്പത്തിക പ്രവർത്തനങ്ങളുടെ അടിസ്ഥാനം**<br>ജി വിജയരാഘവൻ | 22 |
| 3. | **വളർച്ചക്കും വികസനത്തിനും ഗവേണൻസിനും അടിസ്ഥാനം വിഭവസമാഹരണം**<br>മേരി ജോർജ് | 26 |
| 4. | **2022–23 ബജറ്റിലെ വികസന സമസ്യകൾ**<br>എം കെ സുകുമാരൻ നായർ | 35 |
| 5. | **വൈജ്ഞാനിക, ഉന്നത വിദ്യാഭ്യാസ മേഖലകൾ കേരളത്തിന്റെ ഭാവിസാദ്ധ്യതകൾ**<br>ജയൻ ജോസ് തോമസ് | 40 |
| 6. | **പ്രവാസി ലോകത്ത് കോവിഡ് മഹാമാരി ഏൽപിച്ച ആഘാതം**<br>എസ് ഇരുദയരാജൻ | 45 |
| 7. | **കേരളത്തിന്റെ നിർമ്മാണ വ്യവസായം കോവിഡ് ഘട്ടത്തിൽ: നയപരമായ മാറ്റത്തിന്റെ സാദ്ധ്യതകൾ**<br>കെ ജെ ജോസഫ്, കിരൺകുമാർ കക്കാർലപുടി | 52 |
| 8. | **കേരള ബജറ്റും വിദ്യാഭ്യാസ രംഗവും**<br>ബ്ലെസി ജോസഫ്, സില്ല ജോർജ് രാജു, സാബു തോമസ് | 63 |
| 9. | **സേവന മേഖലയും 2021 ലെ കേരള ഇക്കണോമിക് റിവ്യൂവും**<br>അർഷദ് മസൂർ വി എസ്, മനു ഡി | 69 |
| 10. | **പട്ടികജാതി വിഭാഗ പദ്ധതികളുടെ 2021–22 ലെ പ്രകടനം**<br>യു പി അനിൽകുമാർ | 79 |

**11. GST updates**
Highlights of the 47th GST council meeting 86
Relfi Paul

**12. New studies on Kerala** 92
Young scholars' forum, GIFT.

**13. What is new(s) from GIFT** 99

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 3
ജൂലൈ–ആഗസ്റ്റ്–സെപ്റ്റംബർ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# എഡിറ്റോറിയൽ
# 2021 ലെ സാമ്പത്തിക റിവ്യൂ, 2022–23 ലെ ബജറ്റ് എന്നിവയുടെ വിശകലനം

ബജറ്റ് പലപ്പോഴും സാഹചര്യങ്ങളുടെ സൃഷ്ടിയാകുന്ന പതിവുണ്ട്. പെട്ടെന്ന് ഉളവാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ബജറ്റ് നിർബന്ധിതമാകുന്നതാണ് ഇതിന് കാരണം. എന്നിരുന്നാലും, ബജറ്റിലെ ഓരോ കല്ലുകൾ അടുക്കി വയ്ക്കുമ്പോഴും ഒരു ധനകാര്യമന്ത്രി സമ്പദ്ഘടന എന്ന കെട്ടിടത്തെ കുറിച്ച് ബോധവാനായിരിക്കേണ്ടതുണ്ട്. ബജറ്റ് തയാറാക്കുമ്പോൾ ഏതൊരു ധനമന്ത്രിയും നേരിടുന്ന പ്രധാന വെല്ലുവിളി ഹ്രസ്വകാലത്തിലും ദീർഘകാലത്തിലും ഉണ്ടാകുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിൽ സംതുലിതാവസ്ഥ കണ്ടെത്തുക എന്നതാണ്.

2022–23 സാമ്പത്തിക വർഷത്തെ കേരള ബജറ്റ്, 2021 ലെ സാമ്പത്തിക റിവ്യൂവിൽ പറയുന്നത് പോലെ, പലകാര്യങ്ങൾ കൊണ്ടും പ്രത്യേകത നിറഞ്ഞതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ തുടക്ക ബജറ്റാണ് ഇത്. പഞ്ചവത്സര പദ്ധതി എന്ന സംവിധാനം ഒട്ടുമിക്ക സംസ്ഥാനങ്ങളും ഉപേക്ഷിച്ച സാഹചര്യത്തിലാണ് ഇതെന്ന് ഓർക്കണം. റഷ്യ – യുക്രൈൻ യുദ്ധത്തിന്റെ സാഹചര്യവും ലോകസാമ്പത്തിക രംഗത്ത് അതുളവാക്കുന്ന പ്രത്യാഘാതങ്ങളും തൊട്ടടുത്ത അയൽരാജ്യമായ ശ്രീലങ്കയിലെ സാമ്പത്തിക പ്രതിസന്ധിയും നമുക്ക് അവഗണിക്കാൻ കഴിയുന്നവയല്ല. ഇതോടൊപ്പം തന്നെ തുടർച്ചയായ പ്രളയങ്ങളും ഒരു നൂറ്റാണ്ടിൽ ഒരിക്കൽ മാത്രം കണ്ടു വരുന്ന മഹാമാരിയും അനുബന്ധമായ പ്രശ്നങ്ങളും ഉളവാക്കിയ സാമ്പത്തിക തിരിച്ചടിയും കണക്കിലെടുക്കേണ്ടതുണ്ട്. ജി എസ് ടി സമ്പ്രദായം അഞ്ചു വർഷം പൂർത്തിയാക്കിയ ഘട്ടത്തിലാണ് ഈ ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ദീർഘകാലാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ നമ്മുടെ സംസ്ഥാനം ഒരു വൈജ്ഞാനിക സമ്പദ്വ്യവസ്ഥയായി പരിവർത്തനം ചെയ്യപ്പെടുന്നതിനായുള്ള വമ്പൻ മുന്നേറ്റത്തിന്റെ പടിവാതിൽക്കലുമാണ്.

അതുകൊണ്ട് ഹ്രസ്വകാല പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ദീർഘകാല വെല്ലുവിളികൾ നേരിടുന്നതിലും ബജറ്റ് എത്രമാത്രം വിജയം കൈവരിച്ചിട്ടുണ്ട് എന്നിടത്താണ് അതിന്റെ പ്രസക്തി. ഈ പശ്ചാത്തലത്തിൽ മുൻകാലങ്ങളിലെന്ന പോലെ ഈ വർഷവും കേരള സർവകലാശാലയിലെ സാമ്പത്തികശാസ്ത്ര വിഭാഗം, കൊച്ചി ശാസ്ത്ര, സാങ്കേതിക സർവകലാശാലയിലെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ്, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ (സി ഐ ഐ) കേരള ചാപ്റ്റർ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ് ) 2021 ലെ സാമ്പത്തിക റിവ്യൂ, 2022–23 ലെ കേരള ബജറ്റ് എന്നിവയെ അധികരിച്ച് ഒരു വർക്ഷോപ്പ്

സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാന ധനകാര്യ മന്ത്രിയും ഗിഫ്റ്റിന്റെ ചെയർമാനുമായ ശ്രീ കെ. എൻ ബാലഗോപാൽ ശില്പശാലയുടെ ഉദ്ഘാടനം നിർവഹിച്ചു. സാമ്പത്തിക റിവ്യൂവിനെ ആസ്പദമാക്കിയുള്ള ചർച്ചകൾക്ക് തുടക്കം കുറിച്ചത് സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനും ഗിഫ്റ്റിന്റെ വൈസ് ചെയർമാനുമായ പ്രൊഫസർ വി. കെ രാമചന്ദ്രനാണ്. എം. ജി സർവകലാശാല വൈസ് ചാൻസലർ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗങ്ങൾ, വ്യവസായ മേഖലയിലെ പ്രമുഖർ അടക്കമുള്ള നിരവധി പ്രഗത്ഭ വ്യക്തികൾ തങ്ങളുടെ ആശയങ്ങൾ ഈ ശില്പശാലയിൽ പങ്ക് വയ്ക്കുകയുണ്ടായി. കേരള സർവകലാശാലയുടെ സാമ്പത്തികശാസ്ത്ര വിഭാഗം, മഹാത്മാഗാന്ധി സർവകലാശാല, കൊച്ചി ശാസ്ത്ര, സാങ്കേതിക സർവകലാശാലയിലെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ് എന്നിവയിലെ യുവവിദഗ്ദർ നൽകിയ സംഭാവനകളാണ് ഈ ശില്പശാലയുടെ പ്രധാന സവിശേഷത.

ശിൽപ്പശാലയിൽ അവതരിപ്പിക്കപ്പെട്ട ആശയങ്ങളെ അടിസ്ഥാനമാക്കിയാണ് 'കേരള ഇക്കോണമിയുടെ' തുടർച്ചയായ രണ്ടു ലക്കങ്ങൾ (വാല്യം–3; 2,3 ലക്കങ്ങൾ) പുറത്തിറക്കുന്നത്. ഇതിന്റെ ഉള്ളടക്കത്തിലെ കാതലായ ചില കാര്യങ്ങളാണ് ഈ കുറിപ്പിൽ പ്രതിപാദി ക്കുന്നത്. ആദ്യം രണ്ടാം ലക്കത്തെ കുറിച്ചും തുടർന്ന് മൂന്നാം ലക്കത്തെ കുറിച്ചുമാണ് പറയുന്നത്.

ശില്പശാല ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ കെ. എൻ ബാലഗോപാൽ ഹ്രസ്വകാല പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ വീഴ്ച്ച വരുത്താതെ എങ്ങനെയാണ് ബജറ്റ്, ദീർഘകാല വികസന സാദ്ധ്യതകൾ ആരായുന്നതെന്ന് വിശദമായി തന്നെ പ്രതിപാദിക്കുകയുണ്ടായി. ദീർഘകാല വികസന തന്ത്രങ്ങൾ കരുപ്പിടിപ്പിക്കുമ്പോൾ ശ്രീലങ്കയുടെ പ്രതിസന്ധി നമുക്ക് ഒരു പാഠമാണെന്ന് അദ്ദേഹം വ്യക്തമാക്കി. സംസ്ഥാനത്ത് പ്രായമായ ആളുകളുടെ എണ്ണം വർധിക്കുന്നത് ഒരു വെല്ലുവിളിയും അതേസമയം സാധ്യതയുമാണെന്ന് അദ്ദേഹം വ്യക്തമാക്കി. പ്രായമായവർക്ക് ആവശ്യമായ കരുതൽ നാം ഒരുക്കേണ്ടതുണ്ട്. 'കെയർ ഇക്കോണമി' എന്ന രീതിയിൽ ഇത് തൊഴിൽ, വരുമാന സാദ്ധ്യതകൾ വർധിപ്പിക്കുന്നതിനുള്ള അവസരവും ഒരുക്കുന്നുണ്ട്. വിദേശത്ത് നിന്നുമയക്കുന്ന പണത്തെ ആശ്രയിച്ച് മുന്നോട്ട് പോകുന്നത് ശരിയയായ സമീപനമല്ല. വിദേശത്തേക്കുള്ള കുടിയേറ്റം പ്രോത്സാഹിപ്പിക്കേണ്ട സാഹചര്യവുമുണ്ട്. പണം വിദേശത്ത് നിന്ന് വരുന്നതും കാത്തിരിക്കാതെ നമ്മുടെ മാനവശേഷി ഇവിടെത്തന്നെ വിനിയോഗിക്കാൻ കഴിയുന്ന വിധത്തിലേക്ക് കാര്യങ്ങൾ പരിണമിക്കണം.

കേരളത്തിലെ കാർഷിക മേഖലയുടെ ഇന്നത്തെ സ്ഥിതി കണക്കിലെടുത്ത് ത്രിതല തന്ത്രത്തിനാണ് ബജറ്റ് രൂപം നൽകിയിരിക്കുന്നത്. ഉത്പാദനക്ഷമത ഉയർത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. മൂല്യവർദ്ധനവിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിക്കുക, കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുക എന്നിവയും ഇതിന്റെ ഭാഗമായി വരുന്നു. വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയായി കേരളത്തെ പരുവപ്പെടുത്തുന്നതിന്റെ പശ്ചാത്തലത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലക്കായുള്ള വകയിരുത്തൽ മുൻപെങ്ങുമില്ലാത്ത വിധത്തിൽ ഉയർത്തിയിട്ടുണ്ട്. വിജ്ഞാനത്തിൽ അധിഷ്ഠിതമായതും ഒപ്പം ഉയർന്ന മൂല്യവർദ്ധന സാധ്യമാകുന്നതുമായ മേഖലകളുടെ വികസന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള സമീപനമാണ് ബജറ്റ് സ്വീകരിച്ചിരിക്കുന്നത്. ചുരുക്കത്തിൽ, പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യബജറ്റ് ഭാവി കേരളത്തിന് ഒരു

അടിത്തറയാവുന്നത് എങ്ങനെയാണ് എന്നത് ധനകാര്യ മന്ത്രി സവിസ്തരം പ്രതിപാദിക്കുകയുണ്ടായി. എന്നാൽ ഇതിന്റെ ഫലമായി ആരെയും അവഗണിക്കുന്നതിനുള്ള ചെറുനീക്കം പോലും ബജറ്റിലില്ല.

സാമ്പത്തിക റിവ്യൂവിനെ കുറിച്ചുള്ള ചർച്ചകൾക്ക് തുടക്കം കുറിച്ചുകൊണ്ട് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർമാനായ പ്രഫസർ വി. കെ രാമചന്ദ്രൻ സംസ്ഥാനങ്ങൾക്ക് നികുതി വരുമാനം ഉയർത്തുന്നതിനുള്ള പരിമിതികൾ , സെസ്സ്, സർചാർജ് മുതലായവ വർധിപ്പിക്കുന്നതുവഴി സംസ്ഥാനങ്ങൾക്കുള്ള വിഹിതത്തിൽ കുറവ് വരുന്നത് തുടങ്ങിയ പ്രതികൂല സാമ്പത്തിക സാഹചര്യങ്ങളിലും സംസ്ഥാന സർക്കാർ കോവിഡ് പ്രതിരോധ കാര്യത്തിൽ മികച്ച നിലയിൽ പ്രവർത്തിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുകയുണ്ടായി. ആവശ്യക്കാരിലേക്കും ആവശ്യമായ മേഖലകളിലേക്കും വിഭവങ്ങൾ കൃത്യതയോടെ വഴിതിരിച്ചു വിടുകവഴി പ്രതിസന്ധിയുടെ ആഘാതം കുറയ്ക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു. ഇതോടൊപ്പം ഏറ്റവും കുറഞ്ഞ മൾട്ടി ഡൈമെൻഷണൽ പോവെർട്ടി ഇൻഡക്സ് (0.71)നേടുക, മൂന്ന് വർഷം തുടർച്ചയായി നിരന്തര വികസന ലക്ഷ്യം കൈവരിക്കൽ എന്നിവയടക്കമുള്ള കേരളത്തിന്റെ നേട്ടങ്ങൾ അദ്ദേഹം എടുത്തുപറയുക യുണ്ടായി. ആസൂത്രണത്തിലധിഷ്ഠിതമായ സാമ്പത്തിക മാറ്റത്തിലൂടെയാണ് ഇത് സാധിതപ്രായമാക്കിയത്. അതുകൊണ്ട് ഈ ബജറ്റിനെ പതിനാലാം പഞ്ചവത്സര പദ്ധതി നടപ്പാക്കുന്നതിനുള്ള സുചിന്തിതവും ദൃഢവുമായ ഒരു കാൽവയ്പായാണ് അദ്ദേഹം കാണുന്നത്.

ജനാധിപത്യ വികേന്ദ്രീകരണ പ്രക്രിയയിൽ പല വിധത്തിൽ ഭാഗഭാക്കാകാൻ അവസരം ലഭിച്ചിട്ടുള്ള ഗിഫ്റ്റിലെ ഡിസ്റ്റിംഗ്യൂഷ്ഡ് ഫെല്ലോ ആയ പ്രഫസർ എം. എ ഉമ്മൻ കഴിഞ്ഞ കാല അനുഭവങ്ങളെ കുറിച്ച് ഗൗരവമാർന്ന വിചിന്തനം നടത്തിയതിന് പുറമെ, നിലവിലെ സാഹചര്യം വിലയിരുത്തുകയും ഭാവിയെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പദ്ധതികളുടെ നടത്തിപ്പ്, സാമ്പത്തികം, അധികാര കേന്ദ്രങ്ങൾ തുടങ്ങിയ മേഖലകളിൽ കാതലായ മാറ്റങ്ങൾ വരുത്തുന്ന കാര്യത്തിലും സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വികസനത്തിലും ഇന്ത്യയിൽ എവിടെയും ഇത്തരത്തിൽ ചൂണ്ടികാണിക്കാവുന്ന ഉദാഹരണങ്ങളില്ല. എന്നാൽ ആശങ്ക ഉളവാക്കുന്ന കാര്യം ലിംഗസമത്വം ഉറപ്പാക്കുന്ന കാര്യത്തിൽ നമുക്ക് കാര്യമായ മുന്നേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ്.

സാമൂഹ്യമായ മാറ്റങ്ങൾ പരിഗണിക്കുമ്പോൾ പട്ടിക ജാതി, പട്ടിക വിഭാഗങ്ങൾക്കിടയിൽ നല്ല പുരോഗതി കൈവരിക്കാൻ കഴിഞ്ഞപ്പോഴും, ആദിവാസികൾക്കിടയിലെ പട്ടിണിയും ശിശുമരണങ്ങളും നിരാശാജനകമായ സാഹചര്യമാണ്. പരിസ്ഥിതി സംരക്ഷണ മേഖലയിൽ പ്രത്യേകിച്ച്, ഖരമാലിന്യ നിർമാർജനം, മെഡിക്കൽ മാലിന്യങ്ങൾ ഒഴിവാക്കൽ, ക്വാറികളുടെ നിയന്ത്രണം തുടങ്ങിയ കാര്യങ്ങളിൽ ഇനിയും ഒട്ടേറെ മുന്നോട്ട് പോകാനുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ സിൽവർ ജൂബിലിയെ ആധാരമാക്കി സംസാരിച്ച പ്രഫസർ ഉമ്മന്റെ വാക്കുകളെ പിന്തുടർന്ന്, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം പ്രഫസർ ജിജു പി അലക്സ്, ജനാധിപത്യ വികേന്ദ്രീകരണ പ്രക്രിയയുടെ വളർച്ച, ഇന്നത്തെ സ്ഥിതി തുടങ്ങിയ കാര്യങ്ങളെ അധികരിച്ച് സംസാരിച്ചു. ഈ പ്രക്രിയ എങ്ങനെയാണ് കേരളത്തെ പരിവർത്തനം ചെയ്തത് എന്നതും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ സാമ്പത്തികമായ തിരിച്ചുവരവിന്റെ കാര്യത്തിൽ പ്രാദേശിക

ഭരണകൂടങ്ങൾക്കുള്ള പങ്കിനെ കുറിച്ച് ചില ചിന്തകൾ പങ്ക് വയ്ക്കുകയുണ്ടായി. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഇത് കൂടുതൽ വ്യക്തമാകുന്നുണ്ട്.

ലിംഗനീതിയുടെ കണ്ണിലൂടെ ബജറ്റിനെയും സാമ്പത്തിക റിവ്യൂവിനെയും നോക്കി കാണുന്നതിനാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ ( സി ഡി എസ് ) ഓണററി ഫെല്ലോ മൃദുൽ ഈപ്പനും സേവ ജനറൽ സെക്രട്ടറി ഡോ. സോണിയ ജോർജും ശ്രമിച്ചത്. സാമൂഹ്യമായി ഇക്കാര്യത്തിൽ ശക്തമായ അടിത്തറ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ഇനിയും ഏറെ അകലെയാണ്. പദ്ധതി രേഖകളിലും ബജറ്റിലും പ്രതിഫലിക്കുന്നതുപോലെ ആസൂത്രണ മേഖലയിൽ ലിംഗസമത്വം എന്ന ആശയത്തെ സമന്വയിപ്പിക്കുന്നതിനുള്ള ശ്രമമാണ് പ്രഫസർ ഈപ്പൻ നിർവഹിച്ചത്. സ്ത്രീകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കൂടുതൽ പണം വകയിരുത്തിയതിനെ പ്രകീർത്തിക്കുമ്പോഴും ചില ആശങ്കകളും അവർ പങ്ക് വയ്ക്കുകയുണ്ടായി. ലിംഗസമത്വവുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ കൃത്യമായ വിവരങ്ങളുടെ അഭാവം അടക്കമുള്ള കാര്യങ്ങളാണ് പ്രധാനമായും അവർ ഉന്നയിച്ചത്. ഈ വാദങ്ങളെ പിന്തുണച്ചുകൊണ്ട് ഇക്കാര്യത്തിൽ കേരളം മുന്നോട്ട് പോയ പാതകളെ കുറിച്ചും ഇനിയും താണ്ടേണ്ട ദൂരത്തെ കുറിച്ചും ഡോ. സോണിയ ജോർജ് വ്യക്തമായ രീതിയിൽ അവതരിപ്പിച്ചു. 2021–22ലെ പൊതു ബജറ്റ് രേഖകളും ജെൻഡർ ബജറ്റ് നിർദേശങ്ങളും ശ്രദ്ധാപൂർവം വിലയിരുത്തിയാണ് ഡോ. സോണിയ തന്റെ വാദമുഖങ്ങൾ അവതരിപ്പിച്ചത്. ബജറ്റിലെ ഇതുസംബന്ധിച്ച നിർദേശങ്ങളെ പ്രകീർത്തിക്കുമ്പോഴും വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ, നൈപുണ്യ വികസനം, കെയർ ഇക്കോണമി, വീട്ടമ്മമാരും വീട്ടുജോലിക്കാരും അടക്കമുള്ള സ്ത്രീകളുടെ വിഷയങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ സമഗ്രവും ആഴമേറിയതുമായ ചർച്ചകൾ തുടരേണ്ടതിന്റെ ആവശ്യകതയും അവർ എടുത്തുപറയുകയുണ്ടായി.

കാർഷിക മേഖലയിലെയും അനുബന്ധ മേഖലകളിലെയും നെഗറ്റീവ് വളർച്ച കർഷകരെ കൂടുതൽ പാപ്പരാക്കുന്ന സ്ഥിതിവിശേഷമുണ്ട്. 8000 മുതൽ 10, 000 കോടി രൂപയുടെ വരെ നഷ്ടം കർഷകർക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. കാർഷിക രംഗത്ത് ഘടനാപരവും സാങ്കേതികവും സാമൂഹ്യവും സാമ്പത്തികവുമായ പ്രശ്നങ്ങളെ അധികരിച്ചാണ് സംസ്ഥാന ആസൂത്രണ ബോർഡ് അംഗം പ്രഫസർ രാമകുമാർ ശില്പശാലയിൽ സംസാരിച്ചത്. ഇത്തരം അടിസ്ഥാനപരമായ പ്രശ്നങ്ങൾ കേരളത്തിൽ ഏറ്റവും കുറഞ്ഞ ഉല്പാദനക്ഷമതക്കും വിപണന രംഗത്തെ വൻ പരാജയത്തിനും മൂല്യവർദ്ധനവിലെ ഇടിവിനും കാരണമായി മാറുന്നുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ തുടക്ക ബജറ്റ് ഈ പ്രശ്നങ്ങളെ എങ്ങനെ നേരിടുന്നു എന്നതും അദ്ദേഹം പരിശോധനവിധേയമാക്കി. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ചീഫ് ശ്രീ എസ്. എസ് നാഗേഷ് ആഗോള സാമ്പത്തിക രംഗത്തെ മാറിയ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രവർത്തനങ്ങളെ കുറിച്ചും നേട്ടങ്ങളെ കുറിച്ചും പ്രതിപാദിക്കുകയുണ്ടായി.

ഉല്പാദനക്ഷത ഉയർത്തിയും ആധുനിക സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി വളർച്ച കൈവരിക്കുന്നതിനും തീവ്രകാർഷിക പ്രവർത്തനങ്ങളിൽ ഏർപെടുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതി സ്വീകരിക്കുന്ന സമീപനങ്ങളെ കുറിച്ചും അദ്ദേഹം പ്രതിപാദിക്കുകയുണ്ടായി.

കേരള സർവകലാശാല സാമ്പത്തികശാസ്ത്ര വിഭാഗത്തിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളായ ഗായത്രി പ്രേം വി, ജെറ്റിൻ സൂസൻ തോമസ് എന്നിവർ വിവിധ വിളകളെ അടിസ്ഥാനമാക്കി കേരളത്തിന്റെ കാർഷിക രംഗത്തെ കുറിച്ചുള്ള വിവരങ്ങൾ അവതരിപ്പിക്കുകയുണ്ടായി. മൽസ്യബന്ധന മേഖല നേരിടുന്ന വെല്ലുവിളികളെ ആധാരമാക്കിയാണ് കേരള യൂണിവേഴ്സിറ്റിയിലെ സാമ്പത്തികശാസ്ത്ര വിഭാഗം ബിരുദാനന്തര ബിരുദ വിദ്യാർത്ഥി അതുൽ ജോസഫ് സംസാരിച്ചത്. കേരളത്തിലെ ഇതര വിഭാഗങ്ങൾക്കൊപ്പം നേട്ടം കൈവരിക്കാൻ മൽസ്യബന്ധന മേഖലക്ക് ആകുന്നില്ലെങ്കിൽ നമ്മുടെ നിരന്തര വികസന ലക്ഷ്യങ്ങൾ ജലരേഖയായി മാറുമെന്ന വാദമാണ് അതുൽ മുന്നോട്ട് വയ്ക്കുന്നത്. കേരള സർവകലാശാലയിലെ സാമ്പത്തികശാസ്ത്ര വിഭാഗം ബിരുദാനന്തര ബിരുദ വിദ്യാർത്ഥി ദിയ ദീപ് ആനന്ദ് ക്ഷീരോത്പാദന മേഖലയിലെ പ്രവർത്തനവും സാധ്യതകളും വിലയിരുത്തിയാണ് സംസാരിച്ചത്. പ്രാഥമിക മേഖലയെ കുറിച്ചുള്ള ചർച്ചയും *'കേരള ഇക്കോണമിയുടെ'* രണ്ടാം ലക്കവും ഇതോടെ പൂർണ്ണമാവുകയാണ്.

മൂന്നാം വാല്യത്തിന്റെ മൂന്നാം ലക്കത്തിലെ തുടക്ക ലേഖനം കേരളത്തിലെ തൊഴിൽ മേഖലയെ കുറിച്ച് ഗിഫ്റ്റിന്റെ മുൻ ഡയറക്ടർ ഡോ എ. വി ജോസ് തയ്യാറാക്കിയതാണ്. കേരളത്തിലെ കുറഞ്ഞ തോതിലുള്ള തൊഴിൽ പങ്കാളിത്തത്തിന്റെ, പ്രത്യേകിച്ച് സ്ത്രീകൾക്കിടയിലുള്ള, സാഹചര്യത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉയർത്തേണ്ടതിന്റെ ആവശ്യകതയിലൂന്നിയാണ് ഡോ. ജോസ് തന്റെ ആശയങ്ങൾ പങ്ക് വച്ചത്. വൈജ്ഞാനിക അധിഷ്ഠിതമായ തൊഴിൽ രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉയർത്തുന്നതിന് സംസ്ഥാനം കൂടുതൽ ഊന്നൽ നൽകുന്നുണ്ടെങ്കിലും നൈപുണ്യം കുറഞ്ഞ സാധാരണ തൊഴിൽ മേഖലകളിലും വനിതകളുടെ പങ്കാളിത്തം ഉയർത്തുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. തൊഴിൽ വിപണിയുടെ ആദാനപ്രദാനങ്ങളിൽ ആവശ്യമായ ഇടപെടലുകൾ അനിവാര്യമാണ്. ആയിരത്തിത്തൊള്ളായിരത്തി എഴുപതുകൾ മുതൽ വിദേശത്തേക്കുള്ള കുടിയേറ്റവും അവിടെ നിന്നുള്ള വരുമാനവും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ താങ്ങി നിർത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധി കുടിയേറ്റ തൊഴിലാളികളുടെ കാര്യത്തിൽ വരുത്തിയ വിവിധങ്ങളായ പ്രശ്നങ്ങളാണ് ഗിഫ്റ്റിന്റെ ഓണററി ഫെല്ലോ ആയ ഇരുദയരാജൻ അവതരിപ്പിച്ചത്. ഇക്കാര്യത്തിൽ വിശ്വസനീയമായ വിവരങ്ങളുടെ അഭാവം നിലനിൽക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഈ സാഹചര്യത്തിൽ അഞ്ചു വർഷത്തിലൊരിക്കലെങ്കിലും വിദേശത്തുള്ള മലയാളികളുടെ വിവരങ്ങൾ കൃത്യമായി ശേഖരിക്കേണ്ടതുണ്ട്.

ബജറ്റിൽ ധനമന്ത്രി പുലർത്തുന്ന ശരിയായ സമീപനങ്ങളെ പ്രകീർത്തിക്കുമ്പോഴും ഗിഫ്റ്റിന്റെ ഓണററി ഫെല്ലോ കൂടിയായ ശ്രീ ജി. വിജയരാഘവൻ ചില ആശങ്കകൾ പങ്ക് വയ്ക്കുകകൂടി ചെയ്യുന്നു. ദീർഘകാലത്തെ തന്റെ അനുഭവസമ്പത്തിന്റെ പശ്ചാത്തലത്തിൽ ബജറ്റിൽ പ്രഖ്യാപനങ്ങൾ നടത്തുകയും പണം അനുവദിക്കുകയും ചെയ്യുന്നതിനേക്കാൾ ഉപരി നടപ്പാക്കുക എന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കുറഞ്ഞ തോതിലുള്ള നികുതി വരുമാനത്തിന്റെ അപര്യാപ്തതയിലേക്കാണ് ചരിത്രപരമായ ചില പ്രത്യേകതകൾ നിരത്തി പ്രഫസർ മേരി ജോർജ് വിരൽ ചൂണ്ടിയത്. ജി എസ് ഡി പിയിൽ ഉണ്ടാകുന്ന വളർച്ചക്ക് ആനുപാതികമായി വർധന നികുതി വരുമാനത്തിൽ ഉണ്ടാകുന്നില്ല. ഇക്കാര്യത്തിൽ നികുതി, നികുതിയേതര വരുമാന മാർഗ്ഗങ്ങൾ

ഫലപ്രദമായി പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് കരണീയമെന്ന് അവർ അഭിപ്രായപ്പെട്ടു.

ഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ പ്രൊഫസർ ജയൻ ജോസ് തോമസ് കേരളത്തിന്റെ പ്രതിശീർഷ വരുമാനത്തിൽ ഉണ്ടായ ചില പ്രത്യേകതകളാണ് എടുത്തു പറഞ്ഞത്. തൊള്ളായിരത്തി എൺപതുകളിൽ ദേശീയ ശരാശരി പ്രതിശീർഷ വരുമാനത്തിന്റെ 80 ശതമാനം മാത്രമായിരുന്നു കേരളത്തിന്റേത്. എന്നാൽ നിലവിൽ അത് 160 ശതമാനമാണ്. കൂലി മുന്നിൽ നിന്ന് നയിക്കുന്ന കെയ്നീഷ്യൻ മാതൃകയിലുള്ള സാമ്പത്തിക വികസനത്തിന്റെ ഉദാഹരണമാണ് കേരളമെന്നാണ് അദ്ദേഹത്തിന്റെ നിഗമനം. ദേശീയ തലത്തിലെ അപേക്ഷിച്ച് കേരളത്തിൽ വേതനത്തിന്റെ കാര്യത്തിൽ തുടർച്ചയായ വർധന ഉണ്ടായതാണ് ഇതിന് കാരണം. ഉടൻ പരിഹാരം കാണേണ്ട ചില പ്രധാന പ്രശ്നങ്ങളിലേക്ക് അദ്ദേഹം വിരൽ ചൂണ്ടുകയുണ്ടായി. സാമ്പത്തികമായ മെച്ചപ്പെട്ട അവസ്ഥ കൈവരിക്കുന്നതിന് മുൻപ് പ്രായമേറുക, തൊഴിൽ മാർക്കറ്റിലെയും സമ്പദ്ഘടന യിലെയും പൊരുത്തക്കേടുകൾ തുടങ്ങിയവയാണ് ഇതിൽ എടുത്തുപറയത്തക്കത്. കുസാറ്റിലെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസിന്റെ ഓണററി ഡയറക്ടർ പ്രൊഫസർ എം. കെ സുകുമാരൻ നായർ വൈജ്ഞാനിക സമ്പദ്വ്യവസ്ഥയിലേക്കുള്ള പരിണാമത്തിലും വികസനത്തിന്റെ ബദൽ സാധ്യതകളിലൂന്നിയും ബജറ്റിന്റെ വികസന പരിപ്രേക്ഷ്യ ത്തിലേക്ക് വെളിച്ചം പകരുക യുണ്ടായി. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ കഴിഞ്ഞ രണ്ടു ബജറ്റുകൾ, പ്രത്യേകിച്ച് ഇത്തവണത്തേത് ദീർഘകാല വികസനത്തിനുള്ള വ്യക്തമായ വഴിതുറക്കലാണ്.

കേരളത്തിലെ നിർമ്മാണ മേഖലയുടെ പ്രകടനത്തെ അടിസ്ഥാനമാക്കിയാണ് ഗിഫ്റ്റ് ഡയറക്ടർ പ്രൊഫസർ കെ. ജെ ജോസഫ്, അസിസ്റ്റന്റ് പ്രൊഫസർ ഡോ. കിരൺകുമാർ കക്കർലപുടി എന്നിവർ സംസാരിച്ചത്. 1980–2010 കാലയളവിലെ മാനുഫാക്ചറിങ് മേഖലയുടെ പങ്കാളിത്തം, വളർച്ച എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കേരളത്തിൽ സംഭവിച്ച വ്യവസായ നിരാകരണ പ്രവണത അഖിലേന്ത്യ തലത്തിലുള്ള തിനേക്കാൾ വേഗതയിലായിരുന്നു എന്നുകാണാം. മാനുഫാക്ചറിംഗ് രംഗത്ത് ഹൈടെക് വ്യസായങ്ങളുടെ പങ്കാളിത്തത്തിലും ദേശീയ ശരാശരിയേക്കാൾ ഏറെ കുറവായിരുന്നു വെന്നതും വ്യക്തമാണ്. എന്നാൽ 2011 നു ശേഷം ഇക്കാര്യത്തിൽ മാറ്റം പ്രകടമായി കാണാൻ കഴിയും. നിർമാണ മേഖലയിലെ അഖിലേന്ത്യ തലത്തിലുള്ള വളർച്ചയിൽ ഈ ഘട്ടത്തിൽ ഇടിവ് സംഭവിച്ചിട്ടുണ്ട്. അതുകൊണ്ട് ഹൈടെക് വ്യസായങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന സമീപകാലത്തെ സംസ്ഥാന സർക്കാർ സമീപനം ശരിയായ ദിശയിലുള്ളതാണ് എന്ന് വിലയിരുത്താം. സ്റ്റാർട്ട് അപ്പുകൾക്ക് നല്ല പിന്തുണ നൽകുന്ന മുഖ്യമന്ത്രിയുടെ ഒരു ലക്ഷം വ്യവസായങ്ങൾ എന്ന പദ്ധതി കൂട്ടത്തിൽ എടുത്തുപറയത്തക്കതാണ്.

യുവവിദഗ്ദരുടെ പങ്കാളിത്തമാണ് ഈ ശില്പശാലയുടെ എടുത്തുപറയത്തക്ക പ്രത്യേകത. എം. ജി സർവകലാശാല വൈസ് ചാൻസലർ പ്രൊഫസർ സാബു തോമസിന്റെ കീഴിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണം നടത്തുന്ന ഡോ ബ്ലെസി ജോസഫ്, ഗവേഷണ വിദ്യാർത്ഥിയായ സില്ല ജോർജ് രാജു എന്നിവർ ഉന്നത വിദ്യാഭ്യാസ മേഖലക്ക് ബജറ്റ് നൽകിയിരിക്കുന്ന പ്രത്യേക പ്രാധാന്യത്തെയാണ് എടുത്തു പറയുന്നത്. വൈജ്ഞാനിക സമ്പദ്വ്യവസ്ഥയിലേക്കുള്ള ഒരു പരിവർത്തനം എന്ന പശ്ചാത്തലത്തിൽ അപ്ലൈഡ് റിസർച്ച്, സർവകലാശാലകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള ആശയവിനിമയം, നൈപുണ്യ വികസനം, സ്റ്റാർട്ട് അപ്പുകളുടെ പ്രോത്സാഹനം,

എന്നിവയ്ക്കൊപ്പം മുഖ്യമന്ത്രിയുടെ നവകേരളം പോസ്റ്റ് ഡോക്റ്ററൽ ഫെലോഷിപ്പ് തുടങ്ങിയ നിർദേശങ്ങൾ മികച്ച നേട്ടങ്ങൾക്ക് വഴി തുറക്കുമെന്ന് അവർ പ്രത്യാശിക്കുന്നു. സെന്റർ ഫോർ ബജറ്റ് സ്റ്റഡീസിലെ എം. എസ്സി ഇക്കണോമെട്രിക് ആൻഡ് ഫിനാൻഷ്യൽ ടെക്നോളജി വിദ്യാർത്ഥികളായ അർഷദ് മസൂർ വി. എസ്, മനു ഡി എന്നിവർ ടൂറിസം, പൊതുസേവന മേഖകൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത് ശോഭനമാണെന്ന് ചൂണ്ടി കാണിക്കുന്നു. സർക്കാർ ഏജൻസികൾ നിരവധിയായ സേവനങ്ങൾ നൽകുന്നുണ്ടെങ്കിലും ഇതിന്റെ ഫലപ്രാപ്തി അളക്കുന്നതിനുള്ള പ്രത്യേക സൂചികകളുടെ അഭാവം പൊതുസേവനങ്ങളുടെയും ചെലവഴിക്കലിന്റെയും ഫലം കണക്കാക്കുന്നതിന് ചില പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട് എന്നതാണ് ഇവരുടെ പ്രധാന നിരീക്ഷണം.

പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ വീക്ഷണത്തിൽ നിന്ന് ബജറ്റിനെ വിശകലനം ചെയ്തുകൊണ്ട് ഗിഫ്റ്റിലെ റിസേർച്ച് അസോസിയേറ്റ് ഡോ. യു. പി അനിൽകുമാർ ചൂണ്ടിക്കാണിക്കുന്നത്, ഇവരുടെ ഉന്നമനത്തിനായി നിരവധി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെങ്കിലും വിദ്യാഭ്യാസപരമായ നേട്ടം, നൈപുണ്യ വികസനം, തൊഴിൽ തുടങ്ങിയ മേഖലകളിൽ പൊതുസമൂഹത്തിനൊപ്പം എത്തിപ്പിടിക്കുന്നതിന് ഇനിയും ഒട്ടേറെ മുന്നോട്ട് പോകാനുണ്ട് എന്നാണ്. മുൻലക്കങ്ങളിലെ പോലെ ഈ ലക്കത്തിലും ഡോ. റെൽഫി പോൾ തയാറാക്കിയ 'ജി എസ് ടി അപ്ഡേറ്റ്' പോലുള്ള പതിവ് കോളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗിഫ്റ്റിലെ 'യങ് സ്കോളേഴ്സ് ഫോറം' തയാറാക്കുന്ന പുതിയ പഠനങ്ങളെക്കുറിച്ചുള്ള കുറിപ്പും ചേർത്തിട്ടുണ്ട്. ഈ കോളത്തിന് ഇത്തവണ മുൻകയ്യെടുത്തിരിക്കുന്നത് റിജു മോഹനാണ്. ഗിഫ്റ്റിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ രത്നച്ചുരുക്കം എന്ന നിലയിൽ വരുന്ന 'വാട്ട് ഈസ് ന്യൂ ഫ്രം ഗിഫ്റ്റ്' എന്ന കോളവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ദയവായി ഈ ലക്കങ്ങൾ സൂക്ഷ്മമായി വായിക്കുക, അവ പ്രയോജനകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഒപ്പം താങ്കളുടെ വിലയേറിയ പ്രതികരണവും പ്രതീക്ഷിക്കുകയാണ്. 'കേരള ഇക്കോണമി' കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഞങ്ങളുടെ പ്രധാന ഊർജം അതാണ്.

**കെ ജെ ജോസഫ്**

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 3
ജൂലൈ–ആഗസ്റ്റ്–സെപ്റ്റംബർ 2022

# കേരളത്തിന്റെ തൊഴിൽമേഖല നൽകുന്ന ചില പാഠങ്ങൾ

എ വി ജോസ്

തൊഴിൽസേനയുടെ തരംതിരിക്കൽ നടത്തുമ്പോൾ സ്വയംതൊഴിൽ കണ്ടെത്തിയ ഒരു ഗ്രൂപ്പിനെ കാണാൻ കഴിയും. ഇതുകൂടാതെ വരുന്ന വിഭാഗമാണ് കൂലിത്തൊഴിലാളികൾ. ഇവരിൽ തന്നെ കൃത്യമായി വേതനം ലഭിക്കുന്നവരും ഇടയ്ക്കിടെ മാത്രം തൊഴിൽ ലഭിക്കുന്നവരും കൂലി സാധനങ്ങളായി ലഭിക്കുന്നവരുമുണ്ട്. വേതനം കൃത്യമായി ലഭിക്കുന്നവരിൽ തന്നെ രണ്ടു വിഭാഗമുണ്ട്. സംഘടിത മേഖലയിൽ വരുന്ന ആദ്യവിഭാഗത്തിന് മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥകൾ ലഭിക്കുന്നു. ഇവർക്ക് സാമൂഹ്യ സുരക്ഷാ പദ്ധതികളുമുണ്ട്. എന്നാൽ അസംഘടിത മേഖലയിൽ ഉൾപ്പെടുന്ന വിഭാഗത്തിന് ഇത്തരം സൗകര്യങ്ങൾ ലഭ്യമാകുന്നില്ല. പണിയെടുക്കുന്ന വിവിധങ്ങളായ മേഖലകൾ പരിഗണിക്കുമ്പോൾ മൂന്ന് വിഭാഗങ്ങൾ കാണാം. കൃഷി, കന്നുകാലിവളർത്തൽ, മൽസ്യബന്ധനം തുടങ്ങിയ പ്രാഥമിക മേഖലയിൽ പണിയെടുക്കുന്ന വിഭാഗം, നിർമ്മാണ മേഖല, മാനുഫാക്ചറിംഗ് തുടങ്ങിയ ദ്വിതീയ മേഖലയിൽ പണിയെടുക്കുന്നവർ, പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി സേവന മേഖലയിൽ ജോലി ചെയ്യുന്നവർ എന്നിങ്ങനെയാണ് ഈ മൂന്ന് വിഭാഗങ്ങൾ. ഇതിനു പുറമെ, തൊഴിൽ നൈപുണ്യത്തിന്റെ അടിസ്ഥാനത്തിൽ, വെള്ള കോളർ, നീല കോളർ എന്നിങ്ങനെയും തരം തിരിവുണ്ട്. മേൽപറഞ്ഞ മൂന്ന് വിഭാഗങ്ങളിലെ തൊഴിലാളികളെ ലിംഗ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലും ഗ്രാമീണ, അർബൻ വിഭാഗങ്ങൾ എന്ന നിലയിലും നമുക്ക് തരം തിരിക്കാൻ കഴിയും.[1]

സാമ്പത്തിക വളർച്ചയെ കുറിച്ചുള്ള പഠനങ്ങൾ വിശകലനം ചെയ്യുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നുണ്ട്. വളർച്ചയും വികസനവും തൊഴിൽസേനയുടെ അളവിലും ഘടനയിലും പ്രകടമായ മാറ്റം വരുത്തുന്നു എന്നതാണ് അത്. സ്വയംതൊഴിൽ മേഖലയിൽ കാണുന്ന പരിണാമം, കുടുംബത്തിലേക്ക് മാത്രമായി ഒതുങ്ങിക്കൂടാവുന്ന ഒരു വിഭാഗം വരുമാനം ലഭ്യമാകുന്ന രംഗങ്ങളിലേക്ക് മാറുന്നു എന്നതാണ്. പ്രാഥമിക മേഖലയിൽ നിന്ന് ദ്വിതീയ, ത്രിതീയ മേഖലകളിലേക്ക് ചേക്കേറുന്നതും കുറഞ്ഞ

***കൃത്യമായി വേതനം ലഭിക്കുന്ന ജോലിക്കാരിൽ രണ്ട് വിഭാഗങ്ങളുണ്ട്. ഉറപ്പായ വേതനവും തൊഴിലിന്റെ കാര്യത്തിൽ മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകളുമുള്ള സംഘടിത മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗമാണ് ഒന്ന്. അതേസമയം ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കാത്ത അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവരാണ് രണ്ടാമത്തെ വിഭാഗം.***

***സാമ്പത്തിക വളർച്ചയും വികസനവും സ്വയംതൊഴിൽ ചെയ്യുന്നവരിൽ നിന്ന് ശമ്പളവരുമാനക്കാരായി മാറുന്നവരുടെ എണ്ണത്തെയും അവരുടെ ഘടനയെയും ഉൾക്കൊള്ളുന്നതാണ്. പ്രാഥമിക മേഖലയിലെ തൊഴിലിൽ നിന്നും നിർമ്മാണം, മാനുഫാക്ചറിംഗ്, സേവന മേഖല തുടങ്ങിയവ അടങ്ങുന്ന ദ്വിതീയ, ത്രിതീയ മേഖലകളിലേക്കുള്ള മാറ്റവും ഇതിലടങ്ങിയിട്ടുണ്ട്. തൊഴിലിന്റെ ഗുണമേന്മയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ, ഇത് കുറഞ്ഞ നൈപുണ്യം ആവശ്യമുള്ളതിൽ നിന്ന് കൂടുതൽ നൈപുണ്യമുള്ള മേഖലകളിലേക്കും പ്രഫഷണൽ നിലവാരത്തിലേക്കുമുള്ള പരിവർത്തനം കൂടിയാണ്.***

തൊഴിൽ നൈപുണ്യമുള്ളവർ കൂടുതൽ നൈപുണ്യമുള്ളവരും പ്രൊഫഷണനുകളുമായി മാറുന്നതും തൊഴിൽ മേഖലയിൽ സംഭവിക്കുന്ന വ്യതിയാനത്തിന് ദൃഷ്ടാന്തമാണ്. ഇവിടെ കാണുന്ന മറ്റൊരു സുപ്രധാന കാര്യം, ഗ്രാമീണ മേഖലയിൽ നിന്ന് നഗര പ്രദേശങ്ങളിലേക്ക് തൊഴിൽ ആവശ്യങ്ങൾക്കായുള്ള കുടിയേറ്റമാണ്. സ്ത്രീത്തൊഴിലാളികളുടെ എണ്ണത്തിൽ കാര്യമായ വർധന ഉണ്ടാകുന്നു എന്നതും ഈ പരിണാമത്തിന്റെ ശ്രദ്ധേയമായ ഒരു വശമാണ്.[2] ഇതിനെ കുറിച്ചുള്ള ഒരു താരതമ്യ പഠനത്തിന് ഈ ലേഖകൻ ആശ്രയിക്കുന്നത് സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2022–ലെ സാമ്പത്തിക റിവ്യൂവിലെ വിവരങ്ങളാണ്.

കേരളത്തിൽ പ്രകടമാകുന്ന തൊഴിൽ സേനയുടെ കുറഞ്ഞ തോതിലുള്ള പങ്കാളിത്തത്തിലേക്ക് സാമ്പത്തിക റിവ്യൂ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. സാധാരണ ഗതിയിൽ പ്രായം, ലിംഗവ്യത്യാസം, ഗ്രാമീണ – നഗര മേഖല തുടങ്ങിയ കാര്യങ്ങളുടെ ശരാശരിയാണ് ഇത്തരം വിശകലനങ്ങൾക്കായി എടുക്കാറ്. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ (എൻ എസ് ഒ) കുടുംബ സാമ്പിൾ സർവെ വഴിയാണ് പങ്കാളിത്ത മുൾപ്പടെയുള്ള കാര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നത്. ഇതിന് മുഖ്യമായും രണ്ട് അളവു കോലുകളുണ്ട്. സാധാരണസ്ഥിതിയും ആഴ്ച്ചതോറുമുള്ള സ്ഥിതിയും. ഇതനുസരിച്ച് സർവേ നടത്തുന്നവർ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കുടുംബത്തിലുള്ള ആർക്കെങ്കിലും വരുമാനമുള്ള തൊഴിൽ ലഭിച്ചിട്ടുണ്ടോ എന്ന് ആരായുന്നു. അങ്ങനെയുണ്ടെങ്കിൽ അവരെ തൊഴിൽ സേനയിൽ ഉൾപ്പെടുത്തുന്നു. ഇത്തരത്തിൽ ജോലി ലഭിച്ചവർക്ക് നിശ്ചിത വേതനം ലഭിച്ചിട്ടുണ്ടോ എന്ന കാര്യവും അവർ തിരക്കുന്നു. വേതനം ലഭിച്ചവരെ തൊഴിലുള്ളവരെന്നും അല്ലാത്തവരെ തൊഴിൽരഹിതരെന്നും കണക്കാക്കുന്നു. ആഴ്ച അടിസ്ഥാനത്തിലുള്ളകണക്കെടുപ്പിനും ഇതേ രീതി തന്നെയാണ് പിൻ തുടരുന്നത്. തൊട്ടുതലേ ആഴ്ചയിൽ ജോലി ചെയ്തിരുന്നോ എന്ന കാര്യമാണ് സർവ്വെയുടെ ഭാഗമായി തിരക്കുന്നത്. ഇതിൽ ആഴ്ച്ച തോറുമുള്ള വിവര ശേഖരണമാണ് കൂടുതൽ പ്രായോഗികമായ രീതി. കാരണം, തൊഴിലിന്റെ കാര്യത്തിൽ അവരുടെ അനുഭവങ്ങൾ പെട്ടെന്ന് ഓർത്തെടുത്ത് ഉത്തരം നല്കാൻ കഴിയുന്നുവെന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എൻ എസ് ഒ തൊഴിൽ മേഖലയെ കുറിച്ചുള്ള ത്രൈമാസ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു.

ഇന്ത്യയിലെയും കേരളത്തിലെയും തൊഴിൽ മേഖല സംബന്ധിച്ച ശരാശരി കണക്കുകൾ പട്ടിക ഒന്നിൽ നൽകിയിരിക്കുന്നു. പ്രായം, ലിംഗം, ഗ്രാമീണ, നഗര വ്യത്യാസം എന്നിങ്ങ

***കേരളത്തിൽ നഗരമേഖലയിൽ ജോലി ലഭിക്കുന്നവരുടെ എണ്ണത്തിൽ നിന്നും വലിയ തോതിലുള്ള വ്യത്യാസം ഗ്രാമീണ മേഖലയിൽ കണ്ടു വരുന്നില്ല. നഗരങ്ങളിൽ തൊഴിൽ ലഭിക്കുന്നവരുടെ പങ്കാളിത്തം പ്രായേണ കുറവാണ് എന്ന് കാണാം. അതായത്, നഗരവൽക്കരണം കേരളത്തിൽ തൊഴിൽ ലഭ്യതയുടെ കാര്യത്തിൽ വലിയ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ല എന്നാണ് ഇത് കാണിക്കുന്നത്. തൊഴിൽ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം ഉയർത്തുന്ന കാര്യത്തിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ പോലെ തന്നെ ഇവിടെയും ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കോവിഡ് മഹാമാരിയുടെ ഘട്ടത്തിലെ ത്രൈമാസ കണക്കുകൾ നോക്കുമ്പോൾ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തവും ഇടിയുന്നതായി കാണാം.***

നെയാണ് ഈ പട്ടിക തയാറാക്കിയിരിക്കുന്നത്. ഇത് ചില നിരീക്ഷണങ്ങളിലേക്കും നിഗമനങ്ങളിലേക്കും നമ്മെനയിക്കുന്നു. വിവിധ പ്രായക്കകാരുടെ ഗ്രൂപ്പുകളെ പരിഗണി ക്കുമ്പോൾ ഗ്രാമീണ മേഖലയിൽ നഗര മേഖലയെക്കാൾ തൊഴിലാളി പങ്കാളിത്തം കൂടുതലാണെന്ന് കാണാം. വരുമാനമുള്ള ജോലിയുടെ കാര്യത്തിൽ ഗ്രാമമെന്നോ, നഗരമെന്നോ വ്യത്യാസമില്ലാതെ പുരുഷന്മാർക്ക് സ്ത്രീകളെക്കാൾ ഇരട്ടി തൊഴിൽ പങ്കാളിത്തം ലഭിക്കുന്നുണ്ട്. മറ്റു പല രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിൽ തൊഴിൽ രംഗത്ത് വനിതാ പ്രാധിനിത്യം നന്നെ കുറവാണെന്ന് കാണാം. ഇതിന്റെ കാരണം കണ്ടെത്തുക പലപ്പോഴും വിഷമകരമാണ്. സാമ്പത്തിക ഘടകങ്ങൾ പരിഗണിക്കാതെ സാംസ്കാരികവും സാമൂഹ്യവുമായ കാരണങ്ങളാണ് ഇതിന് പിന്നിലെന്നാണ് പൊതുവെ പറയുന്നത്. കൂടുതൽ വ്യക്തമായ വിശദീകരണം ഇക്കാര്യത്തിൽ ആവശ്യമാണ്.

ഇനി ലിംഗം, പ്രായപരിധി തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ നോക്കാം. 15നും 59 നുമിടയിൽ പ്രായമുള്ള പുരുഷന്മാരുടെ തൊഴിൽ മേഖലയിലെ പങ്കാളിത്തത്തിന് നഗര–ഗ്രാമീണ ഭേദമില്ലെന്ന് കാണാം. ലോകത്തെ ഇതര രാജ്യങ്ങളുടേതിന് സമാനമാണ് കാര്യങ്ങൾ. എന്നാൽ സ്ത്രീകളുടെ കാര്യത്തിൽ സ്ഥിതിഭിന്നമാണെന്ന് മാത്രമല്ല, മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിൽ തൊഴിൽ

**Table 1.** Labour force participation rate (LFPR) according to usual status (ps+ss), 2017-18, 2018-19, and 2019-20, in per cent

| Sl. No | Age Group | Rural | | | Urban | | | Rural | | | Urban | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Male | Female | Person | Male | Female | Person | Male | Female | Person | Male | Female | Person |
| | | All India 2019 - 20 | | | | | | Kerala 2019 - 20 | | | | | |
| 1 | 15-29 Years | 60.8 | 20.7 | 41.3 | 58.3 | 20.3 | 40.0 | 55.6 | 26.2 | 40.9 | 52.9 | 25.4 | 38.8 |
| 2 | 15-59 Years | 81.5 | 35.4 | 58.5 | 80.6 | 25.7 | 53.5 | 80.6 | 39.8 | 58.4 | 79.1 | 33.5 | 54.6 |
| 3 | 15 Years and above | 77.9 | 33.0 | 55.5 | 74.6 | 23.3 | 49.3 | 73.6 | 35.1 | 52.8 | 69.8 | 28.6 | 47.7 |
| 4 | All Ages (0+) | 56.3 | 24.7 | 40.8 | 57.8 | 18.5 | 38.6 | 57.9 | 29.4 | 42.9 | 54.9 | 23.2 | 38.1 |

*SPB(2022) Table 7.1.1*

**Table 2.** Labour force participation rate (LFPR) (in per cent) according to current weekly status for Kerala and India in Urban areas 2020-2021

| Age group: All | Male | | | | | Female | | | | |
|---|---|---|---|---|---|---|---|---|---|---|
| | Jan-March 2020 | Apr-June 2020 | Jul-Sep 2020 | Oct-Dec 2020 | Jan-March 2021 | Jan-March 2020 | Apr-June 2020 | July-Sept 2020 | Oct-Dec 2020 | Jan-Mar 2021 |
| Kerala | 54.80 | 52.80 | 53.10 | 53.00 | 52.30 | 21.80 | 18.20 | 20.40 | 20.50 | 20.50 |
| All India | 56.70 | 55.50 | 57.10 | 57.40 | 57.50 | 17.30 | 15.50 | 16.10 | 16.40 | 16.90 |

*Source :* Quarterly bulletin, PLFS, January-March 2022 quoted in SPB (2022)

പങ്കാളിത്തം തുലോം കുറവാണെന്നും കാണാം. ഇവിടെയും സാമൂഹ്യവും, സാംസ്കാരികവുമായ ഘടകങ്ങളാണ് ഇതിന് കാരണമായി എടുത്തുകാട്ടാറുള്ളത്. ഇക്കാര്യത്തിൽ ഗ്രാമീണ, നഗര മേഖലകൾ തമ്മിൽ പ്രകടമായ വ്യത്യാസം നിരീക്ഷിക്കാനും കഴിയില്ല. ഇതിൽ നിന്നും വ്യക്തമാകുന്ന ഒരു പ്രധാന കാര്യം, നഗരവൽകരണം കൊണ്ട് പ്രതീക്ഷിക്കുന്നത് പോലെ തൊഴിൽ മേഖലയിലെ പങ്കാളിത്തം ഉയരുന്നില്ല എന്നതാണ്. പട്ടിക ഒന്നിലെ വിവരങ്ങളിൽ നിന്ന് നമുക്ക് മനസിലാക്കാൻ കഴിയുന്ന ഒരു വസ്തുത ഇതാണ്.

രണ്ടാമത്തെ ഒരു പ്രധാന പോയിന്റ്, ശരാശരി കണക്കുകൾ പലപ്പോഴും തെറ്റിദ്ധരിപ്പിക്കുന്നതാണ് എന്നതാണ്. അതുകൊണ്ട് പട്ടിക ഒന്നിലെ തൊഴിൽ മേഖലയിലെ ലിംഗപരമായ വ്യത്യാസത്തിന്റെ കണക്കുകൾ നമുക്ക് പരിഗണിക്കാം. അഖിലേന്ത്യതലത്തിൽ എന്ന പോലെ സംസ്ഥാനത്തും തൊഴിൽ രംഗത്തെ സ്ത്രീപങ്കാളിത്തം കുറവാണ് എന്ന് കാണാം. കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ പുരുഷന്മാരുടെ കാര്യത്തിലും തൊഴിൽ, തുടർച്ചയായി കുറഞ്ഞുവെന്ന് ത്രൈമാസ കണക്കുകളിൽ നിന്നും വ്യക്തമാകുന്നുണ്ട്. അതുകൊണ്ട് കോവിഡാനന്തര ഘട്ടത്തിലെ നമ്മുടെ പ്രധാന പരിഗണകളിലൊന്ന് തൊഴിൽ ലഭ്യതയിലെ വളർച്ച എന്നതാ യിരിക്കണം. സ്ത്രീകളുടെയും പുരുഷൻമാരുടെയും തൊഴിൽ മേഖലയിലെ പങ്കാളിത്തം ഉയർത്തുക എന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടത് ഏറെ പ്രാധാന്യമുള്ള ഒരു കാര്യമാണ്.

കോവിഡാനന്തര ഘട്ടത്തിൽ സ്ത്രീകൾക്ക് വേതനം ഉറപ്പാക്കുന്ന വിധത്തിലാണ് തൊഴിലവസരങ്ങൾ ഉയർത്തേണ്ടത്. കേരളത്തിൽ ഇക്കാര്യത്തിൽ നഗര – ഗ്രാമീണ വേർതിരിവ് അത്രമേൽ പ്രകടമല്ല. എന്നാൽ

***തൊഴിൽ രംഗത്തെ തിരിച്ചുവരവാണ് കോവിഡിന് ശേഷമുള്ള ഘട്ടത്തിലെ നമ്മുടെ പ്രധാനപ്പെട്ട ആശങ്ക. നൈപുണ്യം ആവശ്യമായ മേഖലകളിൽ കൂടുതൽ വനിതകളെ കൊണ്ടുവരിക എന്നതാണ് നമ്മുടെ പ്രധാന ഫോക്കസ്. അതോടൊപ്പം നൈപുണ്യം താരതമ്യേന കുറവായതും ഇടത്തരത്തിൽ ആവശ്യമായതുമായ രംഗങ്ങളിൽ സ്ത്രീകളുടെ നിലവിലുള്ള പങ്കാളിത്തം ഉയർത്തുകയും വേണം.***

**Table 3.** Organized sector employment in Kerala - Men and Women in public and private sectors

| Year | Public Sector | | | Private Sector | | | Total: Organised Sector (Public & Private) | | |
|---|---|---|---|---|---|---|---|---|---|
| | Men | Women | Total | Men | Women | Total | Men | Women | Total |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 2005 | 427214 | 187648 | 614862 | 262863 | 262048 | 524911 | 690077 | 449696 | 1139773 |
| 2010 | 418229 | 194884 | 613113 | 249491 | 252911 | 502402 | 667720 | 447795 | 1115515 |
| 2011 | 421388 | 191203 | 612591 | 245237 | 253597 | 498834 | 666625 | 444800 | 1111425 |
| 2012 | 392118 | 184624 | 576742 | 247990 | 264097 | 512087 | 640108 | 448721 | 1088829 |
| 2013 | 383436 | 181892 | 565328 | 247796 | 275038 | 522834 | 631232 | 456930 | 1088162 |
| 2014 | 385965 | 193407 | 579372 | 265859 | 284515 | 550374 | 651824 | 477922 | 1129746 |
| 2015 | 378059 | 192856 | 570915 | 196625 | 370143 | 566768 | 574684 | 562999 | 1137683 |
| 2016 | 378065 | 186865 | 564930 | 295033 | 315044 | 610077 | 673098 | 501909 | 1175007 |
| 2017 | 370909 | 189234 | 560143 | 293290 | 320006 | 613296 | 664199 | 509240 | 1173439 |
| 2018 | 363982 | 189942 | 553924 | 324301 | 335752 | 660053 | 688283 | 525694 | 1213977 |
| 2019 | 366812 | 193807 | 560619 | 344004 | 342877 | 686881 | 710816 | 536684 | 1247500 |
| 2020 | 361695 | 193224 | 554919 | 331294 | 368153 | 699447 | 692989 | 561377 | 1254366 |

*Source :* Economic Review, 2020, Vol 2, P 309, State Planning Board, Government of Kerala

സ്ത്രീകൾ ജോലിക്ക് പോകുന്നതിന് വിഘാതം സൃഷ്ടിക്കുന്ന ഒരു പൊതുബോധം സംസ്ഥാനത്ത് ഇന്നും ശക്തമാണ്. നൈപുണ്യം ആവശ്യമുള്ള തൊഴിൽ മേഖലകളിലേക്ക് സ്ത്രീകളെ ഉയർത്തിക്കൊണ്ട് വരേണ്ടതുണ്ട്. ആ ദിശയിൽ തന്നെയാണ് കേരളം നീങ്ങുന്നത് എന്നത് ശുഭസൂചകമാണ്. വൈജ്ഞാനി കാധിഷ്ഠിത മേഖലകളിൽ വനിതാ പങ്കാളിത്തം ഉയർത്തുന്ന തരത്തിലുള്ള ആസൂത്രണമാണ് സംസ്ഥാനം ഇപ്പോൾ നിർവഹിച്ചു വരുന്നത് (എസ് പി ബി, ഐസക്–2022). എന്നാൽ കുറഞ്ഞ തോതിൽ നൈപുണ്യം ആവശ്യമായ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം ഉയർത്തുന്നതിനാണ് സംസ്ഥാനം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് എന്നാണ് എന്റെ അഭിപ്രായം. കൂടുതൽ യാഥാർഥ്യബോധത്തോടെയുള്ള ഒരു സമീപനം ഇതായിരിക്കും.

പൊതുവെ നോക്കുമ്പോൾ സ്ഥിരമായതും വരുമാനം, ഇതര ആനുകൂല്യങ്ങൾ എന്നിവ ഉറപ്പായതുമായ സംഘടിത മേഖലയിലെ തൊഴിലിനോടാണ് മലയാളിക്ക് കൂടുതൽ ആഭിമുഖ്യം. നിലവിലെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ മൊത്തം തൊഴിലിന്റെ കേവലം 10 ശതമാനം മാത്രമാണ് ഈ ഗണത്തിൽ വരുന്നത്. കേരളത്തിലും സ്ഥിതി അത്ര ഭിന്നമല്ല. 90 ശതമാന ത്തിലധികം

***കൃത്യമായ വേതനവും ആരോഗ്യ സംരക്ഷണം അടക്കമുള്ള ഇതര ആനുകൂല്യങ്ങളും ലഭിക്കുന്ന തരത്തിൽ സംഘടിത മേഖലയിൽ കൂടുതൽ തൊഴിൽ സജ്ജമാക്കുക എന്നതാണ് മികച്ച നേട്ടമായി കാണുന്നത്. എന്നാൽ, ഇന്ത്യയിലെ മൊത്തം തൊഴിലെടുക്കുന്നവരുടെ കൂട്ടത്തിൽ 10 ശതമാനത്തിൽ താഴെ മാത്രമാണ് സംഘടിത വിഭാഗത്തിൽ ഉൾപ്പെടുന്നത്. കേരളത്തിലും ഇതിന് കാര്യമായ മാറ്റമില്ല.***

***സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം കുറയുന്ന പ്രവണത കാണുന്നുണ്ട്. ഇക്കാര്യത്തിൽ സ്വകാര്യ മേഖലയിൽ തൊഴിലിന്റെ എണ്ണം കൂടുന്നുണ്ടെങ്കിലും പൊതുമേഖലയിൽ ഇത് മാറ്റമില്ലാതെ തുടരുകയാണ്. പൊതുമേഖലയിൽ ജോലി തേടുന്നവരുടെ എണ്ണത്തിൽ ഉണ്ടായിരിക്കുന്ന പെരുപ്പം ആശങ്കയുണർത്തുന്നതാണ്.***

പേരും പണിയെടുക്കുന്നത് സംഘടിത മേഖലക്ക് പുറത്താണ്. പട്ടിക മൂന്നിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക റിവ്യൂവിൽ നിന്നുമുള്ള കണക്കു കളാണ് ഇതിനാധാരം. രണ്ടാം ലോക മഹായുദ്ധാനന്തരമുണ്ടായ ഒരു തൊഴിൽ സംസ്കാരമാണ് ഇതെന്ന് നമുക്ക് കാണാൻ കഴിയും. പക്ഷെ പുതിയ കാലഘട്ടത്തിൽ ഈ രീതി പ്രായോഗികമല്ലാത്ത ഒന്നായി മാറുകയാണ്.

ഇവിടെ കാര്യം കണക്കിലെടുക്കേണ്ടതുണ്ട്. തൊഴിലിന്റെ കാര്യത്തിൽ സംഘടിത മേഖലയിൽ പ്രകടമായ വളർച്ച ഉണ്ടാകുന്നില്ല എന്നതാണ് അത്. 1.25 ദശലക്ഷം പേരാണ് ഇത്തരത്തിൽ ജോലി ചെയ്യുന്നത്. പക്ഷെ ഇവരുടെ എണ്ണത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി കാര്യമായ വർദ്ധനയുണ്ടാകുന്നില്ല. ഈ മേഖലയിൽ ജോലി ലഭിക്കുന്നതിനുള്ള താൽപര്യം വർധിക്കുന്നതായും കാണാം. പൊതു മേഖലയിൽ തൊഴിലവസരങ്ങൾ കാര്യമായ മാറ്റമില്ലാതെ തുടരുമ്പോൾ സ്വകാര്യ മേഖലയിലാണ് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. അതായത് സംഘടിത മേഖല തൊഴിലവസരങ്ങളുടെ കാര്യത്തിൽ വലിയ പുരോഗതി ഉണ്ടാക്കുന്നില്ല എന്ന് സാരം.

സംഘടിത മേഖലയിൽ ജോലി തരപ്പെടുത്തുന്നതിന് ആളുകൾ തള്ളിക്കയറുന്നുവെന്നതാണ് മറ്റൊരു പ്രശ്നം. 2021 ലെ കണക്കുകൾ പ്രകാരം കേരളത്തിൽ 3.8 ദശലക്ഷം യുവാക്കളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിന്റെ വിവരങ്ങൾ പട്ടിക നാലിൽ കൊടുത്തിരിക്കുന്നു. 2013–നു ശേഷം കാണുന്ന പ്രവണത സെക്കണ്ടറി തലത്തിനു മുകളിൽ വിദ്യാഭ്യാസമുള്ള തൊഴിലന്വേഷകരുടെ എണ്ണത്തിൽ ഉണ്ടായ പെരുപ്പമാണ്. പ്രത്യേകിച്ച്, സ്ത്രീകളുടെ കാര്യത്തിൽ. വാസ്തവത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവരും തൊഴിൽ രഹിതരല്ല.

തൊഴിലന്വേഷകരായ എല്ലാവർക്കും സംഘടിത മേഖലയിൽ ജോലി ലഭ്യമാക്കുക എന്നത് അസാധ്യമാണ്. കേരളത്തിൽ തൊഴിൽ വിപണിയിൽ സ്ഥിതി അത്ര ശോഭനമല്ലെന്നും മുഴുവൻ തൊഴിലന്വേഷകർക്കും സംഘടിത മേഖലയിൽ ജോലി നൽകാൻ കഴിയില്ലെന്നും നമുക്കറിയാം. ഇതിന് ബദലായി അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവർക്കും സംഘടിത മേഖലയിലേതിന് തുല്യമായ സേവനവേതന വ്യവസ്ഥകൾ ലഭ്യമാക്കാൻ കഴിയുമോ എന്ന് ആരായുകയാണ് നാം ചെയ്യേണ്ടത്. ഇത് അസാധ്യമായ ഒരു കാര്യമായി കാണാൻ കഴിയില്ല. കൂട്ടായ പ്രവർത്തനം, ശ്രദ്ധാപൂർവമുള്ള ആസൂത്രണം തുടങ്ങിയ കാര്യങ്ങളാണ് ഇതിന് വേണ്ടത്. അതുവഴി ഇത്തരമൊരു മാറ്റത്തിന് വഴി തുറക്കാൻ നമുക്ക് കഴിയും.

ഇതിനാവശ്യമായ നയപരമായ ഇടപെടലുകൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ പരമ്പരാഗത വ്യവസായ മേഖലയിൽ ആധുനികവത്കരണത്തിന്റെയും സാങ്കേ

**Table 4.** Distribution of Men and Women work-seekers in Keraia by educational level (No.of persons)

| Year end | Below SSLC | | SSLC | | Higher Secondary | | Degree | | Post Graduate | | SSLC and Above | | Total Work -seekers | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Men | Women | Men | Women | Men | Women | Men | Women | Men | Women | (Men + Women) | % of Total Work Seekers | Men | Women | Total |
| 2013 | 184554 | 249866 | 954075 | 1423557 | 246596 | 391841 | 81215 | 143262 | 15314 | 38629 | 3294489 | 88.3 | 1481773 | 2247353 | 3729126 |
| 2014 | 179999 | 218328 | 897576 | 1327795 | 304661 | 406212 | 83398 | 146647 | 15939 | 39931 | 3222159 | 89.0 | 1481593 | 2139087 | 3620680 |
| 2015 | 179199 | 220448 | 871936 | 1310509 | 277949 | 340741 | 89421 | 144347 | 15606 | 42761 | 3093270 | 88.5 | 1434319 | 2059503 | 3493822 |
| 2016 | 155669 | 212936 | 807958 | 1342402 | 275220 | 438767 | 85669 | 186529 | 16002 | 37055 | 3189602 | 89.6 | 1340704 | 2218694 | 3559398 |
| 2017 | 143835 | 205915 | 744758 | 1290111 | 288890 | 468306 | 99282 | 200063 | 16695 | 44119 | 3152224 | 90.0 | 1293699 | 2209066 | 3502765 |
| 2018 | 128461 | 192597 | 744183 | 1236770 | 299645 | 542628 | 105462 | 227443 | 19567 | 63540 | 3239238 | 91.0 | 1297512 | 2263584 | 3561096 |
| 2019 | 110313 | 174283 | 734581 | 1205397 | 314190 | 558675 | 98275 | 232066 | 20882 | 72391 | 3236457 | 91.9 | 1278483 | 2243302 | 3521785 |
| 2020 | 110555 | 158925 | 711413 | 1099340 | 311065 | 595492 | 91646 | 244194 | 25433 | 82222 | 3160805 | 92.1 | 1250388 | 2180777 | 3431165 |
| 2021* | 106959 | 139971 | 730646 | 881461 | 449632 | 928167 | 102816 | 344751 | 25433 | 121392 | 3584298 | 93.5 | 1416133 | 2416955 | 3833088 |

*Source* : Directorate of employment, Govt.of Kerala, 2021, Quoted in SPB (2022) * Until 31 August 2021

***സംഘടിത മേഖലക്ക് പുറത്തുള്ള തൊഴിലാളികൾക്കും അതിന്റെ നേട്ടങ്ങൾ നൽകുക എന്നതാണ് അഭികാമ്യമായ കാര്യം. ഇതിനാവശ്യമായ ശരിയായ നയപരമായ തീരുമാനങ്ങളിലേക്ക് എത്തിച്ചേരണം. തൊഴിൽ രംഗങ്ങളിൽ ക്രിയാത്മകമായ അഴിച്ചുപണിയാണ് വേണ്ടത്. പരമ്പരാഗത മേഖലകളിൽ ആധുനികവത്കരണവും സാങ്കേതികമായ കുതിപ്പും അനിവാര്യമാണ്.***

തിക മാറ്റങ്ങളുടെയും ഫലമായുണ്ടാകുന്ന മാറ്റങ്ങൾ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഉദ്ദേശിക്കുന്ന തരത്തിലുള്ള മാറ്റങ്ങൾ തൊഴിൽ മേഖലയിൽ കൊണ്ടു വരാൻ കഴിയൂ. ഇതിൽ പ്രായോഗിക തലത്തിൽ സംസ്ഥാനം പൂർത്തീകരിക്കേണ്ട നിരവധി കാര്യങ്ങളുണ്ട്. രണ്ടു വിധത്തി ലാണ് പ്രധാനമായും സർക്കാരിന് ഇവിടെ ഇടപെടാൻ കഴിയുക. ഒന്ന്, സപ്ലൈ സൈ ഡിലും മറ്റൊന്ന് ഡിമാൻഡ് സൈഡിലും. ഇതിൽ ആദ്യത്തെ തലത്തിൽ സംസ്ഥാന സർക്കാരിന് ഇതര സംസ്ഥാനങ്ങളെ അപേ ക്ഷിച്ച് കൂടുതൽ കാര്യക്ഷമമായി പ്രവർത്തി ക്കാൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ സാമൂഹ്യമായ ആസൂത്രണം കേൾവികേട്ട ഒന്നാണ്. നമ്മുടെ ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ ഇത് കാതലായ പരിവർത്തനം വരുത്തുകയുണ്ടായി.[3] ജന നിരക്കിൽ ഉണ്ടായ ഇടിവാണ് ഇതുകൊണ്ട് ഉണ്ടായ പ്രധാന നേട്ടങ്ങളിലൊന്ന്. ഇത് യുവാക്കളുടെ എണ്ണത്തിന്റെ കാര്യത്തിൽ വരുത്തിയ കേവലമായ മാറ്റം മാത്രമല്ല, പ്രത്യുത ശക്തമായ ഒരു തൊഴിൽസേന ഉടലെടുക്കുന്നതിനും കാരണമായിട്ടുണ്ട്. അവർക്കാവശ്യമായ തൊഴിൽ നൈപുണ്യം നൽകുന്ന കാര്യത്തിൽ കേരളത്തിന് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്ന് വിലയിരുത്താം. ഇത് ആഗോള തലത്തിലെ തൊഴിൽ സാദ്ധ്യതകൾ ചൂഷണം ചെയ്യുന്ന തിന് അവരെ പ്രാപ്തരാക്കിയിട്ടുണ്ട്. ഉയർന്നു വരുന്ന വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ യുടെ ഭാഗമായി മാറുന്നതിന് ഇത് സഹായ കരമായിട്ടുണ്ട് (ഐസക്–2022). തൊഴിൽ വിപണിയിലെ ഏറ്റവും ഉയർന്ന തലത്തി ലുള്ള സാദ്ധ്യതകൾ തേടുന്നതിന് ജനങ്ങളെ പ്രത്യേകിച്ച്, യുവാക്കളെ പ്രാപ്തരാക്കുക എന്നതാണ് ഇതിന്റെ അടിസ്ഥാന ലക്ഷ്യം. യുവാക്കൾക്ക് തൊഴിലധിഷ്ഠിതമായ പരി ശീലനം നൽകുന്ന കാര്യത്തിൽ നാം കൂടു തൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

സ്ത്രീകളുടെ കാര്യത്തിലും ഈ രംഗത്ത് ശക്തമായ ഇടപെടൽ ആവശ്യമാണ്. ഇതിനായുള്ള നിരവധി പരിശീലന കേന്ദ്ര ങ്ങൾ സംസ്ഥാനത്ത് ഇതിനകം തുറന്നിട്ടുണ്ട്. വനിതകളെ കുറിച്ച് പ്രത്യേകം എടുത്ത് പറയാൻ കാരണം തൊഴിൽ സേനയുടെ വിഷയം പരിഗണനക്ക് വരുമ്പോൾ അവരുടെ കാര്യത്തിന് പൊതുവെ വലിയ പ്രാധാന്യം കൽപിക്കപെടാറില്ല എന്നതാണ്. ഇതിന് പല കാരണങ്ങളും ചൂണ്ടിക്കാണിക്കാൻ കഴിയും. എന്നാൽ ഇത്തരത്തിൽ ലഭ്യമാകുന്ന സൗക ര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ സ്ത്രീ കൾ പൊതുവെ വിമുഖത കാണിക്കുന്നുണ്ട്. ഇത് മറികടക്കുന്നതിന് സ്റ്റൈപന്റ് ആനുകൂ ല്യങ്ങൾ ഉൾപ്പടെ നൽകുന്ന വിപുലമായ തലത്തിലുള്ള സ്കിൽ സർട്ടിഫിക്കേഷൻ പരിപാടികൾക്ക് നമ്മൾ രൂപം നൽകണം. സ്ത്രീകൾക്ക് അനുയോജ്യമായ തൊഴിൽ നൈപുണ്യ മേഖലകൾ കണ്ടെത്തുകയാണ് ഇതിനാദ്യം വേണ്ടത്. തുടർന്ന് ആറു മാസം മുതൽ ഒരു വർഷം വരെയുള്ള പരിശീലനം അവർക്ക് നൽകണം. അതിന് അംഗീകൃത

***സ്ത്രീകളെ തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റുന്നതിന് ആദ്യം വേണ്ടത് അവർക്ക് അനുയോജ്യമായ അത്തരം നൈപുണ്യ രീതികൾ കണ്ടെത്തുക എന്നതാണ്. പിന്നീട് ആറ് മാസം മുതൽ ഒരു വർഷം വരെ പരിശീലനം നൽകണം. അത് പൂർത്തിയാക്കിയാൽ സർട്ടിഫിക്കറ്റ് നൽകുന്നതോടെ ആഗോള തലത്തിൽ തന്നെ ഉചിതമായ ജോലികൾ കണ്ടെത്താൻ കഴിയുന്നതാണ്.***

സർട്ടിഫിക്കറ്റുകൾ നൽകണം. ആഗോള തൊഴിൽ വിപണികളിൽ മികച്ച തൊഴിലവസരങ്ങൾ തേടുന്നതിന് ഇത് അവർക്ക് അവസരം നൽകും.

ഇത്തരത്തിൽ സർട്ടിഫിക്കറ്റുകൾ നൽകുന്ന സ്ഥാപനങ്ങൾ നിലവിലുണ്ടെങ്കിലും അവയ്ക്ക് ഉൾക്കൊള്ളാവുന്ന ആളുകളുടെ എണ്ണത്തിൽ പരിമിതിയുണ്ട്. ആയിര കണക്കിന് പേർക്ക് നൈപുണ്യ വികസനം നൽകാൻ കഴിയുന്ന വിധത്തിൽ അവയെ വിപുലീകരിക്കേണ്ടത് ആവശ്യമാണ്. പല രീതിയിലുള്ള നൈപുണ്യം നൽകുന്ന, പരിശീലനാർത്ഥികൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്ന പരിശീലന കേന്ദ്രങ്ങളുടെ ഒരു ശ്രിംഖല വാർത്തെടുക്കുകയാണ് വേണ്ടത്. നീണ്ട കാലം ഇത്തരം പരിശീലനം നേടുന്നതിന് തക്ക സാമ്പത്തിക ശേഷി ഇല്ലാത്തത് പലരെയും കുഴക്കുന്ന കാര്യമാണ്. അതുകൊണ്ട് സാമ്പത്തികമായ സഹായം പരിശീലനാർത്ഥികൾക്ക് ലഭ്യമാക്കേണ്ടത് അവശ്യം വേണ്ട കാര്യമാണ്. അങ്ങനെ വന്നാൽ സംസ്ഥാനത്തെ നൈപുണ്യ വികസന രംഗത്ത് വലിയ മാറ്റങ്ങൾക്ക് അതു വഴി തുറക്കും. അത്തരത്തിൽ ക്രിയാത്മകമായ പരിശീലന കേന്ദ്രങ്ങളുടെ ഒരു ശ്രിംഖല സൃഷ്ടിക്കുക എന്നതാണ് സംസ്ഥാനത്തെ തൊഴിൽ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഏറ്റവും അനിവാര്യമായ ഒരു കാര്യം.

ഡിമാൻഡ് രംഗത്ത് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് നമുക്ക് നോക്കാം. സ്വകാര്യ മേഖലയിലാണ് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടേണ്ടത് എന്ന തരത്തിലുള്ള ചിന്തയിലേക്ക് നമ്മുടെ സമൂഹം പതുക്കെ രൂപപെടുകയാണ്. പൊതുമേഖല ഇക്കാര്യത്തിൽ മാറി നിൽക്കണം എന്ന ചിന്താഗതി പോലും ഇന്ന് ശക്തമാണ്. കഴിഞ്ഞ ഏതാനും ദശകങ്ങളായി കേരളത്തിൽ പൊതു മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞു വരുന്നു വെന്നത് ഒരു യാഥാർഥ്യമാണ് (പട്ടിക–3). ഇത് തിരുത്തപ്പെടേണ്ട ഒരു കാര്യമാണ്. പൊതുമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്ന സ്ഥിതിശക്തിപ്പെടുത്തേണ്ടത് ആവശ്യമായ ഒരു കാര്യമാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഇതിന് എല്ലാ വിധത്തിലും അനുകൂലമായ ഒരു സാഹചര്യവുമുണ്ട്.

തൊഴിൽ വിപണിയുടെ ഏകോപനം, നിയന്ത്രണം, മേൽനോട്ടം തുടങ്ങിയ നിരവധി മേഖലകളിൽ സർക്കാരിന് നിർണ്ണായക പങ്കാണ് വഹിക്കാനുള്ളത്. പ്രത്യേകിച്ച് തുല്യവേതനം അടക്കമുള്ള കാര്യങ്ങളിൽ. വരുമാനത്തിന്റെ കാര്യത്തിലെ നീതി പൂർവമായ വിതരണം എന്നത് സർക്കാരിന്റെ മൗലികമായ ഉത്തരവാദിത്വമാണ്. വേതന കാര്യത്തിലെ അസന്തുലിതാവസ്ഥ കുറയ്ക്കുന്നതിലൂടെ ഈ കടമ നിർവഹിക്കാൻ സർക്കാരിന് കഴിയുന്നു. ഇത്തരത്തിൽ ഉണ്ടാകുന്ന അസമത്വം രണ്ടു വിധത്തിലുള്ള കൃത്യമായ ഇടപെടൽ വഴി പരിഹരിക്കാൻ കഴിയുന്നതാണ്. ഒന്ന്, അധ്വാനത്തിന് മിനിമം

***മേൽനോട്ടം, നിയന്ത്രണം എന്നിവ ഉൾപ്പടെ തൊഴിൽ വിപണിയിൽ സർക്കാരിന് ഒരു പ്രധാന റോൾ വഹിക്കാനുണ്ട്. വിപണിയുടെ ഏറ്റവും താഴെ ശ്രേണിയിൽ വരുന്ന ജോലിക്കാർക്ക് പ്രത്യേകിച്ച് വനിതകൾക്ക് ഉയർന്ന തോതിലുള്ള മിനിമം വേതനം ഉറപ്പാക്കാൻ കഴിയണം. സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ ഉയർത്തുക വഴിയായി തൊഴിലാളികളുടെ വേതനത്തിന്റെ തോത് എല്ലാ തൊഴിൽ മേഖലകളിലും ഉയർത്തി നിർത്താൻ കഴിയണം.***

കൂലി നിർണ്ണയിക്കുക, രണ്ട്, വേതനം ലഭിക്കുന്ന തൊഴിലുകൾ കൂടുതൽ പേർക്ക് ലഭ്യമാക്കുക.

ദേശീയ തൊഴിലുറപ്പ് നിയമവും നഗര മേഖലകൾക്ക് പ്രത്യേകമായുള്ള ഇതിന്റെ രൂപാന്തരവും നയരൂപീകരണകർത്താക്കൾ കൂടുതൽ ശ്രദ്ധയോടെ വിലയിരുത്തേണ്ടുന്ന ഒന്നാണ്. കേരളത്തിൽ ഗ്രാമീണ മേഖലയിൽ സ്ത്രീകളാണ് ഈ പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ. 300 രൂപ ദിവസ വേതനത്തിൽ 100 ദിവസം ജോലി എന്നത് പുരുഷതൊഴിലാളികളെ സംബന്ധിച്ചിടത്തോളം ആകർഷണീയമായ ഒന്നല്ല. തൊഴിലുറപ്പ് പദ്ധതിയെക്കാൾ ഇരട്ടിയിലധികമാണ് കേരളത്തിൽ ദിവസക്കൂലി എന്നതാണ് ഇതിന് കാരണം. മാത്രവുമല്ല, വേതന വർദ്ധനവിന് സാധ്യതയുമുണ്ട്.[4] ഏറ്റവും താഴെ തട്ടിൽ കൂടുതൽ സ്ത്രീത്തൊഴിലാളികളെ ഉൾക്കൊള്ളിക്കുന്നതിനുള്ള ശ്രമവും ആവശ്യമാണ്. ഇതിനു പുറമെ, എല്ലാ വിഭാഗം തൊഴിലുകൾക്കും സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുക എന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. സാമൂഹ്യ ഇൻഷുറൻസ് ഫണ്ടിലേക്ക് തൊഴിലാളികളും സ്വയം തൊഴിൽ സംരംഭകരും തങ്ങളുടേതായ സംഭാവന നൽകുക എന്നതും പ്രധാനമാണ്.[5] ഇത് മികച്ച ആരോഗ്യ സംരക്ഷണം അവർക്ക് ഉറപ്പ് വരുത്തുന്നതിനുള്ള അടിസ്ഥാന ഉപാധി കൂടിയാണ്. ഇതെല്ലം ഒരു തൊഴിലാളിക്ക് ലഭിക്കുന്ന വേതനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.

സംസ്ഥാനതലത്തിൽ രൂപം നൽകുന്ന ഒരു റെഗുലേറ്ററി സംവിധാനം വഴി അത്തരം ഒരു ഇൻഷുറൻസ് ഫണ്ടിന് രൂപം നല്കാൻ കഴിയും. സാമൂഹ്യ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും ഇത് വഴിയായി നിർവഹിക്കാൻ കഴിയും. എന്തെങ്കിലും തരത്തിലുള്ള സൗജന്യ സേവനം എന്നല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്. പൂർണ്ണമായും പണം അടയ്ക്കുന്ന ഒരു ഇൻഷുറൻസ് സംവിധാനം എന്നാണ് ഉദ്ദേശിക്കുന്നത്. ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളെയും ഇതുവഴി സാമൂഹ്യ സുരക്ഷയുടെ കുടക്കീഴിലേക്ക് കൊണ്ടുവരാൻ കഴിയുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. റിട്ടയർമെന്റിന് ശേഷവും ജോലി ചെയ്യുമ്പോൾ ലഭ്യമാകുന്നതിന്റെ പകുതി വരുമാനമെങ്കിലും ലഭിക്കുന്ന ഒരു പദ്ധതിയാകണം ഇത്. അതുവഴി ആ വ്യക്തിക്ക് അന്തസ്സാർന്ന ജീവിതം നയിക്കാൻ കഴിയുക എന്നതാണ് പ്രധാനം. ഈ രണ്ടു കാര്യങ്ങളും, കുറഞ്ഞ വേതനം ഉയർത്തുക, സാമൂഹ്യ സുരക്ഷ മെച്ചപ്പെടുത്തുക എന്നിവ കേരളത്തിൽ നടപ്പാക്കാൻ കഴിയുന്നതാണ്.

തൊഴിൽ വിപണിയുടെ ഡിമാൻഡ് സൈഡിൽ സർക്കാരിന് ഇടപെടാൻ കഴിയുന്ന മറ്റൊരു മേഖല കൂടി ഇവിടെ ചൂണ്ടികാണിക്കട്ടെ. സാമൂഹ്യ മേഖലയിലെ ചെലവഴിക്കൽ വലിയ തോതിലുള്ള തൊഴിൽ സാധ്യതകളിലേക്കും വാതിൽ തുറക്കുന്ന ഒന്നാണ്. കേരളത്തിലെ ലൈഫ് മിഷൻ പദ്ധതി ഇതിന് നല്ല ഉദാഹരണമാണ്. അടുത്ത ഏതാനും

***സാമൂഹ്യമായ പദ്ധതികൾക്ക് വേണ്ടിയുള്ള ചെലവഴിക്കൽ വലിയ തോതിൽ തൊഴിലുകൾ സൃഷ്ടിക്കുന്നതിന് സഹായകമാണ്. കേരളത്തിലെ ലൈഫ് മിഷൻ പദ്ധതി ഇതിന് നല്ല ഉദാഹരണമാണ്. 20,000 കോടിയോളം രൂപയാണ് ഈ പദ്ധതി വഴി ചെലവഴിക്കുന്നത്. വിവിധ തരത്തിലുള്ള വീടുകൾ നിർമ്മിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. നൈപുണ്യം ആവശ്യമായതും അല്ലാത്തതുമായ അനവധി തൊഴിലവസരങ്ങളാണ് ഈ പദ്ധതി വഴി സൃഷ്ടിക്കപ്പെടുക.***

വർഷങ്ങളിൽ അഞ്ചു ലക്ഷം കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് നാല്ലക്ഷം രൂപ വീതം നൽകുന്ന പദ്ധതിയാണ് ഇത്. 20,000 കോടി രൂപയാണ് ഇതിനുവേണ്ടി വരുന്ന മുതൽമുടക്ക്. ഇത്തരത്തിൽ ഭീമമായ മുതൽ മുടക്ക് നടത്തുമ്പോൾ അത് കേവലം ഉദ്യോഗസ്ഥതലത്തിൽ മാത്രം നിർവ്വഹിക്കപ്പെടേണ്ട ഒന്നായി മാററുത്. മറിച്ച് ഇത് ഒരു വമ്പൻ നിക്ഷേപ സംരംഭമായിക്കൂടി മാറണം. വീട് നിർമ്മാണ സ്ഥലത്ത് കൂട്ടിയോജിപ്പിക്കാവുന്ന വിധത്തിൽ പല തരത്തിലുള്ള ഘടകങ്ങളുടെ ഉത്പാദനം കൂടി ഇതിന്റെ ഭാഗമായി ഉണ്ടാകണം. ഇത്തരം പ്രവർത്തനങ്ങൾ നൈപുണ്യമുള്ളവർക്കും അല്ലാത്തവർക്കും മികച്ച തൊഴിൽ സാധ്യത നൽകുന്ന രംഗങ്ങളായി മാറുന്നു. തൊഴിൽ മേഖലയ്ക്കു കൂടി ഉത്തേജനം നൽകാൻ കഴിയുന്ന ഇത്തരം നിരവധി സാമൂഹ്യ പദ്ധതികൾ ഇന്ന് കേരളത്തിലുണ്ടെന്ന് കാണാം.

ചുരുക്കത്തിൽ, കേരളത്തിന്റെ തൊഴിൽ മേഖല നിരവധിയായ വെല്ലുവിളികൾ നേരിടുകയാണ്. കൃത്യമായ വീക്ഷണം, ദീർഘകാലാടിസ്ഥാനത്തിലുള്ള ആസൂത്രണം തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ വെല്ലുവിളികൾ നമുക്ക് മറികടക്കാൻ കഴിയൂ. ഇതിനായി സാമൂഹ്യസുരക്ഷാ മേഖലയിൽ സംസ്ഥാനം നിക്ഷേപത്തിന്റെ തോത് ഉയർത്തേണ്ടതുണ്ട്. സർക്കാരിന് ഇക്കാര്യത്തിൽ ഇടപെടാൻ കഴിയുന്ന ഏതാനും മേഖലകൾ ചൂണ്ടിക്കാണിക്കുക മാത്രമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. ഇതിന്റെ ഒരു സാരം ഇതാണ്: കേരളത്തിന്റെ തൊഴിൽ മേഖലയുടെ വികസനവും സാമൂഹ്യമായ ചെലവഴിക്കലിന്റെ വളർച്ചയും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

■

(ഗിഫ്റ്റിന്റെ മുൻ ഡയറക്ടറും ഓണററി ഫെലോയുമാണ് ലേഖകൻ)

## End Notes

1 A descriptive account of the labour force classification followed in India is in PLFS (2019-20)

2 Perhaps the finest exposition of this long-term transformation set in the context many developed countries of the world is in Kuznets (1972)

3 For an account of the notable accomplishments of the state through social spending see Isaac (2022) and Jose (2021).

4 An updated discussion of inter-state differentials in agricultural wages and trends in wages is in Jose (2022).

5 This point is elaborated in relation to bringing more women into paid employment in Jose (2020).

## References

1 Government of Kerala (2022). *Budget Speech, 2022-23,* Finance Department.

2 Government of Kerala (2022). *Kerala Economic Review 2021, Vol. 1.* State Planning Board, Thiruvananthapuram, Kerala, India

3 Isaac T.M. Thomas (2022). *Kerala Another Possible World,* LeftWord Books, New Delhi.

4 Jose A. V. (2021). *"The Story of Social Spending - A Revisit to the Kerala Model of Development",* Part 1 and II in Kerala Economy, Issues 4 and 5, Gulati Institute of Finance and Taxation, Thiruvananthapuram, India

5 Jose A. V. (2022). *"Wage Rates in Agriculture"* in Review of Agrarian Studies, Vol. 12, No.1

6 Jose A.V. (2020). *"How Can More Women Take Up Paid Employment"* The India Forum, 12 September

7 Kuznets, Simon (1972). *Modern Economic Growth Rate, Structure and Spread, Oxford* IBH Publishing, New Delhi.

8 PLFS (2019-20). *Periodic Labour Force Survey, Report 2019-20,* posted on the website of the Ministry of Statistics and Programme Implementation, Government of India.

# നിർവഹണമാണ് സാമ്പത്തിക പ്രവർത്തനങ്ങളുടെ അടിസ്ഥാനം

ജി. വിജയരാഘവൻ

2022–23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് കൃത്യമായ ദിശാബോധം പുലർത്തുന്ന ഒന്നാണ്. ബജറ്റിൽ നിർദേശങ്ങൾ കൊണ്ടുവരുന്നതല്ല അവ സമയബന്ധിതമായി നടപ്പാക്കുക എന്നതാണ് മുഖ്യമായ കാര്യം. കാരണം, ഭരണപരമായ അനുമതികൾ ലഭിച്ചിട്ടും ഇന്നും തുടങ്ങാൻ കഴിയാത്ത നിരവധി പ്രോജക്ടുകൾ നമുക്ക് മുന്നിലുണ്ട് എന്നതാണ്.

നമുക്ക് ഐ ടി മേഖലയുടെ കാര്യമെടുക്കാം. ഇവിടെ നിർദേശങ്ങൾ നടപ്പാക്കുക എന്നതിനൊപ്പം തന്നെ പ്രാധാന്യമേറിയ കാര്യമാണ് നയപരമായ തീരുമാനമെടുക്കൽ. കേരളത്തെ ജോലി ചെയ്യുന്നതിനും ജീവിക്കുന്നതിനും പര്യാപ്തമായ മികച്ച ഒരിടമാക്കി മാറ്റുകയാണ് പ്രാഥമികമായി വേണ്ടത്. അങ്ങനെയായാൽ ആളുകൾ കേരളത്തെ തേടി വരാൻ തുടങ്ങും. ഇതിന് നമുക്ക് മാറ്റം ആവശ്യമാണ്, പ്രത്യേകിച്ച് നമ്മുടെ മാനസികമായ നിലപാടുകളിൽ. ഐ ടി മേഖലയുടെ വളർച്ച ഇനിയങ്ങോട്ട് ദ്രുതഗതിയിലായിരിക്കണമെന്നില്ല. സാധാരണ നിലയിലുള്ള വളർച്ച മാത്രമാണ് പ്രകടമാവുക. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ മുൻവർഷങ്ങളിലെ അതേതോത് ഉണ്ടാകുന്നതിനുള്ള സാദ്ധ്യതകൾ കുറവാണ്. ഐ ടി മേഖലയുടെ വളർച്ച 20 ശതമാനം എന്ന തോതിലായാൽ തൊഴിലവസരങ്ങളിൽ ഉണ്ടാകുന്ന വളർച്ച 10 മുതൽ 15 ശതമാനം വരെയാകാം. എന്നാൽ മുൻകാലങ്ങളിൽ സ്ഥിതി മറിച്ചായിരുന്നു. 20 ശതമാനം വളർച്ച പ്രകടമാക്കുമ്പോൾ 20–25 ശതമാനമായിരുന്നു തൊഴിലവസരങ്ങളുടെ കാര്യത്തിലെ വളർച്ച.

ഐ ടി രംഗത്ത് 20 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ മുന്നോട്ട് വച്ചിട്ടുണ്ട്. ഇത് കേവലം ഒരാഗ്രഹം എന്ന് മാത്രമേ കരുതാൻ കഴിയൂ. 20 ലക്ഷം തൊഴിലവസരങ്ങൾ ഐ ടി മേഖലയിൽ സൃഷ്ടിക്കുക അസാധ്യമായ ദൗത്യമാണ്. ഇന്ത്യയിലാകെ ഈ മേഖല 40 ലക്ഷം തൊഴിലവസരങ്ങളാണ് നൽകുന്നത്. അപ്പോൾ 20 ലക്ഷം പുതിയ തൊഴില വസരങ്ങൾ എന്നത് അപ്രായോഗികമായ ഒന്നാണ്. കാരണം, അഞ്ചു വർഷത്തിൽ തൊഴിലിന്റെ കാര്യത്തിൽ 50 ശതമാനം വളർച്ച രേഖപ്പെടുത്തുന്നുവെന്ന് കരുതുക. അതുമുഴുവൻ കേരളത്തിലായാൽ

***കഴിഞ്ഞ ഏതാനും വർഷങ്ങളിലേതു പോലെ ഐ ടി മേഖല മിതമായ വളർച്ച പ്രകടമാക്കും. എന്നാൽ മുൻകാലങ്ങളിലേതു പോലെയുള്ള തൊഴിൽ സൃഷ്ടിക്കൽ ഈ മേഖലയിൽ ഉണ്ടാകാൻ സാധ്യതയില്ല.***

***ഇന്ത്യയിലെ 95 ശതമാനം ഐ ടി അധിഷ്ഠിത സൗകര്യങ്ങളും സ്വകാര്യ മേഖലയിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. 5 ശതമാനത്തിൽ താഴെ മാത്രമാണ് സർക്കാർ നിർമ്മിച്ചിരിക്കുന്നത്. എന്നാൽ കേരളത്തിൽ 90 ശതമാനത്തി ലധികവും സർക്കാർ മേഖലയിലാണ്. 10 ശതമാനത്തിൽ താഴെയാണ് സ്വകാര്യ മേഖലയുടെ പങ്ക്. കേരളത്തിലെ ഐ ടി മേഖലയുടെ വളർച്ചക്ക് വിഘാതമായ ഒരു ഘടകം ഇതാണ്. വാടക തുടങ്ങിയ കാര്യങ്ങളിൽ സർക്കാർ സംവിധാനത്തിന് ആവശ്യമായ വഴക്കം ഇല്ലായെന്നത് പോരായ്മയാണ്.***

പോലും ഈ ലക്ഷ്യം കൈവരിക്കുക ദുഷ്കരമാണ്. വൈജ്ഞാനിക സമ്പദ്വ്യവസ്ഥയുടെ കാര്യമെടുത്താൽ അത് ഐ ടി മേഖലയുമായി മാത്രം ബന്ധപ്പെട്ടതാണ് എന്നാണ് ഒരു പൊതുധാരണ. എന്നാൽ വൈജ്ഞാനിക സമ്പദ്വ്യവസ്ഥ എന്നത് ഐ ടി മേഖല മാത്രമല്ല. ഐ ടി മേഖല ഇതിനായുള്ള ഒരു ഉപകരണം മാത്രമാണ്. ഇക്കാര്യത്തിൽ നമുക്ക് വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകേണ്ടതുണ്ട്. ഇവിടെ തൊഴിലവസരങ്ങൾ എങ്ങനെയാണ് സൃഷ്ടിക്കപ്പെടുന്നത് എന്നതിനെ കുറിച്ച് ചിന്തിക്കേണ്ടതുണ്ട്.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ നിലവിലുള്ള ഐ ടി പാർക്കുകൾക്ക് കൂടുതൽ പണം അനുവദിക്കുന്നതിനുള്ള ബജറ്റ് നിർദേശം സ്വാഗതാർഹമായ ഒന്നാണ്. കണ്ണൂരിൽ പുതിയ പാർക്ക് തുടങ്ങാനുള്ള നീക്കവും ശ്ലാഘനീയമാണ്. എന്നാൽ ഐ ടി ഇടനാഴിയിൽ 20 പാർക്കുകൾ ആരംഭിക്കും എന്ന നിർദേശത്തിൽ എനിക്ക് ആശങ്കയുണ്ട്. കാരണം ഇതിന് മുൻപുള്ള ഒരു അനുഭവം നമ്മുടെ മുന്നിലുണ്ട്. പഞ്ചായത്ത്, മുനിസിപ്പൽ ഫണ്ടുകൾ ഉപയോഗിച്ച് പലയിടത്തും ഐ ടി പാർക്കുകൾ ആരംഭിച്ചു. ഇതെല്ലാം പരാജയമായി മാറുകയായിരുന്നു. കടക്കൽ, കുണ്ടറ, ചേർത്തല എന്നി വിടങ്ങളിൽ ഇത്തരത്തിൽ പാർക്കുകൾ തുറന്നു. ഇവയ്ക്കൊന്നും കാര്യമായ ചലനം സൃഷ്ടിക്കാൻ കഴിഞ്ഞില്ല എന്നതാണ് വസ്തുത. അതുകൊണ്ട് പുതുതായി 20 പാർക്കുകൾ എന്ന നിർദേശത്തെ വളരെ കരുതലോടെ മാത്രം നടപ്പാക്കേണ്ട ഒന്നാണ് എന്നാണ് ഞാൻ വിലയിരുത്തുന്നത്. ഇന്ത്യയിൽ 95 ശതമാനം ഐ ടി സൗകര്യങ്ങളും വികസിപ്പിച്ചിരിക്കുന്നത് സ്വകാര്യ മേഖലയിലാണ്. വിദേശത്തും അത് അങ്ങനെയാണ്. സർക്കാർ മേഖലയിൽ അഞ്ചു ശതമാനത്തിൽ താഴെ മാത്രമാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്തെ ഐ ടി സ്പേസിന്റെ 90 ശതമാനവും സർക്കാരാണ് നിർമിച്ചിരിക്കുന്നത് എന്ന പ്രത്യേകതയുണ്ട്. 10 ശതമാനം മാത്രമാണ് സ്വകാര്യ മേഖലയുടെ സംഭാവന. സർക്കാർ സ്ഥാപനങ്ങളിൽ നടപടിക്രമങ്ങളിൽ വഴക്കം കുറവായിരിക്കും എന്ന് നമുക്ക് അറിയാം. കേരളത്തിൽ ഐ ടി മുന്നേറ്റത്തിന്റെ വേഗത കുറയാനുണ്ടായ ഒരു പ്രധാന കാരണമിതാണ്. അതേസമയം ഒരു റിയൽ എസ്റ്റേറ്റ് കമ്പനിയാണ് ഐ ടി പാർക്ക് നടത്തുന്നതെങ്കിൽ ആദ്യ രണ്ടു വർഷം വാടക ഇല്ലാതെ ഐ ടി കമ്പനികൾക്ക് പ്രവർത്തനാനുമതി നല്കാൻ പ്രയാസമില്ല. എന്നാൽ ടെക്നോപാർക്ക് സി ഇ ഒ ഇത് ചെയ്താൽ അത് ആഡിറ്റ് ഒബ്ജക്ഷനാകും എന്ന് മാത്രമല്ല പല തലങ്ങളിൽ അദ്ദേഹത്തിന് മറുപടി നൽകേണ്ടതായും വരും. പാർക്കുകൾ സർക്കാർ പണിയുന്നത് നല്ല കാര്യമാണ്. അത് തുടരുകയും വേണം. എന്നാൽ അതിന്റെ മാർക്കറ്റിംഗ് സ്വകാര്യ മേഖലയെ

***തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ ഐ ടി പാർക്കുകൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്നത് നല്ല നീക്കമാണ്. കണ്ണൂരിൽ പുതിയ പാർക്ക് നിർമ്മിക്കുന്നതും സ്വാഗതാർഹമാണ്. ഐ ടി ഇടനാഴിയിൽ 20 പുതിയ പാർക്കുകൾ എന്ന പ്രഖ്യാപനത്തിൽ ആശങ്കയുണ്ട്.***

ഏൽപിക്കുന്നതാണ് അഭികാമ്യം. തോട്ടം മേഖലയിൽ വ്യത്യസ്ത വിളകൾ കൃഷി ചെയ്യുന്നതിന് ബജറ്റിൽ അനുമതി നൽകിയത് നല്ല നിർദ്ദേശമാണ്. ഒരു ഏക്കർ റബ്ബർ കൃഷിയിൽ നിന്ന് ലഭിക്കുന്ന വരുമാനം ഒരു ലക്ഷം രൂപയാണ്. ഏക്കറൊന്നിന് ഒരാൾക്കാണ് ഇതുവഴി ജോലി ലഭിക്കുന്നത്. എന്നാൽ റംബുട്ടാൻ കൃഷി ചെയ്യുമ്പോൾ ആറ് ലക്ഷം രൂപ വരുമാനവും ഏഴെട്ട് പേർക്ക് നേരിട്ട് ജോലിയും ലഭിക്കുന്നു. പരോക്ഷമായും നിരവധി പേർക്ക് ഇത്തരം കൃഷികൾ ജോലി നൽകുന്നു. ഇവിടെ പണിയെടുക്കുന്ന തൊഴിലാളികൾ അവർ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവരായാലും സംസ്ഥാനത്ത് പണം ചെലവഴിക്കുന്നു. ഇത് സാമ്പത്തിക വളർച്ചക്ക് സഹായകമാകുന്നു. ഇത്തരം കൃഷികളിൽ മൂല്യവർദ്ധനവിനുള്ള സാദ്ധ്യതകൾ കൂടുതലാണ്. കേരളത്തിൽ ലഭ്യമാകുന്ന ഉത്പന്നങ്ങൾ ഉപയോഗിച്ച് മൂല്യ വർദ്ധനവിന് ബജറ്റ് മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ ഏറെ സ്വാഗതാർഹമാണ്. വൈൻ, വിദേശ മദ്യം ഉൾപ്പടെയുള്ള ഉത്പന്നങ്ങളുടെ നിർമാണത്തിലേക്ക് കടക്കാവുന്നതാണ്. തീർച്ചയായും ഇത്തരം പദ്ധതികൾ ഉണ്ടാക്കുന്ന മാറ്റം കേരളത്തിന്റെ വളർച്ചയിൽ ഏറെ നിർണ്ണായകമാണ്.

ഐ ടി മേഖലയിലെ 20 ലക്ഷം പുതിയ തൊഴിലവസരങ്ങളുടെ കാര്യത്തിൽ വരുന്ന മറ്റൊരു പ്രധാനകാര്യം അത്തരത്തിൽ ജോലിക്ക് നിയോഗിക്കാൻ കഴിയുന്ന യോഗ്യതയുള്ള 20 ലക്ഷം പേർ ഇവിടെ ഉണ്ടോ എന്നതാണ്. ഇല്ല എന്ന് തന്നെയാണ് ഉത്തരം. ഇത്തരത്തിൽ നൈപുണ്യമുള്ളവരാക്കാൻ കഴിയുമോ എന്ന ചോദ്യത്തിനും ഇല്ല എന്ന് തന്നെയാണ് ഉത്തരം. ഉന്നത വിദ്യാഭ്യാസ മേഖലയിലെ കുറവുകൾ തന്നെയാണ് ഇവിടെ പ്രശ്നം. പ്രതീക്ഷയുളവാക്കുന്ന ചില മാറ്റങ്ങൾ ഉന്നത വിദ്യാഭാസ രംഗത്ത് സംഭവിക്കുന്നുണ്ടെങ്കിലും മാറ്റം ഒരു സുപ്രഭാതത്തിൽ കൊണ്ടുവരാൻ കഴിയുന്ന ഒന്നല്ല. ജോലി ലഭ്യമാക്കുക എന്നതിനപ്പുറം അതുളവാക്കുന്ന ഫലങ്ങളാണ് യഥാർത്ഥത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയുടെ മേന്മ നിർണ്ണയിക്കുന്നത്.

നൈപുണ്യ വികസനത്തിനുള്ള പാർക്കുകൾ സജ്ജമാകുന്നുണ്ട്. 'അസാപ്പ്' പ്രവർത്തനം തുടങ്ങുമ്പോൾ അതിന്റെ ഭാഗമാകാൻ എനിക്ക് കഴിഞ്ഞിരുന്നു. ഇത്തരം സ്ഥാപനങ്ങളെയെല്ലാം വിലയിരുത്തേണ്ടത് അവ സമൂഹത്തിൽ ഉണ്ടാക്കുന്ന ഫലത്തെ ആശ്രയിച്ചായിരിക്കണം. മുൻകാലങ്ങളിൽ നടന്നു വന്നിരുന്നത് ഏതാനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നത് മാത്രമാണ്. അതിൽ എത്ര പേർക്ക് ജോലി ലഭിച്ചു എന്നത് പരിശോധനയ്ക്ക് വിധേയ

***ഐ ടി മേഖലയിൽ 20 ലക്ഷം പേർക്ക് തൊഴിൽ വാഗ്ദാനം ചെയ്യുമ്പോൾ ജോലി നൽകാവുന്ന അത്രയും പേർ ഉണ്ടോ എന്നത് ചോദ്യചിഹ്നമാണ്.***

***അസാപ് പദ്ധതിയോ അല്ലെങ്കിൽ ഇതര നൈപുണ്യ പാർക്ക് പദ്ധതിയോ നടപ്പാക്കുന്നത് അവ നൽകുന്ന ഫലത്തെ അടിസ്ഥാനമാക്കി വേണം.***

മായിട്ടില്ല. ഇത്തരം പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നവർ പലരും പിന്നീട് ഉന്നത ബിരുദ പഠനത്തിലേക്കും മറ്റും വഴി മാറുകയാണ് ചെയ്യുന്നത്. അതുകൊണ്ട് പരിശീലനം നേടിയവരിൽ എത്ര പേർക്ക് ജോലി ലഭിച്ചു എന്നതിനെ അടിസ്ഥാനമാക്കി വേണം അത് നൽകുന്ന സ്ഥാപനങ്ങൾക്ക് പ്രതിഫലം നൽകാൻ. ഫലത്തെ അടിസ്ഥാനമാക്കിയായിരിക്കണം നമ്മൾ ഇത്തരം മേഖലകളിൽ മാറ്റം കൊണ്ടുവരാൻ. അതിനായി ചെലവഴിച്ച പണത്തെ അടിസ്ഥാനമാക്കിയാകരുത്. അതുവഴി തൊഴിൽ ലഭിക്കുന്നുണ്ടോ എന്നതിനാണ് ഉയർന്ന പരിഗണന നൽകേണ്ടത്. സാമ്പത്തിക ചലനങ്ങളെ അത് എത്രമാത്രം സ്വാധീനിക്കുന്നു എന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. എങ്കിൽ മാത്രമേ സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായകമായ ആ വമ്പൻ മാറ്റം കൊണ്ട് വരാൻ കഴിയൂ.

■

(സംസ്ഥാന ആസൂത്രണ ബോർഡിന്റെ മുൻ അംഗവും ഗിഫ്റ്റിന്റെ ഓണററി ഫെലോയുമാണ് ലേഖകൻ)

## References

1. Government of Kerala (2022). B*udget Speech,* 2022-23, Finance Department.
2. Government of Kerala (2022). *Economic Review,* 2021 Volume 1, Kerala State Planning Board. Thiruvananthapuram.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 3
ജൂലൈ–ആഗസ്റ്റ്–സെപ്റ്റംബർ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# വളർച്ചക്കും വികസനത്തിനും ഗവേണൻസിനും അടിസ്ഥാനം വിഭവസമാഹരണം

മേരി ജോർജ്

ഭരിക്കുന്നത് ഏത് ഗവൺമെന്റായാലും വികസനം, വളർച്ച, മികച്ച ഗവേണൻസ് എന്നിവയുടെ അടിസ്ഥാനം വരുമാനം സമാഹരിക്കുക എന്നതാണ്. പൊതുവെ പരിശോധിക്കുമ്പോൾ കേരളത്തിന്റെ സ്റ്റേറ്റ് ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്റ്റ് (എസ് ജി ഡി പി) ഉയർന്ന തോതിലാണെങ്കിലും പലപ്പോഴും ഇത് റവന്യു വരുമാനത്തിലെ വളർച്ചയുമായി പൊരുത്തപ്പെടുന്നില്ല എന്ന് കാണാം. ബ്രിട്ടീഷ് ഭരണകാലം മുതൽക്ക് തന്നെ തിരുവിതാം കൂറിലും കൊച്ചിയിലും മറ്റു സംസ്ഥാനങ്ങളെയപേക്ഷിച്ച് റവന്യു വരുമാനം കുറഞ്ഞ തോതിലാണെന്ന് കാണാം. 2021–ൽ തോമസ് നിരീക്ഷിക്കുന്നത് ഇപ്രകാരമാണ്– ബ്രിട്ടീഷ് ഭരണ കാലത്ത്മിക്കവാറും സംസ്ഥാനങ്ങളുടെ വരുമാനത്തിന്റെ അടിസ്ഥാനം ഭൂമിയിൽ നിന്നുള്ള നികുതി വരുമാനമാണ്. മൊത്തം വരുമാനത്തിന്റെ മൂന്നിലൊന്ന് ഇതിൽ നിന്നുമാണ്. ഹൈദരാബാദ്, ബറോഡ എന്നീ സംസ്ഥാനങ്ങൾ 36 ശതമാനം വരുമാനവും ഇൻഡോർ 49 ശതമാനവും നേടിയിരുന്നത് ഭൂനികുതി വഴിയാണ്. അന്നത്തെ മദ്രാസ് സംസ്ഥാനം 30 ശതമാനവും ബോംബെ 27 ശതമാനവും ബംഗാൾ 25 ശതമാനവും ഈ രീതിയിൽ നേടിയിരുന്നു. എന്നാൽ തീരദേശ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് നന്നേ കുറവായിരുന്നു (തിരുവിതാംകൂർ–13.7 ശതമാനം, കൊച്ചി 12 ശതമാനം) (തോമസ് ഇ എം, 2021). ഇതിൽ നിന്നും കേരളത്തിന്റെ ഭൂനികുതി വരുമാനത്തിന്റെ മുൻകാല ചിത്രം വ്യക്തമാകുന്നുണ്ട്. ഭൂവിസ്തൃതി കുറവായ കേരളത്തിൽ ഇതിൽ നിന്നുള്ള വരുമാനത്തിന് സാധ്യത കൂടുതലാണ്. പക്ഷെ, ഇതിൽ നല്ലൊരു പങ്ക് ഇനിയും ടാപ്പ് ചെയ്യപ്പെടാതെ കിടക്കുകയാണ് എന്നതാണ് വസ്തുത. 1996 ൽ നികുതി വിദഗ്ദനായ ചെല്ലയ്യ ചൂണ്ടിക്കാണിക്കുന്നത് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വരുമാനത്തിൽ കഴിഞ്ഞ കാലങ്ങളിൽ നല്ല മുന്നേറ്റം ഉണ്ടായിട്ടുണ്ട്. പക്ഷെ ചെലവിന്റെ കാര്യത്തിൽ വളർച്ച സംഭവിച്ചത് അതിവേഗത്തിലാണ്. കെടു കാര്യസ്ഥത, ധൂർത്ത്, അഴിമതി തുടങ്ങി നിരവധി ഘടകങ്ങൾ ഇതിന് കാരണമായിട്ടുണ്ട് (പേജ് 115). തിരഞ്ഞെടുപ്പിൽ വിജയിക്കുന്നതിനായി ജനപ്രിയ പരിപാടി കൾക്കായി വാരിക്കോരി ചെലവാക്കിയത് മറ്റൊരു കാരണമാണ്. കേരളത്തിന്റെ റവന്യൂ വരുമാനത്തെ

***കേരളത്തിൽ സാധാരണ വർഷങ്ങളിൽ ജി ഡി പി വളർച്ചയുടെ തോത് ഉയർന്നതാണെന്ന് കാണാം. എന്നാൽ ഇത് സംസ്ഥാനത്തിന്റെ വരുമാന വളർച്ചയിൽ പ്രതിഫലിക്കുന്നില്ല.***

***കേരളത്തിന്റെ വരുമാന ഘടന പാവപ്പെട്ടവർക്കും അരികുവത്കരി ക്കപ്പെട്ടവർക്കും അമിത ഭാരം ഉണ്ടാക്കുന്ന തരത്തിലുള്ളതാണ്. ലഭ്യമാകുന്ന വരുമാനം സർക്കാർ സംവിധാനങ്ങളെ തീറ്റിപോറ്റുന്ന തരത്തിലാണ് ചെല വഴിക്കപ്പെടുന്നത്.***

നിരവധി കാരണങ്ങൾ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കുറവുകളുള്ള നികുതി ഘടന മുതൽ നികുതിയിൽ നിന്ന് ഒഴി വാക്കൽ, വെട്ടിപ്പ്, കഴിവ് കെട്ടതും അഴിമതി നിറഞ്ഞതുമായ നികുതി ഭരണസംവിധാനം തുടങ്ങി പല കാരണങ്ങൾ ഇതിന് പിന്നി ലുണ്ട്. നികുതി വരുമാനത്തിൽ ഒരു കുതിപ്പ് ലക്ഷ്യമിട്ടാണ് 2017 ജൂലൈ ഒന്നിന് രാജ്യത്ത് ചരക്ക് സേവന നികുതി (ജി എസ് ടി) സമ്പ്രദായം നടപ്പാക്കിയത്. 2017 ലെ ടാക്സ് എക്സ്പേർട്ട് സ്കീം സമാപ്ത്തീകരിക്കു ന്നത് ഇങ്ങനെയാണ്-ഘടന, വരുമാന കൈമാറ്റ സംവിധാനം, ഭരണ പരമായ നടപടികൾ തുടങ്ങിയ കാര്യങ്ങളിൽ വേണ്ടത്ര വ്യക്തത വരുത്താതെ ജി എസ് ടി സമ്പ്രദായം നടപ്പാക്കിയ ആദ്യരാജ്യം ഇന്ത്യയാണ് (പേജ്–168). എന്തുകൊണ്ട് ജി എസ് ടി വരുമാനം പ്രതീക്ഷിച്ച തോതിൽ നിന്ന് കുറഞ്ഞുവെന്നതിന് ഈ നിരീക്ഷ ണങ്ങൾ വ്യക്തമായ ഉത്തരം നൽകുന്നുണ്ട്.

### കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ ചിത്രം

2016 നവംബറിൽ നടപ്പാക്കിയ നോട്ട് നിരോധനം, 2017 ജൂലൈ ഒന്നിന് നിലവിൽ വന്ന ജി എസ് ടി സമ്പ്രദായം, 2017–ലെ ഓഖി ചുഴലിക്കാറ്റ്, 2018–ൽ ഉണ്ടായ മഹാപ്രളയം, നിപ്പ വൈറസിന്റെ ആക്ര മണം, 2020 ൽ പൊട്ടിപുറപ്പെട്ട് അടുത്ത വർഷവും തുടർന്ന കോവിഡ് മഹാമാരി തുടങ്ങിയ പ്രതികൂല ഘടകങ്ങൾ കേരള ത്തിന്റെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത് സമ്പദ്ഘടനയുടെ സാധാരണ നിലയിലുള്ള പ്രവർത്ത നങ്ങളെ സാരമായി ബാധിക്കുകയുണ്ടായി. റവന്യു ചെലവുകൾ ശതഗുണീഭവിച്ചപ്പോൾ റവന്യു വരുമാനത്തിൽ മുൻപെങ്ങുമില്ലാത്ത വിധ ത്തിലുള്ള ഇടിവുണ്ടായി. ജി എസ് ടി നിലവിൽ വന്നതോടെ സംസ്ഥാനതലത്തിൽ നികുതി വർധിപ്പിക്കുന്നതിന് നിയന്ത്രണം വന്നു. ജി എസ് ടി നഷ്ടപരിഹാരം ലഭിക്കു ന്നതിൽ സംഭവിച്ച കാലവിളംബം, പതി നാലാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം സംസ്ഥാനത്തിനുള്ള കേന്ദ്ര സഹായങ്ങൾ വെട്ടിക്കുറച്ചത് അടക്കമുള്ള നിരവധി കാര്യങ്ങൾ എരിതീയിൽ എണ്ണ ഒഴിക്കുന്നതിന് സമാനമായി. തിരഞ്ഞെടു ക്കപ്പെട്ട ഏതാനും വർഷങ്ങളിൽ കേരള ത്തിന്റെ റവന്യൂ വരുമാനത്തിന്റെ സ്ഥിതി നമുക്ക് പരിശോധിക്കാം.

പട്ടിക–1 കാണുക. ഇതിലെ പതിനേഴാ മത്തെ വരി ജി എസ് ഡി പിയിലെ വളർച്ച യുടെ തോതാണ് കാണിക്കുന്നത്. 2019–20 മുതൽ വളർച്ചയിൽ സംഭവിച്ച ഇടിവ് വ്യക്തമാണ്. രണ്ടാമത്തെ വരിയിൽ കാണു ന്നത് റവന്യൂ വരുമാനത്തിലെ വളർച്ചയുടെ തോതാണ്. ജി എസ് ഡി പി വളർച്ചയുടെ തോത് കുറവാണ് എന്ന് വ്യക്തമാണ്. ഒപ്പം അതിന് ഒരു ചാഞ്ചാട്ട സ്വഭാവവും കാണാം.

***റവന്യൂ വരുമാനം, റവന്യൂ ചെലവുകൾ എന്നിവയെ ജി എസ് ഡി പിയുടെ അനുപാതം എന്ന നിലയിൽ പരിശോധിച്ചാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ ആഴം തുറന്നു കാട്ടാൻ കഴിയും.***

**Table 1:** Revenue indicators and its rate of growth: Kerala (selected years in Rs. Crores)

| | Year<br>Item | 2011-12 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22<br>BE | 2021-22<br>RE | 2022-23<br>BE |
|---|---|---|---|---|---|---|---|---|---|---|
| 1 | Revenue Receipts | 380[10] | 75612 | 83020 | 92854 | 90224 | 97616.8 | 130981 | 117888 | 134097.8 |
| 2 | Revenue Receipts as % of GSDP | 10.44 | 12.27 | 11.83 | 11.88 | 10.56 | 12.2 | 14.95 | 13.7 | 13.41 |
| 3 | Rate of Growth of Revenue Receipts | 22.65 | 9.53 | 9.79 | 11.85 | -2.8 | 8.19 | 34.17 | 9.99 | 13.75 |
| 4 | States' Tax Revenue | 25719 | 42176 | 46459 | 50644 | 50323 | 47660.84 | 71833.28 | 58867.89 | 74097.8 |
| 5 | STR as % of GSDP | 7.06 | 6.84 | 6.76 | 6.4 | 6.1 | 5.96 | 8.19 | 6.52 | 7.41 |
| 6 | STR Growth Rate | 18.4 | 8.16 | 10.15 | 8.80 | -0.063 | -5.29 | 50.7 | -0.18 | 25.87 |
| 7 | States' Non-Tax Revenue | 2592 | 9700 | 11199 | 11783 | 12265 | 7327 | 14335.79 | 10038 | 11769.6 |
| 8 | STNR as % of GSDP | 0.71 | 1.57 | 1.63 | 1.5 | 1.48 | 0.92 | 1.64 | 1.11 | 1.17 |
| 9 | Rate of growth of STNR | 34.3 | 15.13 | 15.45 | 5.2 | 4.09 | -40.3 | 95.65 | -29.9 | 17.25 |
| 10 | Central Transfers | 9700 | 23735 | 25360 | 30427 | 27636.31 | 42628.68 | 44819.99 | 48982.22 | 48230.45 |
| 11 | C.T as %of GSDP | 3.37 | 4.34 | 3.69 | 3.89 | 3.35 | 5.33 | 5.11 | 5.43 | 4.82 |
| 12 | Rate of Growth of C.T | 46.25 | 9.82 | 6.84 | 19.98 | -9.17 | 54.24 | 5.14 | 9.28 | -1.53 |
| 13 | Revenue Expenditure | 46045 | 91096 | 99948 | 110316.4 | 104719.9 | 123446.3 | 147891.18 | 149803.21 | 157065.89 |
| 14 | Revenue Expenditure as % of GSDP | 14.95 | 14.8 | 14.55 | 14.11 | 12.7 | 15.43 | 16.88 | 16.6 | 15.71 |
| 15 | Revenue Deficit as %of GSDP | -2.61 | -2.51 | -2.46 | -2.21 | -1.76 | -2.51 | -1.93 | -2.57 | -2.3 |
| 16 | Gross State Domestic Product | 307906 | 616357 | 686764 | 790302 | 824374 | 799571 | 876283 | 901997 | 999642 |
| 17 | Rate of Growth in % | 11.1 | 4.76 | 11.42 | 15.1 | 4.31 | -3 | 9.6 | 2.93 | 10.82 |

*Source: Budget in Brief (Various Years)*

എന്നാൽ റവന്യൂ വരുമാനത്തിന്റെ കാര്യത്തിൽ വ്യക്തമായ ചിത്രം തെളിയുന്നില്ല. കുറഞ്ഞ ജി എസ് ഡി പി വളർച്ചയിലെ ബേസ് എഫക്റ്റ്, റവന്യു വരുമാനത്തിന്റെ കാര്യത്തിൽ പെരുപ്പിച്ച കണക്കുകളാണ് കാണിക്കുന്നത്. സംസ്ഥാന ത്തിന്റെ തനത് നികുതി വരുമാനത്തിന്റെ കൃത്യമായ വിവരങ്ങൾ (ആറാമത്തെ വരി) ലഭ്യമാകുന്നില്ല. 2018–19 ൽ ഇതിൽ 74.64 ശതമാനം ഇടിവുണ്ടായി. നോട്ട് നിരോധനവും ധൃതി പിടിച്ച് ജി എസ് ടി നടപ്പാക്കിയതും ഇതിന് കാരണമായി. എന്നാൽ 2019–20 ൽ ബേസ് എഫക്ടും സമ്പദ്ഘടനയുടെ തിരിച്ചുവരവും മൂലം ഇക്കാര്യത്തിൽ 327 ശതമാനം വളർച്ച രേഖപ്പെടുത്തി. കോവിഡ് പ്രതിസന്ധി കാരണം 2020–21 ൽ ഇത്–5.29 ശതമാനമായി. കേന്ദ്രത്തിൽ നിന്നുള്ള സഹായം 2020–21 ൽ ഉയർന്ന തോതിലാണെന്ന് കാണാം. സംസ്ഥാനം അങ്ങനെയല്ല അവകാശപ്പെടുന്നതെങ്കിലും ഇക്കാര്യം പട്ടിക ഒന്നിൽ നിന്ന് വ്യക്തമാണ്. പട്ടിക –1

ജി എസ് ഡി പി യുടെ ശതമാനം എന്ന നിലയിൽ റവന്യു വരുമാനം, ചെലവ് എന്നിവയെ പരിഗണിക്കുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തികമായ പ്രതിസന്ധി

അനാവൃതമാകുന്നത് കാണാം. റവന്യു വരുമാനം, ചെലവ് എന്നിവയിലെ അധി കരിച്ചു വരുന്ന അന്തരം വ്യക്തമാക്കുന്ന ഒരു കാര്യമുണ്ട്, സംസ്ഥാനത്തിന്റെ നിയതമായ ചെലവുകൾ അതിവേഗ ത്തിൽ ഉയരുന്നു വെന്നതാണ് അത്. 2002–ൽ പാസാക്കപ്പെട്ട ധന ഉത്തരവാദിത്വ, ബജറ്റ് മാനേജ്മെന്റ് നിയമത്തിന് (എഫ് ആർ ബി എം) വിരുദ്ധ മാണ് ഇത്. എഫ് ആർ ബി എം നിയമം കേന്ദ്ര, സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നത് റവന്യൂ കമ്മി കുറയ് ക്കണമെന്നും ധനകമ്മി ജി എസ് ഡി പി യുടെ മൂന്ന് ശതമാനമാക്കി നിയന്ത്രിക്കണ മെന്നുമാണ്. റവന്യൂ മിച്ചം കഴിയാവുന്നത്ര നിലനിർത്തണമെന്നും അത് വ്യക്തമാക്കു ന്നുണ്ട്. എന്നാൽ ജി എസ് ഡി പി യുടെ ശതമാനം എന്ന നിലയിൽ റവന്യൂ കമ്മി എപ്പോഴും ഉയർന്നുനിൽകുന്നതായി പട്ടിക 1 (പതിനഞ്ചാം വരി) ചൂണ്ടിക്കാട്ടുന്നു. സാധ്യതക്കൊത്ത് നികുതി, നികുതിയേതര വരുമാനം ഉയർത്തുന്നതിൽ സംസ്ഥാന സർക്കാരിന് സംഭവിച്ച വീഴ്ചയാണ് ഇതിന് കാരണം.

### റവന്യൂ വരുമാനം ഉയർത്തുന്നതിനുള്ള നടപടികൾ

ഇ–വേ ബിൽ സമ്പ്രദായം നടപ്പാക്കിയതിന് ശേഷവും ജി എസ് ടി നികുതിവെട്ടിപ്പ് വളരെ സജീവമാണ്. 2021ൽ കേന്ദ്ര ധന കാര്യ വകുപ്പ് 58,000 കോടി രൂപയുടെ വ്യാജ ഐ ടി സി കേസുകൾ കണ്ടെത്തുക യുണ്ടായി. 2021–22 ലെ കേന്ദ്ര ബജറ്റ്, ഐ ടി സി സമർപ്പിക്കുന്നതിനൊപ്പം ആധാർ നമ്പർ ചേർക്കണമെന്ന് നിർബന്ധമാക്കി. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ അവസാന വർഷത്തിൽ 35 കോടി രൂപയുടെ ഐ ടി സി തട്ടിപ്പ് കണ്ടെത്തുകയുണ്ടായി. പെരുമ്പാവൂർ ആസ്ഥാനമാക്കി വ്യാജ പ്ലാസ്റ്റിക് വ്യവസായ രജിസ്ട്രേഷൻ വഴി യാണ് ഈ തട്ടിപ്പ് അരങ്ങേറിയത്. ഇവിടെ വ്യാജ ആധാർ നമ്പറുകൾ ഉപയോഗി ച്ചതായി കണ്ടെത്തിയിട്ടുണ്ട്. ഐ ടി സി ക്ലെയിമിന് വേണ്ടി ട്രക്കുകകളുടെ ഫാസ്റ്റാഗ് കാറുകളിൽ ഉപയോഗിച്ചതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നെല്ലാം നികുതി വെട്ടിപ്പ് സാർവത്രികമാണെന്നും നികുതി ലക്ഷ്യം നേടുന്ന കാര്യത്തിൽ നിതാന്ത ജാഗ്രത വേണമെന്നും വ്യക്തമാകു ന്നുണ്ട്. ദേശീയ ആന്റി പ്രൊഫൈറ്റിയറിംഗ് അതോറിറ്റിയുടെ കേരള ചാപ്റ്റർ ഇക്കാര്യ ത്തിൽ എന്താണ് ചെയ്യുന്നതെന്നത് അത്ഭു തമുളവാക്കുന്ന ഒരു കാര്യമാണ്.

### നികുതി വരുമാനം ഉയർത്തുന്നതിനുള്ള ചില മാർഗ്ഗങ്ങൾ

'ഒന്നാമതായി നികുതിദായകർക്ക് നികു തിയെ പറ്റി ഒരു വിധത്തിലുള്ള അവ്യക്ത തയും ഉണ്ടാകരുത്. മുൻകാല പ്രാബല്യ ത്തോടെയുള്ള ഭേദഗതികൾ ഒഴിവാക്കണം. നികുതി ഭരണത്തിൽ കൂടുതൽ ഉത്തര വാദിത്വം പ്രകടമാകണം. സമയബന്ധിത മാവുകയും വേണം. നികുതി അഡ്മിനി സ്ട്രേഷന്റെ ഉത്തരവാദിത്വം നികുതി ദായകരിൽ നിന്നും ആവശ്യമില്ലാത്ത ഡിമാന്റുകൾ ഒഴിവാക്കുന്നതും റിക്കവറി നന്നായി ട്രാക്ക് ചെയ്യുന്നതുമായി മാറണം. നാല്, നികുതി വെട്ടിപ്പ് കൃത്യമായി കണ്ടെത്തുകയും അതിനെ പിന്തുടരുകയും വേണം. അഞ്ച്, നിയതമായ നികുതി പിരിവ് ലക്ഷ്യങ്ങൾ ഒഴിവാക്കപ്പെടേണ്ടതുണ്ട്. നികുതി ഭരണത്തിൽ സമതുലിതമായ കാഴ്ചപ്പാടിന് മുൻതൂക്കം നൽകുക എന്നതാണ് ആറാമത്തെ പ്രധാന കാര്യം

***ഉപഭോക്താക്കൾ, ഉത്പാദകർ എന്നിവരുടെ പെരുമാറ്റത്തെ നിർണ്ണായകമായി സ്വാധീനിക്കുന്ന സുപ്രധാനമായ ഒരു കാര്യമാണ് കാർബൺ നികുതിയും പരിസ്ഥിതി നികുതിയും.***

***നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ഉയർത്തുന്നതായാൽ രണ്ടു നേട്ടങ്ങൾ കാണാം. നികുതിയേതര വരുമാന മാർഗങ്ങളുടെ യുക്തിഭദ്രതയും ഒപ്പം വരുമാനത്തിലെ വർദ്ധനവുമാണ് അവ.***

'(പാർത്ഥ സാരഥി ഷോം 2017).' പെട്രോളിയം ഉത്പന്നങ്ങൾ ജി എസ് ടിക്ക് പുറത്താണെങ്കിൽ അത് ജി എസ് ടി അല്ല' എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഏറ്റവും വലിയ ഉപഭോക്തൃ സംസ്ഥാനം കേരളമാണെങ്കിലും പരോക്ഷ നികുതിയുടെ കാര്യത്തിൽ സംസ്ഥാനം ഏഴാമതാണ് (ജോസ് സെബാസ്റ്റ്യൻ). മികച്ച റവന്യൂ മാനേജ്മെന്റിലൂടെ സംസ്ഥാനം ശ്രമിക്കുന്നതായാൽ നികുതി വരുമാനം ഉയർത്തു ന്നതിന് നിരവധി വഴികളുണ്ട്.

**ഇനിയും കണ്ടെത്താത്ത നികുതി മേഖലകൾ**

'കാർബൺ നികുതിയെ കുറിച്ച് കേരളം കൂലംകഷമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതുപോലെ തന്നെയാണ് പരിസ്ഥിതി നികുതിയും (ഉദാഹരണം–കാറികൾ). രാജ ചെല്ലയ്യ, അമരേഷ് ബാഗ്ചി, വിജയ് കേൾക്കാൻ തുടങ്ങിയ നികുതിവിദഗ്ദർ അഭിപ്രായപ്പെടുന്നത് പരിസ്ഥിതി നികുതി എന്ന ആശയം നടപ്പാക്കുന്ന കാര്യത്തിൽ അമാന്തം പാടില്ല എന്നാണ്. ഇവരുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇ. അഹമ്മദ്, എൻ. സ്റ്റാൻ എന്നിവർ ഇത്തരം നികുതി പിരിവിനുള്ള ഒരു മോഡൽ അവതരിപ്പിക്കുകയുണ്ടായി. (പബ്ലിക് ഇക്കണോമിക്സ്: തിയറി ആൻഡ് പോളിസി–എസ്സേയ്സ് ഇൻ ഓണർ ഓഫ് അമരേഷ് ബാഗ്ചി – 2011 കാണുക)

അഹമ്മദ്, സ്റ്റാൻ എന്നിവർ 2011 ൽ അഭിപ്രായപ്പെട്ടത് കാർബൺ നികുതി

**Chart 1:** Non-tax resources



***കേരളത്തിന്റെ തനത് നികുതിയേതര വരുമാനവും മറ്റു സംസ്ഥാനങ്ങളുടെ നികുതിയേതര വരുമാനവും തമ്മിലുള്ള ഒരു താരതമ്യത്തിന് മൂന്നാം പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മറ്റി അതിന്റെ രണ്ടാമത്തെ റിപ്പോർട്ടിൽ ശ്രമിച്ചിട്ടുണ്ട്.***

മോഡൽ രൂപീകരിക്കുന്ന കാര്യത്തിൽ വിവിധ ഉത്പന്നങ്ങളിലും പ്രവർത്തനങ്ങളിലും എത്രമാത്രം കാർബൺ ഉണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ വേണം എന്നാണ്. വ്യത്യസ്ത സാഹചര്യങ്ങളിൽ ജനങ്ങൾക്ക്മേൽ ഇതേൽപ്പിക്കുന്ന ആഘാതം കണ്ടെത്തുകയും ഇതുമൂലം നഷ്ടം സംഭവിക്കുന്നവർക്ക് അതിന് പരിഹാരം കാണുകയും വേണം. കാർബൺ, പരിസ്ഥിതി നികുതികൾ ഉപഭോക്താക്കൾ, ഉത്പാദകർ എന്നിവരുടെ പെരുമാറ്റത്തെയും പ്രവർത്തനങ്ങളെയും നിർണ്ണായകമായി സ്വാധീനിക്കാൻ കഴിയുന്ന ഫലപ്രദമായ മാർഗങ്ങളാണ്. ഒരു വെടിക്ക് രണ്ട് പക്ഷി, നികുതി വരുമാനവും പരിസ്ഥിതി സംരക്ഷണവും എന്നതാണ് ഇതിന്റെ നേട്ടം. (പബ്ലിക് ഇക്കണോമിക്സ്: തിയറി ആൻഡ് പോളിസി– എസ്സേയ്സ് ഇൻ ഓണർ ഓഫ് അമരേഷ് ബാഗ്ചി – 2011 കാണുക).

### പരോക്ഷ നികുതി സ്രോതസുകൾ

ഗുപ്ത (2011) അഭിപ്രായപ്പെട്ടിട്ടിരിക്കുന്നത് നികുതിയേതരമായ എല്ലാ വരുമാന മാർഗങ്ങളും, മൂലധന നേട്ടം, ആസ്തി വില്പന തുടങ്ങിയവ ഉൾപ്പെടുന്നതാണ് നികുതിയേതര വരുമാനം എന്നാണ്. (എം. ഗോവിന്ദറാവു, മിഹിർ രക്ഷിത് 2011). ലോക ബാങ്ക് 2003 ൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത് 166 രാജ്യങ്ങളുടെ മൊത്തം റവന്യൂ വരുമാനത്തിന്റെ 39 ശതമാനമാണ് നികുതിയേതര വരുമാനമാണ് എന്നാണ് (ലോക ബാങ്ക് – 2003).

1957–58 മുതൽ 1960–67 വരെയുള്ള ഘട്ടത്തിൽ കേരളത്തിന്റെ നികുതിയേതര വരുമാനം മൊത്തം തനത് വരുമാനത്തിന്റെ 32.09 ശതമാനമാണ് എന്നാണ് ജോസ് സെബാസ്റ്റ്യൻ (2020) കണ്ടെത്തിയിട്ടുള്ളത്. എന്നാൽ 2007–08 മുതൽ 2016–17 വരെയുള്ള ഘട്ടത്തിൽ ഇത് 13.96 ശതമാനമായതായും അദ്ദേഹം വ്യക്തമാക്കുന്നു. ഈ കണ്ടെത്തലുകൾ സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന്റെ സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. മിക്കവാറും നികുതിയേതര വരുമാന മാർഗ്ഗങ്ങളും നികുതിദായകർ സമ്മതത്തോട് കൂടി നൽകുന്നവയാണ്. ഇവിടെ വരുമാനം എന്നത് സർക്കാർ നൽകുന്ന ഉത്പന്നങ്ങൾ, സേവനങ്ങൾ തുടങ്ങിയവയുടെ ഒരു ഉപോൽപന്നമാണ്. ആസ്തികളിൽ നിന്നുള്ള വരുമാനം, ലൈസൻസ്, പെർമിറ്റ് മുതലായവ നൽകുന്നത് വഴിയുള്ള വരുമാനം തുടങ്ങിയവ ഇതിലുൾപ്പെടുന്നു (എക്സ്പെൻഡിച്ചർ റിവ്യൂ കമ്മറ്റി, 2013). ഐ എം എഫിന്റെ 2001 ലെ ഗവണ്മെന്റ് സ്റ്റാറ്റിസ്റ്റിക്സ് മാനുവൽ വ്യക്തമാക്കുന്നത്

***കേരളത്തിന് നികുതിയേതര വരുമാന സാദ്ധ്യതകൾ കൂടുതലാണ്. കാരണം, 1) ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളുടെ വളർച്ച, 2) വിദേശത്ത് നിന്നുള്ള ഉയർന്ന വരുമാനവും നിർമ്മാണ മേഖലയിലെ ഉയർന്ന മുതൽമുടക്കും, 3) ഉയർന്ന വനവിസ്തൃതിയും വനവിഭവങ്ങളും, 4) സർക്കാർ ഭൂമിയും വാടക വർധിപ്പിക്കുന്നതിനുള്ള സാധ്യതയും.***

***ന്യൂനതകൾ നിറഞ്ഞ നികുതി ഘടന, നികുതിയൊഴിവാക്കൽ, വെട്ടിപ്പ്, അഴിമതി നിറഞ്ഞ നികുതി ഭരണക്രമം തുടങ്ങിയ കാരണങ്ങളാൽ കേരളത്തിൽ നികുതി വരുമാനത്തിൽ കുതിപ്പ് കുറവാണ്.***

സർക്കാരുകൾ തമ്മിലുള്ള ഗ്രാന്റുകൾ, തൊഴിലാളികൾ, തൊഴിലുടമകൾ എന്നിവർ നൽകുന്ന സാമൂഹ്യമായ സംഭാവനകൾ എന്നിവയും ഇതിലുൾപ്പെടുന്നു എന്നാണ്. ഏതാണ്ട് നൂറോളം ഇനങ്ങളിൽ നിന്ന് സർക്കാരിന് ഇങ്ങനെ വരുമാനം ലഭിക്കുന്നു. വരുമാനം ഉണ്ടാക്കുന്ന ആസ്തികളെ പ്രധാനമായും മൂന്നായി തരം തിരിക്കാം. ചാർട്ട് 1 ഇതിന്റെ ഏകദേശ വീക്ഷണം നൽകുന്നു.

സർക്കാർ നൽകുന്ന സേവനങ്ങളിൽ നിന്ന് ആകസ്മികമായി ഉണ്ടാകുന്ന ഉൽപന്നമാണ് പലപ്പോഴും നികുതിയേതരവരുമാനം. ഇത്തരം കാര്യങ്ങളിൽ പലപ്പോഴും ഇതിൽ നിന്നുള്ള വരുമാനം വലിയ പ്രാധാന്യമുള്ളതാകുന്നില്ല. എന്നിരുന്നാലും കൃത്യമായ നയസമീപനവും മികച്ച ഭരണവും കൂടുതൽ വരുമാനത്തിലേക്ക് നയിക്കുന്നതായി കാണാം. ഇതിൽ സംഭവിക്കുന്ന വീഴ്ച്ച കേന്ദ്രതലത്തിലും സംസ്ഥാന തലത്തിലും നികുതിയേതര വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നത് കാണാം. ഇത്തരം പരിഷ്കരണങ്ങൾ വഴിയായി വരുമാനം ഉയർത്തുന്നത് രണ്ടു ലക്ഷ്യങ്ങൾ സാധിക്കുന്നതിന് സഹായകമാകുന്നുണ്ട്, കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിന് പുറമെ ഇത് മികച്ച സേവനം എത്തിക്കുന്നതിനും സഹായകമാകുന്നു. ഓരോ സംസ്ഥാനത്തും നികുതിയേതര വരുമാനത്തിന് നൂറിലധികം വകുപ്പുകൾ സാധ്യത നൽകുന്നുണ്ട്. എന്നാൽ വരുമാനം, ഭരണപരമായ കാര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇതിനെ മൂന്നായി തരം തിരിക്കാം. എ) പൊതുവായ സേവനങ്ങൾ, ബി) സാമൂഹ്യ സേവനങ്ങൾ, സി) സാമ്പത്തിക സേവനങ്ങൾ. ഇതിനെല്ലാം പുറമെയാണ് പലിശ വരുമാനം, ലാഭം, ലാഭവിഹിതം, തുടങ്ങിയവ. ഇതിൽ നിന്നും വ്യക്തമാകുന്നത് നികുതിയേതര വരുമാനത്തിന് 36 പ്രധാന ഇനങ്ങളുണ്ട് എന്നാണ്.

മൂന്നാം പൊതുചെലവ് അവലോകന സമിതി അതിന്റെ രണ്ടാം റിപ്പോർട്ടിൽ സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തെ മറ്റു സംസ്ഥാനങ്ങളുടേതുമായി താരതമ്യം ചെയ്യുന്നുണ്ട്. 2007 നും 2011–12 നുമിടയിൽ മറ്റു സംസ്ഥാനങ്ങളുടെ ശരാശരി നികുതിയേതര വരുമാനം കേരളത്തേക്കാൾ കൂടുതലായിരുന്നു (12.61 മുതൽ 9.41 ശതമാനം വരെ). കേരളത്തിന്റെ കാര്യത്തിൽ ഇത് 12.37 ശതമാനം മുതൽ 9.32 ശതമാനംവരെയായിരുന്നു. കേരളത്തിന് നികുതിയേതര വരുമാന സാദ്ധ്യതകൾ കൂടുതലാണ്. നാലു കാരണങ്ങളാണ് ഇതിന് പിന്നിൽ. 1) മികച്ച രീതിയിൽ വികസിതമായ ആരോഗ്യ, വിദ്യാഭ്യാസ മേഖലകൾ. 2) വിദേശത്തു നിന്നുള്ള പണത്തിന്റെ വരവും തന്മൂലം നിർമ്മാണ മേഖലയിലെ വൻമുതൽമുടക്കും. 3) വിസ്തൃതമായ വനപ്രദേശവും വനത്തിൽ നിന്നുള്ള വരുമാന സ്രോതസുകളും. 4) സർക്കാർ വക ഭൂമി കുറഞ്ഞ നിരക്കിൽ പൊതുമേഖല സ്ഥാപനങ്ങൾക്ക് വാടകക്ക് നൽകിയിരിക്കുന്നു. ഇത് ഉയർത്തേണ്ടത് ആവശ്യമാണ്. ദശകങ്ങൾക്ക് മുൻപ് തോട്ടം മേഖലക്കായി ഇതുപോലെ ഭൂമി പാട്ടത്തിനു നൽകിയിരിക്കുന്നു. ഇത് ഉയർത്തേണ്ടത് വളരെ അനിവാര്യമായ ഒരു കാര്യമാണ്. 2022 ൽ കാർഷികാദായ നികുതി പിൻവലിച്ച സാഹചര്യത്തിൽ ഇത് എത്രയും പെട്ടെന്ന് നടപ്പാക്കേണ്ടതാണ്. കാലാകാലങ്ങളിൽ

ഈ നിരക്കുകൾ ഉയർത്തുകയും ഇതിലെ കുടിശിക പിരിക്കുന്ന കാര്യത്തിലും സർക്കാർതലത്തിൽ വലിയ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്. യൂസർ ചാർജുകളുടെ കാര്യത്തിലും ഇതേ പ്രശ്നമുണ്ട്. ചെല്ലയ്യ (1996) ചൂണ്ടിക്കാണിക്കുന്നത്, ഉന്നത വിദ്യാഭ്യാസം, ലൈസൻസുകൾ നൽകൽ, രജിസ്ട്രേഷൻ, പാർക്കുകൾ അടക്കമുള്ള പൊതുഇടങ്ങളുടെ പരിപാലന ചെലവുകൾ എന്നിവ വലിയ തോതിൽ ഉയർന്നിട്ടുണ്ട്. എന്നാൽ ഇവയുടെ യുസർ ഫീ അനങ്ങാതെ നിൽക്കുകയാണ്. അതു കൊണ്ട് യുസർ ചാർജുകൾ കാലോചിതമായി പരിഷ്കരിക്കണം. ഇത്തരം സേവനങ്ങൾ നൽകുന്നതിനുള്ള ചെലവുകൾ കുറയ്ക്കാൻ കഴിയണം. കാര്യക്ഷമത വർധിപ്പിച്ചും അധിക ജീവനക്കാരെ കുറച്ചും ഇത് നേടാൻ കഴിയുന്നതാണ് (ചെല്ലയ്യ–1996).

നവീനവും ഫലപ്രദവുമായ വരുമാന സമാഹാരണ വഴികൾ കേരളം തേടേണ്ടതുണ്ട് എന്നതാണ് ഏറ്റവും പ്രധാനം. ഇന്നത്തെ വരുമാന ഘടന പാവപ്പെട്ടവർക്കും അരികുവൽകരിക്കപ്പെട്ടവർക്കും അമിതഭാരം ഉണ്ടാക്കുന്നതാണ്. അതിൽ നിന്നുള്ള വരുമാനമാകട്ടെ സർക്കാർ, എയിഡഡ് മേഖലയിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റുമായി ചെലവഴിക്കപ്പെടുകയാണ്. അഴിമതിക്കാരായ രാഷ്ട്രീയക്കാരും ഇതിന്റെ പങ്ക് പറ്റുന്നവരാണ്. തെറ്റായ നികുതി ഘടന, നികുതി വെട്ടിപ്പ്, അഴിമതി നിറഞ്ഞ നികുതി ഭരണം തുടങ്ങിയ നിരവധി കാരണങ്ങളാൽ സംസ്ഥാനത്ത് നികുതി വരുമാനത്തിൽ കാര്യമായ മുന്നേറ്റം കാണുന്നില്ല. കേരളം ഉപഭോഗത്തിന്റെ കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുമ്പോൾ പരോക്ഷ നികുതിയുടെ കാര്യത്തിൽ ഇന്ത്യയിൽ ഏഴാം സ്ഥാനത്താണ് (ജോസ് സെബാസ്റ്റ്യൻ–2020). നികുതി പിരിക്കുന്നതിലെ ഗുരുതരമായ കെടുകാര്യസ്ഥതയാണ് ഇതിന് നിദാനം. ഇത്തരം കുരുക്കുകൾ മൂലം സംസ്ഥാനം ഗുരുതരമായ കടക്കെണിയിലേക്ക് വഴുതി വീഴുന്ന കാലം വിദൂരമല്ല.

■

(പബ്ലിക് എക്സ്പെൻഡിച്ചർ കമ്മറ്റിയുടെ മുൻ ചെയർപേഴ്സണാണ് ലേഖിക)

## References

1. E.M. Thomas (2021). *Collected Scientific Papers of the Pioneering Economist and Planner* P.J. Thomas; (ed.) Academic Foundation, New Delhi; 2021, p.203.
2. Chelliah (1996). *Towards Sustainable Growth: Essays in Fiscal and Financial Sector Reforms in India,* Oxford University Press, 1996; p.115.
3. Ibid. p.168.
4. Parthasarathy Shome (2017). *Development and Taxation; 60 Critical Commentaries,* Academic Foundation, New Delhi, 2017; p.171.
5. Ehtisham Ahmad and Nicholas Stern (2011). *Public Economics: Theory and Policy- Essays in Honor of Amaresh Bagehi,* (ed.) M. Govinda Rao and Mihir Rakshit; Sage, 2011, p.163-179.
6. Abhijit Banerjee, Gita Gopinath, Raghuram Rajan, Mihir S. Sharma (ed.) (2019). *"What the Economy Needs Now";* Juggernaut; 2019, p. 220.
7. Op. cit. p. 260
8. World Bank, (2003). *World Bank Development Indicators,* World Bank, Washington DC.
9. Jose Sebastian, (2020). *Kerala Dhanakaryam,* Institute of Enterprise Culture & Entrepreneurship

Development, Thiruvananthapuram, p.122.

10. Government of Kerala (2013). *Public Expenditure Review Committee; Third Committee, Second Report (2011-12)*, Finance Department, Thiruvanantha puram, p.37.

11. Government of Kerala (2022). *Budget Speech 2022 - 23*, Finance Department, Thiruvananthapuram.

12. Government of Kerala (2022). *Economic Review, 2021 Volume 1*, Kerala State Planning Board, Thiruvananthapuram.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 3
ജൂലൈ–ആഗസ്റ്റ്–സെപ്റ്റംബർ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# 2022–23 ബജറ്റിലെ വികസന സമസ്യകൾ

എം. കെ സുകുമാരൻ നായർ

കഴിഞ്ഞ ബജറ്റിൽ ഡോ. തോമസ് ഐസക് കേരളത്തിന്റെ ഭാവി വികസനത്തിന്റെ എൻജിൻ എന്ന നിലയിൽ പ്രവർത്തിക്കുന്ന വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയുടെ സമഗ്രമായ അടിസ്ഥാനത്തെകുറിച്ച് വ്യക്തമാക്കിയിരുന്നു. ആളുകൾക്ക് ഡിജിറ്റലായ കാര്യങ്ങളിൽ നൈപുണ്യം വർധിപ്പിക്കുക എന്നതല്ല വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സർവ്വകലാശാലകളിലേക്ക് കൂടുതൽ ഫണ്ട് എത്തിക്കലുമല്ല അത്. റോസ്റ്റോവിന്റെ ആശയങ്ങളോട് ചേർന്ന് നിൽക്കുന്ന ഒന്നാണ് അത്. സമൂഹത്തിന്റെ ഓരോ തട്ടിലേക്കും സാങ്കേതിക വിദ്യയുടെ പ്രസരണം ഉണ്ടാവുകയും അതുവഴി ജനങ്ങളുടെ ജീവിതനിലവാരത്തിൽ ഉയർച്ചയുണ്ടാവുകയും ചെയ്യുക എന്നതാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത് (റോസ്റ്റോ –1960). ഇവിടെ ചില ആഫ്രിക്കൻ രാജ്യങ്ങളിലെ സർവകലാശാലകളിൽ സംഭവിച്ച ചില കാര്യങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. അവിടെ സർവകലാശാലകളിലേക്ക് വൻതോതിൽ പണം ഒഴുക്കിയെങ്കിലും അത് ഉദ്ദേശിച്ച ഫലമുളവാക്കിയല്ല. ശരിയായ രീതിയിലുള്ള സ്ഥാപനങ്ങളുടെ കുറവ്, നിലവാരമുള്ള മാനവശേഷി തുടങ്ങിയ അടിസ്ഥാന ഘടകങ്ങളുടെ അഭാവമാണ് ഇതിന് കാരണം. മികച്ച ഗവേഷണത്തിന് അടിത്തറയൊരുക്കുന്ന സർവ്വകലാശാലകൾ ഇത്തരത്തിൽ ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള മുന്നുപാധിയാണ്. കേരളത്തിലെ സർവ്വകലാശാലകൾ പഠനത്തിനായി തുറന്നുവച്ചിരിക്കുന്ന വ്യാപാരകേന്ദ്രങ്ങൾ എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. അവ അറിവിന്റെ പുതിയ തലങ്ങൾ പരമാവധി പ്രയോജനമെടുത്തുന്ന, ഗവേഷണത്തിൽ ഊന്നിയുള്ള സ്ഥാപനങ്ങളായി പരിവർത്തനം ചെയ്യപ്പെടണം. ഏറ്റവും ഉയർന്ന നിലവാരത്തിൽ പ്രചോദിതരായ വിദ്യാർത്ഥികളുടെ ഒരു നിരയും അവർക്കൊപ്പം മികച്ച പരിശീലനം

***കേവലം ഡിജിറ്റൽ നൈപുണ്യം ഉയർത്തുക എന്നതല്ല വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ കൊണ്ട് ഉദ്ദേശിക്കുന്നത്. അതുപോലെ സർവകലാശാലകൾക്ക് വൻ തുകകൾ അനുവദിക്കുന്നതുമല്ല. റോസ്റ്റോവിന്റെ ആശയം വ്യക്തമാക്കുന്നത് പോലെ, പൂർണ്ണതയിലേക്കുള്ള ഒരു പരിണാമം എന്ന് അതിനെ വിശേഷിപ്പിക്കാം. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ആധുനിക സാങ്കേതിക വിദ്യയുടെ പ്രകാശം പരക്കുകയും അതുവഴി ജനങ്ങളുടെ ജീവിത നിലവാരം ഉയരുകയും ചെയ്യുന്നു എന്നതാണ് ഇതിന്റെ അടിസ്ഥാനം (റോസ്റ്റോ –1960).***

***നമ്മുടെ സർവകലാശാലകളുടെ അടിമുടിയുള്ള അഴിച്ചുപണി ഇപ്പോൾ തന്നെ വൈകിയിരിക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് അക്കാദമിക് രംഗത്തെ നായകർ എന്ന നിലയിലേക്ക് ഉയരാൻ കഴിയുന്ന സൗകര്യങ്ങൾ നൽകണം. അതല്ലെങ്കിൽ ശരാശരി വിദ്യാർത്ഥികളെ സൃഷ്ടിക്കുന്ന സ്ഥാപനങ്ങൾ എന്ന നിലയിലേക്ക് അവ മാറുകയും ഉദ്ദേശലക്ഷ്യം പാളുകയും ചെയ്യും. സർവ്വകലാശാലകളിലേക്ക് നൽകുന്ന പണം വൃഥാവിലാവുകയും ചെയ്യും.***

ലഭിച്ച, ഉന്നത നിലവാരം പുലർത്തുന്ന അക്കാദമിക് വിദഗ്ധരും ഉണ്ടാകുന്നിടത്താണ് ഇത്തരത്തിലൊന്ന് ജന്മമെടുക്കുന്നത്. ദൗർഭാഗ്യവശാൽ നമ്മുടെ സർവ്വകലാശാലകൾ ഇത്തരത്തിൽ ലോക നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന് സജ്ജമല്ല. സർവകലാ ശാലകളിൽ പി എച്ച് ഡിക്ക് വേണ്ടി സമർപ്പിക്കുന്ന പ്രബന്ധങ്ങൾ പരിശോധിച്ചാൽ ഇതിന് മതിയായ തെളിവ് ലഭിക്കും.

കേരളത്തിലെ മഹാഭൂരിപക്ഷം അധ്യാപകരും സാധാരണ കോളേജുകളിലും യുണിവേഴ്സിറ്റികളിലും പഠനം പൂർത്തിയാക്കി വരുന്നവരാണ്. അവർക്ക് ലോകത്തെ മികച്ച വിദഗ്ധരുമായി സംവദിക്കുന്നതിന് അവസരം ലഭ്യമാകുന്നില്ല. അതുപോലെ അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ സൗകര്യവും നമുക്ക് അന്യമാണ്. ഇതൊക്കെ ഉണ്ടായാൽ മാത്രമേ വേറിട്ട ചിന്തകളുള്ള മികച്ച തലച്ചോറുകളെ നമുക്ക് സൃഷ്ടിക്കാൻ കഴിയൂ.

കേരളത്തിലെ സർവകലാശാലകളുടെ സമഗ്രമായ അഴിച്ചുപണിക്ക് സമയം അതിക്രമിച്ചിരിക്കുന്നു എന്ന് തന്നെ പറയാം. തിരഞ്ഞെടുക്കപെട്ട സർവകലാശാലകൾക്ക് ലോകനിലവാരത്തിലേക്ക് ഉയരുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. അതല്ലെങ്കിൽ സർവകലാശാലകൾക്ക് അനുവദിക്കുന്ന പണം പ്രയോജനം നൽകാതെ പോവുകയും നിലവാരമില്ലാത്ത ബിരുദധാരികളെ സൃഷ്ടിക്കുന്ന ഫാക്ടറികളായി അവ തുടരുകയും ചെയ്യും. ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയായി മാറുക എന്നതിന്റെ ആദ്യപടിയാണ് ഇത്. സർവകലാശാലകൾക്ക് വൻതോതിൽ പണം നൽകുന്നതിനൊപ്പം അവയിൽ ഇന്ന് കാണുന്ന സ്ഥാപിത താല്പര്യങ്ങളെ തകർക്കുന്ന ശക്തമായ നടപടികളും ആവശ്യമാണ്.

സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ സംഭവിക്കേണ്ട പരിണാമമാണ് മറ്റൊരു

***കാർഷിക മേഖലയിൽ കർഷകർക്ക് താല്പര്യം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ സർക്കാർ സപ്ലൈ സൈഡിൽ കൂടുതൽ ഫലപ്രദമായി ഇടപെടേണ്ടതുണ്ട്. ഉദ്യോഗസ്ഥമേധാവിത്വ സമീപനം ഉപേക്ഷിച്ച് കൃഷി വകുപ്പ് കർഷകർക്കിടയിലേക്ക് ഇറങ്ങി ചെല്ലണം. മണ്ണ് പരിശോധന, വളം, വിത്തുകൾ എന്നിവയുടെ വിതരണം തുടങ്ങിയ കാര്യങ്ങളിൽ അവർക്ക് ശക്തമായ പിന്തുണ നൽകണം. കാർഷിക മേഖലക്ക് ഇണങ്ങുന്ന വിധത്തിലുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.***

***പൊതുമേഖലാ സ്ഥാപനങ്ങളെ ശരിയായി ദിശയിൽ കൊണ്ടുവരിക എന്നത് മികച്ച രാഷ്ട്രീയ തീരുമാനം ആകണമെന്നില്ല. പക്ഷെ ശക്തമായ തീരുമാനങ്ങൾ എടുത്തു മാത്രമേ മുന്നോട്ട് പോകാൻ കഴിയൂ.***

പ്രധാന കാര്യം. കേരളത്തിൽ കൃഷിയിടങ്ങൾ പൊതുവെ വിസ്തൃതി കുറഞ്ഞവയാണ് എന്ന പ്രത്യേകതയുണ്ട്. 15 സെന്ററിൽ താഴെയാണ് പല കൃഷി സ്ഥലങ്ങളുടെയും വിസ്തൃതി. നല്ലൊരു പങ്ക് കർഷകരെ സംബന്ധിച്ചിടത്തോളം കൃഷി ഒരു ഹോബിയോ, സമയം പോകുന്നതിനുള്ള ഒരു ഉപാധിയോ ആണ്. കൃഷി ഇവരുടെ പ്രധാന വരുമാന മാർഗ്ഗമല്ല. എന്നാൽ മറ്റു രാജ്യങ്ങളിലെ സ്ഥിതി അതല്ല. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള അവിടത്തെ കൃഷി ചെറുകിട കർഷകർക്ക് പോലും മികച്ച നേട്ടം നൽകുന്നുണ്ട്.

പല കാരണങ്ങളാൽ നമ്മുടെ കാർഷിക മേഖല മോശം പ്രകടനം കാഴ്ച്ച വയ്ക്കുന്നതായി കണക്കുകളിൽ നിന്ന് വ്യക്തമാണ്. കാർഷിക മേഖലയിൽ വൻതോതിൽ സർക്കാർ പണം മുടക്കുന്നുണ്ടെങ്കിലും കഴിഞ്ഞ മൂന്ന് ദശകങ്ങളായി കാർഷിക രംഗത്തെ വളർച്ച താഴോട്ടാണ്. കർഷകർ ഈ മേഖലയെ ഗൗരവത്തിലെടുക്കാത്തത് മൂലം സർക്കാരിന്റെ ഭാഗത്തുനിന്നും സപ്ലൈ സൈഡിലുള്ള ശക്തമായ ഇടപെടൽ അനിവാര്യമാവുകയാണ്. കാർഷിക വകുപ്പിലെ ഉദ്യോഗസ്ഥർതങ്ങളുടെ ബ്യൂറോക്രാറ്റിക് സമീപനത്തിന് അറുതി വരുത്തണം. മണ്ണ് പരിശോധന, വളം, വിത്ത് തുടങ്ങിയ സാധനങ്ങൾ ലഭ്യമാക്കുക, കാർഷിക ജോലികൾക്ക് തൊഴിലാളികളെ ലഭ്യമാക്കുക, കൃഷിക്കാവശ്യമായയന്ത്രങ്ങൾ എത്തിക്കുക, മിച്ചം വരുന്ന ഉത്പന്നങ്ങൾ കർഷകരിൽനിന്ന് സംഭരിക്കുക തുടങ്ങിയ അടിസ്ഥാനപരമായ കാര്യങ്ങളിൽ അവർ ശ്രദ്ധകേന്ദ്രീകരിക്കുകയാണ് വേണ്ടത്. അതുപോലെ കാർഷിക മേഖലക്ക് അനുയോജ്യമായ സ്ഥാപനങ്ങൾ സജ്ജമാക്കണം. ഇത് വളരെ പ്രാധാന്യമേറിയ ഒരു കാര്യമാണ് (നോർത്ത്–1990, അസ്മോഗ്ലു, റോബിൻസൺ–2012).

തൊണ്ണൂറുകളിൽ ഇന്ത്യയിൽ നടപ്പിലാക്കിയ നവലിബറൽ നയങ്ങൾ ശക്തമായ കോർപറേറ്റ്വൽക്കരണത്തിലേക്ക് രാജ്യത്തെ എത്തിക്കുകയും അസമത്വം പ്രകടമായി ഉയരുകയും ചെയ്തു. പക്ഷെ, കൃത്യമായ ഒരു ബദൽ സമീപനവും കാഴ്ചപ്പാടും ഇനിയും ഉരുത്തിരിഞ്ഞിട്ടില്ല. ഇതിന് മികച്ച രീതിയിലുള്ള ഗൃഹപാഠം ആവശ്യമാണ്. നിർമാണ മേഖലയിലും സേവന രംഗത്തും പ്രവർത്തനക്ഷമമായ ഒരു പൊതുമേഖല ഇതിൽ നിന്ന് വേർതിരിക്കാനാകാത്ത ഒരു ഘടകമാണ്.

പൊതുപങ്കാളിത്തത്തിൽ ഊന്നിയുള്ള ഒരു സംവിധാനമാണ് രൂപപ്പെടുത്തുന്നതെങ്കിൽ അവിടെ പൊതുഉടമസ്ഥത ഒരു സുപ്രധാന ഘടകമാണ്. കേരളത്തിൽ നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ദൗർഭാ

***കൃത്യമായി നിയന്ത്രിക്കാൻ കഴിയുന്നതായാൽ കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികൾ വളർച്ചക്ക് വലിയ തോതിൽ സഹായകമാകും. സംസ്ഥാനത്തിന്റെ ധനസ്ഥിതിക്ക് അത് വലിയ ബാധ്യതയായി മാറുകയില്ല.***

***കഴിഞ്ഞ രണ്ടു ബജറ്റുകൾ കേരളത്തിന്റെ ദീർഘകാല വികസനത്തിന്റെ ഒരു ദിശാസൂചികയാണ്. ഉയർന്ന ജനസാന്ദ്രത, വിദ്യാഭ്യാസം ലഭിച്ച മാനവശേഷി, മാനുഫാക്റ്ററിങ് അടിസ്ഥാനമാക്കിയുള്ള വികസനത്തിന്റെ പ്രശ്നങ്ങൾ, വിദേശത്ത് നിന്നെത്തുന്ന പണത്തിന്റെ ഒഴുക്ക് തുടങ്ങിയ കേരളത്തിന്റെ തനതായ പല പ്രശ്നങ്ങളും ബജറ്റ് കണക്കിലെടുത്തിട്ടുണ്ട്.***

ഗ്യവശാൽ അവയിൽ ഭൂരിഭാഗവും പ്രവർത്തിക്കുന്നത് നഷ്ടത്തിലാണ്. 10 വ്യവസായ ഗ്രൂപ്പുകളിൽ ഒമ്പതെണ്ണവും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് (കെ ഇ ആർ, 2021). ഇതിൽ പലതും തുടർച്ചയായി നഷ്ടം നേരിടുന്ന കമ്പനികളാണ്. ബസുകളുടെ ഒരു വലിയ നിര തന്നെയുള്ള കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പ്രവർത്തിക്കുന്നത് നഷ്ടത്തിലാണ്. ശമ്പളം നൽകുന്നത് പോലും സംസ്ഥാന സർക്കാർ നൽകുന്ന സഹായങ്ങൾ ഉപയോഗിച്ചു കൊണ്ടാണ്. ഇന്ധന ചെലവുകൾക്കും സർക്കാർ സഹായമാണ് ആശ്രയം. കേരള വാട്ടർ അതോറിറ്റിയും ഇലെക്ട്രിസിറ്റി ബോർഡും ഇത്തരത്തിലുള്ള പ്രതിസന്ധി നേരിടുന്നുണ്ട്. ഇതുപോലുള്ള പൊതു മേഖലാ സ്ഥാപനങ്ങൾക്ക് നഷ്ടവും ലാഭവുമില്ലാത്ത നിലയിൽ പ്രവർത്തി ക്കുന്നതിന് പറ്റിയ സാഹചര്യമില്ലെങ്കിൽ ബദൽ സമ്പദ്ഘടന എന്ന ആശയം പരാജയത്തിലേക്ക് വഴുതി വീഴുന്നതിനുള്ള സാദ്ധ്യതകൾ ശക്തമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ നേർവഴിക്ക് കൊണ്ടുവരിക എന്നത് അത്ര എളുപ്പമുള്ള ഒരു കാര്യമല്ല. കാരണം, രാഷ്ട്രീയമായി അത് ഒരു വെല്ലുവിളിയാണ് എന്നതാണ്. പക്ഷെ ഇത്തരം ശക്തമായ തീരുമാനങ്ങൾ എടുക്കാതെ മുൻപോട്ട് പോവുക പ്രയാസമാണ്.

ധനപരമായ വഴികളെ കുണ്ടുംകുഴികളുമുള്ളതാക്കി തീർക്കുന്ന ഒരു പ്രശ്ന മാണ് പൊതുകടം കുതിച്ചുയരുന്നത്. റവന്യു വരുമാനം റവന്യു ചെലവുകൾക്ക് പോലും തികയാതെ വരുന്നതാണ് ഇതിന് നിദാനം. ഇവിടെ പ്രതിസന്ധിയിലാകുന്നത് വളർച്ചയുടെ ആധാരമായ മൂലധന ചെലവുകളാണ്. മൂലധന രംഗത്ത് മുതൽ മുടക്കുന്നതിന് സർക്കാർ കണ്ടെത്തിയിരിക്കുന്ന ഉചിത മായ ഒരു പ്ലാറ്റുഫോമാണ് കിഫ്ബി. എന്നാൽ ഇതിന്റെ വിമർശകർ ഉന്നയിക്കുന്ന പ്രധാന വാദം, ഇത് സംസ്ഥാനത്തിന്റെ ധന പരമായ നിലയെ കൂടുതൽ പ്രതിസന്ധിയിലാക്കുമെന്നാണ്. പൊതുചെലവുകൾ നിയന്ത്രിക്കുകയും പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലേക്ക് നീങ്ങുകയും സർക്കാരും പൊതു മേഖലയും ഉചിതമായ വിധത്തിൽ ക്രമീകരിക്കുകയും ചെയ്യുന്ന തായാൽ സാമ്പത്തിക വളർച്ച ഉണ്ടാക്കാൻ കഴിയും. 900 ത്തിലധികം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി കിഫ്ബി ഇതിനകം 64344.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ചെലവുകൾക്ക് പണം കണ്ടെത്തുന്നതിനായി മോട്ടോർ വാഹന സെസ്സ് ഇനത്തിൽ 8848 കോടി രൂപ കിഫ്ബി സമാഹരിച്ചിട്ടുണ്ട്. അതുകൊണ്ട് കടത്തിന്റെ ബാധ്യത തീർക്കുക അസാധ്യമാണ് എന്ന വിമർശകരുടെ വാദത്തിൽ വലിയ കഴമ്പില്ല. കൃത്യമായ രീതിയിൽ നിയന്ത്രിക്കാൻ കഴിഞ്ഞാൽ കിഫ്ബി വഴിയുള്ള പദ്ധതികൾ വഴി വളർച്ചയെ ഉത്തേജിപ്പിക്കാൻ കഴിയുന്നതാണ്. അതു കൊണ്ട് സമ്പദ്ഘടനക്ക് കാര്യമായ പരിക്കുകൾ ഉണ്ടാകാൻ സാധ്യത കുറവാണ്. കഴിഞ്ഞ ഏതാനും ബജറ്റുകൾ ഇക്കാര്യത്തിൽ നിർണ്ണായകമായ ചുവടുവയ്പുകൾ നടത്തുകയുണ്ടായി. കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടപ്പാക്കാൻ കഴിഞ്ഞാൽ ഈ ബജറ്റിനും കാര്യമായ

മുന്നേറ്റത്തിന് വഴി തുറക്കാൻ കഴിയും.

കഴിഞ്ഞ രണ്ടു ബജറ്റുകൾ, പ്രത്യേകിച്ച് ഈ ബജറ്റ് സംസ്ഥാനത്തിന്റെ ദീർഘകാല വികസന രംഗത്ത് കൃത്യമായ ഒരു വഴിത്താര തുറക്കുന്നുണ്ട്. ജനസാന്ദ്രത, വിദ്യാസമ്പന്നമായ മാനവവിഭവ ശേഷി, നിർമാണ മേഖലയിലെ മുന്നേറ്റത്തിനുള്ള തടസങ്ങൾ, വിദേശത്തു നിന്നുള്ള പണത്തിന്റെ വരവ് തുടങ്ങിയ നിരവധി അടിസ്ഥാന ഘടകങ്ങൾ ഇതിനായി ബജറ്റുകൾ കണക്കിലെടുത്തിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ കാര്യമായി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. എല്ലാറ്റിനും പുറമെ രാഷ്ട്രീയവും സാമ്പത്തികവുമായി കൂടുതൽ ശക്തമായ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കേണ്ടതുണ്ട്. ഒപ്പം നിലവിലുള്ളവയെ കൂടുതൽ ക്രിയാത്മകമാക്കുകയും വേണം.

■

(കുസാറ്റിലെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസിന്റെ ഓണററി ഡയറക്ടറാണ് ലേഖകൻ)

## References


1. Acemoglu, D. and J.A. Robinson (2012). *Why Nations Fail: The Origins of Power,* Prosperity and Poverty, Crown Business, New York.
2. Government of Kerala (2022). *Kerala Economic Review, 2021,* Kerala State Planning Board, Trivandrum.
3. North, Douglas (1990). *Institutions, Institutional Change and Economic Performance,* Cambridge University Press.
4. Rostow, W.W. (1960). *The Stages of Economic Growth:* A Non-communist manifesto, Cambridge University Press.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 3
ജൂലൈ–ആഗസ്റ്റ്–സെപ്റ്റംബർ 2022

# വൈജ്ഞാനിക, ഉന്നത വിദ്യാഭ്യാസ മേഖലകൾ കേരളത്തിന്റെ ഭാവിസാദ്ധ്യതകൾ

ജയൻ ജോസ് തോമസ്

കേരളം കൈവരിച്ച നേട്ടങ്ങൾ രണ്ട് വിധത്തിലാണ് പ്രസക്തമാകുന്നത്, വേതനത്തിൽ ഉണ്ടായ വർധനവാണ് ഒന്ന്. വ്യവസായവൽക്കരണം, അഥവാ സാമ്പത്തിക വളർച്ചയാണ് മറ്റൊന്ന്. ഗ്രാമീണ, നഗര മേഖലകളിലെ തൊഴിലാളി കളുടെ വേതനത്തിന്റെ കാര്യത്തിൽ ആയിരത്തിത്തൊള്ളായിരത്തി എഴുപതുകൾ മുതൽ ഇതര സംസ്ഥാനങ്ങളേക്കാൾ ഏറെ മുന്നിലാണ് കേരളം. ഏതാണ്ട് 20 വർഷം മുൻപ് കേരളത്തിന്റെ വ്യവസായ മേഖലയെ കുറിച്ച് പഠനം നടത്തിയപ്പോൾ ഉയർന്ന ഒരു ചോദ്യം, കേരളത്തിലെ വ്യവസായ മേഖലയെ കുറിച്ച് പഠിക്കാൻ എന്തിരിക്കുന്നു എന്നതാണ്. ചെറുകിട വ്യവസായങ്ങളാണ് അന്ന് കേരളത്തിൽ കാര്യമായി ഉണ്ടായി രുന്നത്. മാനവവികസന സൂചികകളിൽ മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനം എന്ന നിലയിൽ കേരളം പലപ്പോഴും ചർച്ചക്ക് വിഷയീഭവിച്ചിരുന്നു. എന്നാൽ സാമ്പത്തിക വളർച്ചയുടെ കാര്യമെടുക്കുമ്പോൾ സംസ്ഥാനം ഏറെ പിന്നോക്കം പോവുകയും ചെയ്തിരുന്നു. എൺപതുകളിൽ കേരള ത്തിലെ പ്രതിശീർഷ വരുമാനം അഖിലേന്ത്യ ശരാശരിയേക്കാൾ 20 ശതമാനം കുറവായിരുന്നുവെന്ന് കാണാം. ഉത്തർപ്രദേശിന്റെ പ്രതിശീർഷ വരുമാനത്തിന് തുല്യമായിരുന്നു അന്നത്തെ ആളോഹരി വരുമാനം. എന്നാൽ അടുത്ത മൂന്ന് ദശകങ്ങളിൽ പ്രകടമായ നേട്ടം കൈവരിക്കാൻ കേരളത്തിനായി. സാമ്പത്തിക റിവ്യൂ അനുസരിച്ച് ഇപ്പോൾ കേരളത്തിന്റെ പ്രതിശീർഷ വരുമാനം അഖിലേന്ത്യ ശരാശരിയേക്കാൾ 60 ശതമാനം കൂടുതലാണ്. ഉത്തർപ്രദേശിനെ അപേക്ഷിച്ച് അത് 3.3 ഇരട്ടി അധികമാണ്.

സാമ്പത്തിക വളർച്ചയുടെ രംഗത്ത് കേരളം കൈവരിച്ച നേട്ടം ചർച്ച ചെയ്യുന്നത് ഏറെ പ്രസക്തമായ ഒരു കാര്യമാണ്. പൊതുവെ പറയപ്പെടുന്ന ഒരു കാര്യം, വേതനത്തിൽ ഉണ്ടാകുന്ന വളർച്ച സാമ്പത്തിക വളർച്ചക്ക് വിഘാതം സൃഷ്ടിക്കും എന്നാണ്. എന്നാൽ ഇത് ശരിയല്ലെന്ന് സംസ്ഥാനത്തിന്റെ അനുഭവങ്ങൾ വ്യക്തമാക്കുന്നു. കെയ്

***ആയിരത്തിത്തൊള്ളായിരത്തി എൺപതുകളിൽ കേരളത്തിന്റെ പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയുടെ 20 ശതമാനത്തിൽ താഴെയായിരുന്നു. അതായത് ഉത്തർപ്രദേശിന് തുല്യം. എന്നാൽ ഇന്ന് ഇത് ദേശീയ ശരാശരിയുടെ 1.6 ഇരട്ടി അഥവാ 60 ശതമാനം അധികമാണ്. ഉത്തർപ്രദേശിന്റെ പ്രതിശീർഷ വരുമാനത്തിന്റെ 3.3 ഇരട്ടി.***

***കെയ്നീഷ്യൻ മാതൃകയിൽ, വേതനം വികസനത്തെ നയിക്കുന്ന തരത്തിലുള്ള വളർച്ചക്ക് ഉത്തമ ഉദാഹരണമാണ് കേരളം. കഴിഞ്ഞ രണ്ടു ദശകങ്ങളിൽ ഉയർന്ന തോതിലുള്ള വേതനം യഥാർത്ഥത്തിൽ കേരളത്തിന്റെ വളർച്ചക്ക് ഉത്തേജകമായി മാറുകയാണുണ്ടായത്. ഇത് ഉയർന്ന തോതിലുള്ള ഉപഭോക്തൃ ചെലവഴിക്കലിനും ആഭ്യന്തര ഡിമാന്റിന്റെ വർധനക്കും വഴിയൊരുക്കി. മൊത്തത്തിലുള്ള സാമ്പത്തിക വികസനത്തിന് ഇത് അടിത്തറയാവുകയും ചെയ്തു.***

നീഷ്യൻ മാതൃകയിൽ, വേതനം വികസനത്തെ നയിക്കുന്ന തരത്തിലുള്ള വളർച്ചക്ക് ഒരു ഉത്തമ ഉദാഹരണമാണ് കേരളം. അതായത് കഴിഞ്ഞ രണ്ടു ദശകങ്ങളിൽ ഉയർന്ന തോതിലുള്ള വേതനം യഥാർത്ഥത്തിൽ കേരളത്തിന്റെ വളർച്ചക്ക് ഉത്തേജകമായി മാറുകയാണുണ്ടായത്. ഇത് ഉയർന്ന തോതിലുള്ള ഉപഭോക്തൃ ചെലവഴിക്കലിനും ആഭ്യന്തര ഡിമാന്റിന്റെ വർധനക്കും വഴിയൊരുക്കി. മൊത്തത്തിലുള്ള സാമ്പത്തിക വികസനത്തിന് ഇത് അടിത്തറയാവുകയും ചെയ്തു.

എന്നാൽ നേട്ടങ്ങൾ ഈ രീതിയിലേക്ക് മാത്രമായി ഒതുങ്ങുന്നത് കരണീയമായ ഒരു കാര്യമല്ല. കാരണം, നാല് പ്രധാന വെല്ലുവിളികൾ കേരളം നേരിടുകയാണ്. ജനസംഖ്യാപരമായ പ്രശ്നമാണ് അതിൽ ഒന്നാമത്തേത്. സംസ്ഥാനം മെല്ലെ ഒരു വൃദ്ധസമൂഹമായി മാറുകയാണ്. സാമ്പത്തിക നേട്ടം കൈവരിക്കുന്നതിന് മുൻപായി ആളുകൾ വൃദ്ധരായി മാറുന്നതാണ് ഈ പ്രതിഭാസം. ചൈനയുടെ സ്ഥിതിയും വ്യത്യസ്തമല്ല. ഭാവിയിൽ ഇന്ത്യയും ഇതേ പ്രതിസന്ധിയിലേക്ക് നീങ്ങുന്ന സാഹചര്യമുണ്ട്. എന്നാൽ കേരളത്തിന്റെ കാര്യത്തിൽ ഇത് ഭാവിയിലെ ഒരു പ്രശ്നമല്ല. ഇപ്പോൾ തന്നെ ഈ പ്രശ്നം ഇവിടെ സങ്കീർണ്ണമാണ്. ഇത് വിരൽ ചൂണ്ടുന്നത് സാമ്പത്തികമായ വളർച്ച കേരളം അതിവേഗം കൈവരിക്കണമെന്നാണ്. അങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ കേരളം ഒരിക്കലും അതിവേഗം വളരുന്ന ഒരു സമ്പദ്ഘടനയായി മാറുകയില്ല.

സംസ്ഥാനത്തെ തൊഴിൽ വിപണിയുടെ ഘടനയും പൊതുവിലുള്ള സാമ്പത്തിക ഘടനയും തമ്മിൽ ചില പൊരുത്തക്കേടുകൾ പ്രകടമായി കാണാം. ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന മേഖലകൾ സംസ്ഥാനത്ത് ഇപ്പോഴും പരമ്പരാഗത വ്യവസായ മേഖലകൾ തന്നെയാണ്. അതല്ലെങ്കിൽ കാര്യമായ നൈപുണ്യമോ, വിദ്യാഭ്യാസമോ ആവശ്യമില്ലാത്ത മേഖലകളാണെന്ന് കാണാം. കുറഞ്ഞ വേതന നിരക്കിന്റെ നേട്ടം അനുഭവിക്കുന്ന തരത്തിലുള്ള വ്യവസായങ്ങളാണ് കേരളത്തിൽ വേര് പിടിച്ചിട്ടുള്ളത്.

പെരുമ്പാവൂരിലെ പ്ലൈവുഡ് വ്യവസായ യൂണിറ്റുകൾ, പലയിടങ്ങളിലും പ്രവർത്തനക്ഷമമായ വസ്ത്രനിർമ്മാണ യൂണിറ്റുകൾ എന്നിവ ഇതിന് മികച്ച ഉദാഹരണങ്ങളാണ്. എന്നാൽ ഇത്തരം മേഖലകൾ സംസ്ഥാനത്ത് സ്ഥായിയായ നിലനിൽപ്പുള്ളവയല്ല. കൂലിനിരക്ക് കൂടുതലാണ് എന്നത് മാത്രമല്ല ഇതിന് കാരണം. പുതുതലമുറ ഇത്തരം മേഖലകളോട് വലിയ ആഭിമുഖ്യം പ്രകടമാക്കുന്നില്ല എന്നതും പ്രധാനമാണ്. അതിഥി തൊഴിലാളികളെ കൊണ്ടാണ് ഇത്തരം പല യൂണിറ്റുകളും ഇന്ന് പ്രവർത്തിക്കുന്നതെന്ന് കാണാൻ കഴിയും. ഇത്തരമൊരു വ്യാവസായിക സാഹചര്യത്തിൽ നിന്ന് പുറത്തു കടക്കേണ്ടത് സംസ്ഥാനത്തെ സംബന്ധി

ച്ചിടത്തോളം ഏറെ അനിവാര്യമാണ്. അതുകൊണ്ട് കേരളത്തിന് നവീനമായ ഒരു സാമ്പത്തിക അടിത്തറ ഉണ്ടാകേണ്ടതുണ്ട്. അവിടെയാണ് വൈജ്ഞാനിക സമ്പദ്വ്യവസ്ഥ എന്ന ആശയം കാലികമായി പ്രസക്തമാകുന്നത്. സംസ്ഥാനത്തെ തൊഴിൽ ഘടനയും ആ വഴിക്കുള്ള ചർച്ചകൾ സംഗതമാക്കുന്നുണ്ട്.

ഓരോ വർഷവും ഏതാണ്ട് 1.7 ലക്ഷം വിദ്യാർത്ഥികൾ കേരളത്തിൽ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്നുണ്ട്. ഏതാണ്ട് ഇത്രയും തന്നെ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി പുറത്തേക്കും പോകുന്നുണ്ട്. ഇവരെല്ലാം കേരളം വിഭാവന ചെയ്യുന്ന വൈജ്ഞാനിക – നൈപുണ്യാധിഷ്ഠിത മേഖലകളിൽ മികച്ച ജോലി സാധ്യതയുള്ളവരാണ് എന്നതാണ് എടുത്ത് പറയത്തക്ക പ്രത്യേകത. ഒരു വർഷം ഇത്തരത്തിൽ രണ്ടു ലക്ഷം പേർ എന്ന കണക്കാക്കിയാൽ അഞ്ചുവർഷം കൊണ്ട് 10 ലക്ഷം പേരാണ് ഈ ഗണത്തിലേക്ക് വരുന്നത്. ഇതുതന്നെയാണ് കേരളത്തിന്റെ സാധ്യതയും. ഓരോ അഞ്ചു വർഷം കൂടുമ്പോഴും 10 ലക്ഷം വിദഗ്ദ്ധ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാധ്യതയാണ് സംസ്ഥാനത്തിന് മുന്നിലുള്ളത്. പക്ഷെ ഇത് ഒരു വെല്ലുവിളി കൂടിയാണ്. കാരണം, അത്രയും അവസരങ്ങൾ സൃഷ്ടിക്കാൻ കേരളത്തിന് കഴിയുമോ എന്നതാണ് ആ വെല്ലുവിളി. ഈ സാഹചര്യത്തിൽ ഇതിൽ നല്ലൊരു പങ്കിന് സംസ്ഥാനത്തിന് പുറത്ത് ജോലി തേടേണ്ടി വരുന്നു. വരും വർഷങ്ങളിൽ ഈ പ്രശ്നം കൂടുതൽ രൂക്ഷമാകും. ഉന്നത വിദ്യാഭ്യാസത്തിനും ഉയർന്ന നൈപുണ്യം ആവശ്യമായ ജോലികൾക്കും കേരളത്തിലെ യുവാക്കൾ അന്യസംസ്ഥാനങ്ങളിലേക്ക്കൂടുതലായി ചേക്കേറേണ്ടി വരും. ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഇത് താങ്ങാവുന്ന ഒരു അവസ്ഥയായിരിക്കില്ല.

കോവിഡ് മഹാമാരിയും റഷ്യ–യുക്രൈൻ യുദ്ധവും ആഗോളവത്കരണ പ്രക്രിയക്ക് ചില തിരിച്ചടികൾ നൽകുന്നു എന്നത് ഒരു വസ്തുതയാണ്. കഴിഞ്ഞ രണ്ടു ദശകത്തിലേറെയായി ഈ പ്രതിസന്ധി കൂടുതൽ ശക്തമാവുകയുമാണ്. ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറുകളിൽ ആരംഭിച്ച ആഗോളവത്കരണം കേരളത്തിന് മികച്ച നേട്ടങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഇത്തരമൊരു മാറ്റത്തിലേക്ക് ഇന്ത്യ ചുവട് വച്ചപ്പോൾ അത്തരമൊരു മാറ്റത്തിനുള്ള അരങ്ങ് കേരളത്തിന്റെ കാര്യത്തിൽ ഒരുങ്ങിയിരുന്നുവെന്നതാണ് വാസ്തവം. ആരോഗ്യ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം സിദ്ധിച്ച തൊഴിൽ സേന എന്നിവ ഇതിന്റെ ഭാഗങ്ങളാണ്. എന്നാൽമാറിയ ആഗോള പരിതസ്ഥിതിയിൽ ഇത്തരത്തിൽ മികച്ച തലച്ചോറുകൾക്ക് വിദേശത്തേക്ക് ചേക്കേറുന്നതിന് ഭാവിയിൽ കാര്യമായ തടസങ്ങൾ വന്നു ചേരും. അതായത് കേരളം മികച്ച തൊഴിൽ സാഹചര്യവും ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളും സംസ്ഥാനത്ത് തന്നെ ഒരുക്കേണ്ട സാഹചര്യം സംജാതമാവുകയാണ്. നയരൂപീകരണകർത്താക്കൾക്ക് മുന്നിൽ ഇതൊരുക്കുന്ന വെല്ലുവിളികൾ ഒട്ടും ചെറുതല്ല.

***കേരളത്തിന്റെ സമ്പദ്ഘടനയും തൊഴിൽ വിപണിയും തമ്മിൽ പ്രകടമായ ചില അന്തരം കാണാം. സംസ്ഥാനത്തെ മിക്ക വ്യവസായങ്ങളും മറ്റു സംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന തൊഴിലാളികളെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ഇത്തരത്തിലുള്ള ഒരു വ്യവസായ ഘടനയിൽ നിന്ന് പുറത്തുകടക്കേണ്ടത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്.***

***ഓരോ അഞ്ചുവർഷത്തിലും ഒരു ദശലക്ഷം തൊഴിലുകൾ സൃഷ്ടിക്കുന്നതിനുള്ള സാദ്ധ്യതകൾ കേരളത്തിലുണ്ട്. സംസ്ഥാനത്തിനകത്ത് തന്നെ ഉയർന്ന നൈപുണ്യം ആവശ്യമുള്ള തൊഴിലുകൾ സൃഷ്ടിക്കാൻ കഴിയണം. ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കണം. വിജ്ഞാനം, നൈപുണ്യം എന്നിവയിൽ ഊന്നൽ നൽകുന്നതിലൂടെ മാത്രമേ കേരളത്തിന്റെ വളർച്ച സാധ്യമാകൂ.***

ലോകനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നമുക്ക് അനിവാര്യമായ ഒരു കാര്യമാണ്. വൈജ്ഞാനിക സാമ്പത്തിക മേഖലയിലെ വ്യവസായങ്ങളിൽ ഇതര മേഖലകളെ അപേക്ഷിച്ച് കടുത്ത മത്സരമുള്ളവയാണ്. വ്യവസായ വളർച്ചയുടെ രംഗമെടുക്കുമ്പോൾ തൊഴിലാളികളുടെ ആധിക്യം കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു വൈതരണിയാണ്. കൂടുതൽ തൊഴിലധിഷ്ഠിതമായ വളർച്ചക്ക് സംസ്ഥാനത്ത് സാദ്ധ്യതകൾ കുറവാണ്. നൈപുണ്യ വികസനം, വിജ്ഞാനം എന്നിവ അടിസ്ഥാനമാക്കിയുള്ള മേഖലകളിലാണ് കേരളത്തിന് ഭാവിയിൽ വളർച്ചാ സാധ്യതയുള്ളത്. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസം, വൈജ്ഞാനിക രംഗത്തെ വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിലെ മുതൽമുടക്ക് ഉയർത്തേണ്ടത് സംസ്ഥാനത്തിന് ഏറെ അനിവാര്യമാണ്. ഈയടിസ്ഥാനത്തിൽ നമ്മുടെ ആസൂത്രണ രംഗത്തുള്ള വിദഗ്ദർ മുന്നോട്ടു പോകേണ്ടതുണ്ട്. ലോകനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, മികച്ച ഗവേഷണ സ്ഥാപനങ്ങൾ, പരീക്ഷണശാലകൾ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവിന്റെ കേന്ദ്രങ്ങൾ തുടങ്ങിയവ കേരളത്തിന് ഏറ്റവും അനിവാര്യമായ കാര്യങ്ങളാണ്.

കേരളത്തിലെ യുവാക്കൾ ശാരീരികമായ അധ്വാനം വിനിയോഗിക്കുന്ന ജോലികളെക്കാൾ നൈപുണ്യം ആവശ്യമായ ഉയർന്ന നിലവാരത്തിലുള്ള ജോലികളാണ് പൊതുവെ ഇഷ്ടപ്പെടുന്നത്. അതുകൊണ്ട് തൊഴിലുറപ്പ് പദ്ധതികൾ പോലുള്ള കാര്യങ്ങളിൽ ഒരു പുനർവിചിന്തനം ഇത് അനിവാര്യമാക്കുന്നുണ്ട്. അത്തരം പദ്ധതികളെ വിദ്യാഭ്യാസം നേടിയ, നൈപുണ്യമുള്ള ആളുകൾക്കുകൂടി പ്രയോജനപ്പെടുന്ന വിധത്തിൽ പരിവർത്തനപ്പെടുത്തേണ്ടതുണ്ട്.

ഇത്തരത്തിൽ പൊതുതൊഴിൽ പദ്ധതികളെ വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥക്കാവശ്യമായ ആസ്തി രൂപീകരണവുമായി ബന്ധിപ്പിക്കാൻ കഴിയുമോ എന്നതാണ് കാതലായ പ്രശ്നം. വിദ്യാഭ്യാസ മേഖലയിലെ നിക്ഷേപം പല തലത്തിലുള്ള നേട്ടങ്ങൾക്ക് അടിസ്ഥാനമായി മാറുന്നു. ഇത്തരം സംവിധാനങ്ങൾ പുതുതലമുറയെ സംബന്ധിച്ചിടത്തോളം അക്കാദമിക് പരിപാടികളിൽ

***സംസ്ഥാനത്തെ സ്ത്രീകളും പുരുഷന്മാരും ആഗ്രഹിക്കുന്നത് ഉയർന്ന നിലവാരത്തിലും നൈപുണ്യം ആവശ്യമായതുമായ തൊഴിൽ മേഖലകളെയാണ്. അധ്വാനം ആവശ്യമുള്ള ജോലികളിൽ താല്പര്യം പ്രായേണ കുറവാണ്. അതുകൊണ്ട് എം ജി എൻ ആർ ഇ ജി എ അടക്കമുള്ള നമ്മുടെ തൊഴിൽദാന പദ്ധതികളുടെ കാര്യത്തിൽ പുനർവിചിന്തനം ആവശ്യമാണ്.***

വളരെ പ്രധാനമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് സൗകര്യങ്ങൾ സൃഷ്ടിക്കുന്നത് വിദ്യാസമ്പന്നരായ യുവാക്കൾക്ക് തൊഴിൽ സാദ്ധ്യതകൾ വർധിപ്പിക്കുന്നു. പുതിയ സ്ഥാപനങ്ങളും ഗവേഷണ കേന്ദ്രങ്ങളും തുറക്കുന്നത് ഭാവിയിൽ സംസ്ഥാനത്തിന്റെ വളർച്ചാ സാധ്യതകൾ ഉയർത്തുന്നതിന് സഹായകമാണ്.

മുകളിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിന് സാമ്പത്തികമായ സ്രോതസുകൾ നമുക്ക് കുറവാണ് എന്ന പ്രശ്നം ഉദിക്കുന്നുണ്ട്. നികുതി വരുമാനം ഉയർത്തുന്നതിനുള്ള അധികാരങ്ങൾ സംസ്ഥാനത്തിന് കുറവാണ്. വൈജ്ഞാനിക വ്യവസായങ്ങൾ വളർത്തുന്നതിനും ലോകത്തെ ഇതര പ്രധാന വൈജ്ഞാനിക കേന്ദ്രങ്ങളുമായി മത്സരിക്കുന്നതിനും ഇത് സൃഷ്ടിക്കുന്ന തടസ്സങ്ങൾ ചെറുതല്ല. ധനസമാഹരണത്തിനായി പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനെ കുറിച്ച് നാം ഗൗരവത്തിൽ ചിന്തിക്കേണ്ട തുണ്ട്. സംസ്ഥാനത്ത് ക്രിയാത്മകമായി വിനിയോഗിക്കാത്ത വലിയ സമ്പാദ്യമുണ്ട്. ഇത്തരത്തിൽ സമ്പാദ്യമുള്ളവരാകട്ടെ മുതൽ മുടക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ തേടുന്നുമുണ്ട്. അതുകൊണ്ട് വീടുകൾക്കും സ്വർണ്ണത്തിനും മറ്റുമായാണ് ആളുകൾ തങ്ങളുടെ സമ്പാദ്യം വിനിയോഗിക്കുന്നത്. ഇത്തരം സമ്പാദ്യം ഗവേഷണ അടിസ്ഥാന സൗകര്യങ്ങൾക്കും വൈജ്ഞാനിക സമ്പദ് വ്യവസ്ഥക്കാവശ്യമായ ഇതര സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിനും വേണ്ടി വഴി തിരിച്ചു വിടാൻ നമുക്ക് കഴിയണം. ഇത്തരത്തിൽ സംസ്ഥാനത്തെ സമ്പാദ്യങ്ങൾ ക്രിയാത്മകമായി നിക്ഷേ പിക്കാൻ കഴിയുന്ന ഫലപ്രദമായ സ്ഥാപനം നമുക്ക് ഇന്ന് അന്യമാണ്. അത്തരത്തിൽ പ്രവർത്തനക്ഷമമായ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിനെ കുറിച്ച് ഗൗരവതരമായ ആലോചന ഈ ഘട്ടത്തിൽ ഉണ്ടാകേണ്ടതുണ്ട്.

■

(ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഡൽഹി പ്രൊഫസറും സംസ്ഥാന ആസൂത്രണ ബോർഡിന്റെ മുൻ അംഗവുമാണ് ലേഖകൻ)

## References

1. Government of Kerala (2022). *Economic Review, 2021 Volumes 1 and 2,* March 2022, State Planning Board, Thiruvananthapuram.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 3
ജൂലൈ–ആഗസ്റ്റ്–സെപ്റ്റംബർ 2022

# പ്രവാസി ലോകത്ത് കോവിഡ് മഹാമാരി ഏല്പിച്ച ആഘാതം

എസ്. ഇരുദയരാജൻ

**ആമുഖം**

കേരളത്തിൽ നിന്ന് വിദേശത്തേക്കും ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലേക്കുംതൊഴിൽ സംബന്ധമായ ആവശ്യങ്ങൾക്കും മറ്റുമായി ആളുകൾ ചേക്കേറുന്നതിന് ഒരു ചരിത്ര പശ്ചാത്തലമുണ്ട്. എന്നാൽ ആയിരത്തൊ തൊള്ളായിരത്തി എഴുപതുകളിലേക്ക് വരുമ്പോൾ വിദേശത്തേക്കുള്ളകൂടു മാറ്റ ത്തിന് കൂടുതൽ പ്രാമുഖ്യം വന്നു ചേർന്നു. വിദേശത്ത് നിന്ന് സംസ്ഥാനത്തേക്ക് പണം എത്താൻ തുടങ്ങിയതോടെ ഇവിടത്തെ തൊഴിൽ മേഖലയുടെ സ്വഭാവത്തിലും അത് കാതലായ മാറ്റത്തിന് വഴിവച്ചു. ഇന്ന് കേരളത്തിന്റെ വികസന രംഗത്ത് വിദേശത്തു നിന്നുമെത്തുന്ന പണം നിർണ്ണായകമായ ഒരു പങ്കാണ് വഹിക്കുന്നത്. എന്നാൽ ഇത്തര ത്തിൽ വിദേശത്തേക്ക് പോയവരുടെ കൂട്ട ത്തിൽ ജീവിത നിലവാരം മെച്ചപ്പെടുത്തു ന്നതിന് പ്രത്യേകം കൈത്താങ്ങ് ആവശ്യ മായ നിരവധി പേരുണ്ട്. ഇത്തരം ആളു കൾക്ക് നിക്ഷേ പകർ, വ്യാപാര രംഗത്തുള്ള വർ എന്നി വർക്കൊപ്പം തന്നെയുള്ള പിന്തുണ ആവശ്യമാണ്. പക്ഷെ, കോവിഡ് ഘട്ട ത്തിലും സാമ്പത്തിക മാന്ദ്യം നേരിടുന്ന ഇന്നത്തെ സാഹചര്യത്തിലും പ്രവാസികളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല എന്നത് ഒരു വെല്ലുവിളിയാണ്.

**പ്രവാസികളെ കുറിച്ചുള്ള സർവ്വേ**

2018–ലാണ് സംസ്ഥാനത്ത് പ്രവാസികളെ കുറിച്ചുള്ള ഏറ്റവും ഒടുവിലത്തെ സർവെ നടന്നത്. ഇതനുസരിച്ച് വിദേശത്തുള്ള മലയാളികളുടെ എണ്ണം 2.1 ദശലക്ഷമാണ്. ഇതിൽ 90 ശതമാനം പേരും ഗൾഫ് രാജ്യങ്ങളിലാണ് പ്രവർത്തിക്കുന്നത് (രാജൻ, സക്കറിയ–2020). 1998 ലാണ് സംസ്ഥാനത്ത് ആദ്യമായി ഇത്തരത്തിൽ ഒരു സർവെ നടന്നത്. തുടർന്ന് എട്ട് സർവേകൾ ഇതിനകം നടന്നിട്ടുണ്ട്. ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ നടന്ന ഏറ്റവും വിപുലമായ സർവേകളിൽ ഒന്നാണ് ഇത്. കേരളത്തിന്റെ മാതൃകയിൽ ഇത്തരം സർവേകൾ ഗോവ (2008 ), പഞ്ചാബ് (2011), ഗുജറാത്ത് (2012), തമിഴ്നാട് (2015) തുടങ്ങിയ സംസ്ഥാന ങ്ങളിലും നടന്നിട്ടുണ്ട് (രാജൻ, സക്കറിയ, അശ്വിൻ–2021). തെലങ്കാ നയും ജാർഖണ്ഡും ഇത്തരം സർവ്വെ നട ത്തുന്ന കാര്യം പരിഗണിക്കുന്നുണ്ട്. അന്താ രാഷ്ട്രതലത്തിൽ കുടിയേറ്റം നടത്തിയവരുടെ വിവരങ്ങൾ, രാജ്യത്തിനകത്ത് തന്നെയുള്ള പ്രവാസികൾ, അവർ അയക്കുന്ന പണത്തെ

***വെള്ളപ്പൊക്കത്തിനും കോവിഡ് മഹാമാരിക്കും മുൻപ്, 2018 ൽ നടന്ന കേരള മൈഗ്രേഷൻ സർവ്വെ അനുസരിച്ച് വിദേശ രാജ്യങ്ങളിൽ കേരളത്തിൽ നിന്നുള്ള മൊത്തം പ്രവാസികളുടെ എണ്ണം 2.1 ദശലക്ഷമാണ്.***

***വിദേശത്ത് നിന്നും എത്തുന്ന പണത്തിന്റെ സിംഹഭാഗവും വിനിയോഗിക്കുന്നത് നിത്യനിദാന ചെലവുകൾക്കും വായ്പയുടെ തിരിച്ചടവിനും കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുമാണ്. ശേഷം ഭാഗം സമ്പാദ്യമായും സൂക്ഷിക്കുന്നു.***

കുറിച്ചുള്ള വിവരങ്ങൾ തുടങ്ങി സാമ്പത്തികവും സാമൂഹികമായും പ്രസക്തമായ ധാരാളം വിവരങ്ങൾ ഇത്തരം സർവേകൾ നൽകുന്നു.

**കെ എം എസ് സർവെയുടെ പ്രസക്തി**

2021–ലെ സാമ്പത്തിക റിവ്യൂവിൽ കേരളത്തിലെ പ്രവാസികളുമായി ബന്ധപ്പെട്ട സമകാലികമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. 2018 ലും 2019 ലും ഉണ്ടായവെള്ളപ്പൊക്കം, കോവിഡ് മഹാമാരി തുടങ്ങിയ പ്രതിസന്ധികൾ പ്രവാസികളെയും അവരുടെ കുടുംബങ്ങളെയും ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതിനാൽ അതിന്റെ ആഘാതം എത്രയെന്ന് മനസിലാക്കുന്നതിന് പുതിയ കെ എം എസ് സർവെ ആവശ്യമാണ്.

വെള്ളപ്പൊക്കത്തിനും കോവിഡ് മഹാമാരിക്കും മുൻപ് 2018 ൽ നടന്ന കെ എം എസ് അനുസരിച്ച് രാജ്യാന്തരതലത്തിൽ കേരളത്തിൽ നിന്നുള്ള പ്രവാസികളുടെ എണ്ണം 2.1 ദശലക്ഷമാണ്. ഈ കണക്കിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഒരു പ്രവാസി നാട്ടിൽ നാലു പേരുടെ ജീവിതത്തിന് തുണയാകുന്നുണ്ട്. കേരളത്തിന്റെ മൊത്തം ജനസംഖ്യയിൽ മൂന്നിലൊന്ന് വിദേശത്ത് നിന്നെത്തുന്ന പണത്തിന്റെ നേട്ടം നേരിട്ട് അനുഭവിക്കുന്നവരാണ്. അതായത് ഏകദേശം ഒരു കോടി ആളുകൾ. ഇത്തരത്തിൽ എത്തുന്ന പണത്തിന്റെ സിംഹഭാഗവും വിനിയോഗിക്കുന്നത് നിത്യനിദാന ചെലവുകൾക്കും വായ്പ തിരിച്ചടിക്കുന്നതിനും കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുമാണ്. ഒരു ഭാഗം സമ്പാദ്യമായി മാറുന്നുണ്ട്. സംസ്ഥാനത്ത് വിദേശപണം വഴിയുണ്ടാകുന്ന വികസനത്തിന്റെ നേട്ടങ്ങൾ മറ്റൊരു മൂന്നിലൊന്ന് വിഭാഗം ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. കേരളത്തിലെ വിമാനത്താ വളങ്ങൾ ഇതിന് നല്ല ഉദാഹരണമാണ്. ഇവ വിദേശത്തേക്ക് പോകുന്നവർക്ക് മാത്രമല്ല, തദ്ദേശീയർക്കും പ്രയോജനം നൽകുന്നുണ്ട്. കെ എം എസ് ഡേറ്റ വച്ച് വിശകലനം ചെയ്യുമ്പോൾ ഏകദേശം ഒരു ലക്ഷം കോടി രൂപ വിദേശത്തു നിന്നും സംസ്ഥാനത്തേക്ക് വരുന്നുണ്ട്.

മഹാമാരിയുടെയും സാമ്പത്തിക മാന്ദ്യത്തിന്റെയും സാഹചര്യത്തിൽ പ്രവാസികളെ സംബന്ധിച്ച നയപരമായ നിലപാടുകളും അവരുടെ ക്ഷേമത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും അവരുടെ സാഹചര്യങ്ങളെ കുറിച്ച് കാലാനുസൃതമായ പഠനം ആവശ്യമാണ്. ഇത് സംബന്ധിച്ച് ലഭ്യമാകുന്ന വിവരങ്ങൾ തക്കസമയത്ത് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റിന് സഹായകമാണ്. റഷ്യ–ഉക്രൈൻ യുദ്ധം ഇതിന് നല്ല ഉദാഹരണ മാണ്. കേന്ദ്ര സർക്കാരിന്റെ കണക്കുകൾ അനുസരിച്ച് 7000 ഇന്ത്യക്കാർ മാത്രമാണ് യുക്രൈനിലുള്ളത്. എന്നാൽ യുദ്ധം കൊടുമ്പിരിക്കൊണ്ടപ്പോൾ തിരിച്ചെത്തിച്ചത് 25000 പേരെയാണ്. ഇപ്പോഴും ചില ഇന്ത്യക്കാർ അവിടെ തങ്ങുന്നുമുണ്ട്. കേന്ദ്രസർക്കാരിന്റെ കണക്കുകൾ തെറ്റാണെന്നാണ് ഇത് വ്യക്തമാക്കുന്നത്. ആഗോള തലത്തിൽ തന്നെ ഏറ്റവും കൂടുതൽ പ്രവാസികളുള്ളത് ഇന്ത്യയിൽ നിന്നാണ്. വിദേശപണം എത്തുന്ന കാര്യത്തിലും ഒന്നാം സ്ഥാനത്ത് ഇന്ത്യയാണ്. 2021 ൽ 8700 കോടി ഡോളറാണ് ആ വഴിക്ക് ഇന്ത്യയിലേക്കെത്തിയത്. ഇതിൽ

***തിരിച്ചെത്തിയവരെകുറിച്ച് സി ഡി എസ്, ഐ ഐ എം എ ഡി എന്നിവ നടത്തിയ സർവ്വേയിൽ ഇവരെ മൂന്നായി തരം തിരിച്ചിട്ടുണ്ട്, സാധാരണ രീതിയിൽ തിരിച്ചെത്തിയവർ, നിരാശരായി തിരിച്ചെത്തിയവർ, വീണ്ടും വിദേശത്തേക്ക് പോകാൻ താല്പര്യമുള്ളവർ എന്നിങ്ങനെയാണ് അത്.***

100 കോടി ഡോളറെങ്കിലും കൃത്യമായ സ്ഥിതിവിവരണക്കുകൾ ഉണ്ടാക്കുന്നതിന് വേണ്ടി ചെല വഴിക്കേണ്ടതാണ്.

**2021 ൽ തിരിച്ചെത്തിയവരെ കുറിച്ച് നടന്ന സർവ്വെ**

സംസ്ഥാന ധനകാര്യ മന്ത്രി ബജറ്റിൽ നട ത്തിയ പ്രസ്താവന പ്രകാരം കോവിഡ് ഘട്ട ത്തിൽ 'വന്ദേഭാരത മിഷൻ' വഴി 14 ലക്ഷം പ്രവാസികൾ നാട്ടിൽ തിരിച്ചെത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോഴും എത്ര പേർ തിരികെ പോയി എന്നതിന്റെ കണക്കുകൾ ലഭ്യമല്ല. 2021 ൽ പ്രവാസികളെ കുറിച്ചുള്ള വസ്തു നിഷ്ഠമായ വിവരങ്ങൾ നമുക്ക് ലഭ്യമല്ല. നോർക്ക മുൻകയ്യെടുത്ത് 2021 ൽ തിരിച്ചെ ത്തിയവരെ കുറിച്ച് വിവരശേഖരണം നടത്തി യിരുന്നു. 2021 ജനുവരി മുതൽ മെയ് മാസം വരെയാണ് ഈ സർവ്വെ നടന്നത്. 1871

**Table 1:** Return emigrants by type and reason for return, 2021

| | Number | | | | |
|---|---|---|---|---|---|
| Primary reason for return | NREM | DREM | RREM | Others | Total |
| To Retire | 28 | 0 | 0 | 0 | 28 |
| Missed Family | 29 | 0 | 0 | 0 | 29 |
| Care for Elderly | 11 | 0 | 0 | 0 | 11 |
| Accomplished Goals | 13 | 0 | 0 | 0 | 13 |
| Prefer to Work in Kerala | 13 | 0 | 0 | 0 | 13 |
| Lost Job/Laid Off | 0 | 955 | 0 | 0 | 955 |
| Illness/Accident | 0 | 70 | 0 | 0 | 70 |
| Expiry of Contract | 0 | 89 | 0 | 0 | 89 |
| Scared Due to COVID -19 | 0 | 461 | 0 | 0 | 461 |
| Compulsory Expatriation | 0 | 36 | 0 | 0 | 36 |
| Low Wages | 0 | 58 | 0 | 0 | 58 |
| Poor Working Conditions | 0 | 27 | 0 | 0 | 27 |
| Nationalization policy | 0 | 7 | 0 | 0 | 7 |
| Visiting Visa Expired | 0 | 20 | 0 | 0 | 20 |
| Cancellation of Employment Visa | 0 | 28 | 0 | 0 | 28 |
| To re-migrate to another Destination or Same Destination for Different Job | 0 | 0 | 18 | 0 | 18 |
| Others (Specify) | 0 | 0 | 0 | 122 | 122 |
| Total | 94 | 1751 | 18 | 122 | 1,985 |

Source: S. Irudaya Rajan and Balasubramanyan Pattath 2021.

***ആദ്യവിഭാഗത്തിൽ ഏറ്റവും കൂടുതൽ പേർ തിരികെയെത്തിയത് സൗദി അറേബ്യയിൽ നിന്നാണ്. യു എ ഇ, ബഹറിൻ, കുവൈറ്റ്, ഒമാൻ, ഖത്തർ തുടങ്ങിയ രാജ്യങ്ങളാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ വരുന്നത്.***

കുടുംബങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ സർവെ ഈ വിഷയത്തിൽ നല്ല ഉൾകാഴ്ച നൽകുന്നുണ്ട്. കമ്പ്യൂട്ടർ അധിഷ്ഠിതമായ ടെലിഫോൺ ഇന്റർവ്യൂ വഴി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസും ഇന്റർനാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് മൈഗ്രേഷനും ചേർന്നാണ് ഇത് നടത്തിയത്. 2020 ഏപ്രിലിനും നവംബറിനും ഇടയിൽ നാട്ടിൽ തിരിച്ചെത്തിയവരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വരിലാണ് ഈ സർവേ നടന്നത്.

തിരിച്ചെത്തിയവരുടെ വിഭാഗം, അതിനുള്ള കാരണം എന്നിവ അടിസ്ഥാന മാക്കി–2021 തിരിച്ചെത്തിയവരെ സർവെ മൂന്നായി തരം തിരിച്ചിട്ടുണ്ട്, സാധാരണ രീതിയിൽ തിരിച്ചെത്തിയവർ, നിരാശരായി തിരിച്ചെത്തിയവർ, വീണ്ടും വിദേശത്തേക്ക് പോകാൻ താല്പര്യമുള്ളവർ. (പട്ടിക 1 കാണുക.) മുൻകൂട്ടി ആസൂത്രണം ചെയ്ത് തിരിച്ചെത്തിയവരാണ് ആദ്യവിഭാഗത്തിൽ പെടുന്നത്. മഹാമാരി വല്ലാതെ ഉലയ് ക്കുകയും തിരികെ പോരാതെ നിർവാഹമില്ലാതെ വന്നവരാണ് രണ്ടാമത്തെ കൂട്ടർ. അതേ രാജ്യത്തേക്കോ, അല്ലെങ്കിൽ മറ്റേ തെങ്കിലും രാജ്യത്തേക്കോ തിരികെ പോകു ന്നതിന് ശ്രമിക്കുന്നവരാണ് മൂന്നാമത്തെ കൂട്ടർ. സർവേയിൽ പങ്കെടുത്ത വരിൽ പകുതിയിലധികം പേരും കോവിഡിനെ തുടർന്ന് ജോലി നഷ്ടമായ വരാണ്. 25 ശതമാനം പേർ വൈറസ് പരക്കുന്നതിലുള്ള ഭയം മൂലവും ആരോഗ്യ പ്രശ്നങ്ങളും കാരണവും തിരികെ പോന്നവരാണ്. 353 പേർ സർവേയോട് പ്രതികരിക്കാൻ വിമുഖത പ്രകടമാക്കി. വിദേശത്തേക്കുള്ള യാത്രാ വിലക്കുകൾ നീക്കിയപ്പോൾ ഇവരിൽ പലരും തിരികെ പോവുകയും ചെയ്തു.

ആദ്യവിഭാഗത്തിൽ ഏറ്റവും കൂടുതൽ പേർ തിരികെയെത്തിയത് സൗദി അറേബ്യയിൽ നിന്നാണ്. യു എ ഇ, ബഹറിൻ, കുവൈറ്റ്, ഒമാൻ, ഖത്തർ തുടങ്ങിയ രാജ്യങ്ങളാണ്

**Table 2:** Percent of return emigrants with status of fight ticket fare and types, 2021

| Flight ticket fare | Vande Bharat Flights | Chartered Flight | Others | Don't Know | Total |
|---|---|---|---|---|---|
| <10000 | 70.8 | 20.8 | 4.2 | 4.2 | 100.0 |
| 10000-20000 | 74.4 | 17.4 | 5.9 | 2.3 | 100.0 |
| 20000-30000 | 60.2 | 35.5 | 2.7 | 1.6 | 100.0 |
| 30000-40000 | 41.5 | 57.3 | 1.2 | 0.0 | 100.0 |
| 40000-50000 | 19.5 | 76.8 | 2.4 | 1.2 | 100.0 |
| >50000 | 46.0 | 36.7 | 7.2 | 10.1 | 100.0 |
| **Total** | **53.7** | **36.1** | **5.0** | **5.2** | **100.0** |

Source: Same as Table 1

***തിരിച്ചെത്തിയവരിൽ 47 ശതമാനം പേർക്കും ജോലി നഷ്ടമായെന്നും 39 ശതമാനം പേർക്ക് ശമ്പളം ലഭിച്ചിട്ടില്ലെന്നും സർവെ വ്യക്തമാക്കുന്നു.***

തൊട്ടടുത്ത സ്ഥാനങ്ങളിൽ വരുന്നത്. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിന്നുള്ള വരാണ് ഇതിൽ അധികം പേരും. ഇതിൽ പകുതി പേരും 39 വയസിന് താഴെ പ്രായമുള്ളവരാണ്. പ്രായം പരിഗണിക്കു മ്പോൾ രണ്ടാം പട്ടികയിൽ പെടുന്നവരാണ് കൂടുതൽ പ്രായമുള്ളവർ. മൂന്നാം വിഭാഗം അതിൽ കുറവ് പ്രായത്തിൽപെടുന്ന വരുമാണ്. ആദ്യത്തെ വിഭാഗമാണ് പ്രായത്തിന്റെ കാര്യത്തിൽ ഏറ്റവും ചെറുപ്പമെന്ന് കാണാം. കൂടുതൽ പേരും സ്വകാര്യമേഖലയിൽ ജോലി ചെയ്തിരുന്ന വരാണ്. ഇവർക്ക് തുടരുന്നതിനുള്ള വിസയുമുണ്ട്. രണ്ടാമത്തെ പട്ടികയിൽ വരുന്നവർ നിർമാണ മേഖല, വ്യവസായം, ഹോട്ടൽ തുടങ്ങിയ മേഖലകളിൽ ജോലി ചെയ്തിരുന്നവരാണ്. മൂന്നാം വിഭാഗത്തിൽ ഉൾപെടുന്നവരിൽ നാലിലൊന്ന് 20 വർഷത്തിലധികം കാലം വിദേശത്ത് ജോലി ചെയ്തിരുന്നവരാണ്. നാല് വർഷത്തിൽ താഴെ ജോലി ചെയ്തിരുന്നവർ അഞ്ചിലൊന്നാണ്. രണ്ടാമത്തെ വിഭാഗത്തിൽ പെടുന്നവരിൽ പകുതിയിലധികം പേരും ഒന്ന് മുതൽ നാല് വർഷം വരെ വിദേശത്ത് കഴിഞ്ഞ വരാണ്.

**കോവിഡ് ഘട്ടത്തിലെ ചെലവുകൾ**

മൂന്നാം വിഭാഗത്തിൽ പെട്ടവർ ക്വാറന്റൈൻ കാലത്തെ ചെലവുകളിൽ പകുതിയിലേറെ സ്വന്തം പോക്കറ്റിൽ നിന്നാണ് വഹിച്ചത്. 38 ശതമാനത്തോളം ചെലവുകൾ സംസ്ഥാന സർക്കാരും വഹിച്ചു. പട്ടിക–2.

സ്വന്തമായി താമസം ഒരുക്കുന്നതിനുള്ള താല്പര്യവും പറ്റിയ ക്വാറന്റൈൻ സൗകര്യങ്ങളുടെ ലഭ്യതയുമാണ് മൂന്നാമത്തെ വിഭാഗത്തിൽപെട്ടവർ അതിനുവേണ്ടി കൂടുതൽ ചെലവഴിക്കാൻ കാരണം. എന്നാൽ ഈ വിഭാഗത്തിൽ പെടുന്നവർക്കായി ഭക്ഷണത്തിനും ക്വാറന്റൈൻ സൗകര്യങ്ങൾ നല്കുന്നതിനുമായി സർക്കാർ നല്ല തുക ചെലവഴിച്ചിട്ടുണ്ട് (രാജൻ, പട്ടത്ത്–2021). ഇവരിൽ

**Table 3:** Wage theft in various situations of work during the pandemic, 2021

| Common situations of wage theft | Percentage of the victims of wage theft |
|---|---|
| Asked to resign | 40.9 |
| Advised to travel back without salary | 10.7 |
| No extension of work visa | 10.9 |
| Work without wages | 8.8 |
| Salary reduction | 18.2 |
| Threatened to terminate | 3.1 |
| Others | 7.4 |
| **Total** | **100** |

Source: Same as Table 1

***നിരാശരായി തിരികെയെത്തിയവരിൽ 44 ശതമാനം പേരും കേരളത്തിൽ ജോലി ചെയ്ത് ജീവിക്കുന്നതിനോ, അല്ലെങ്കിൽ സ്വന്തമായി ബിസിനസ് ചെയ്യുന്നതിനോ താൽപര്യമുള്ളവരാണ്.***

പകുതിയിലധികം പേർ 'വന്ദേ ഭാരത്' വിമാനങ്ങളാണ് മടക്കയാത്രക്കായി പ്രയോജനപ്പെടുത്തിയത്. 10000 ത്തിനും 20000 ത്തിനും ഇടയ്ക്ക് തുകയാണ് ഇവർ ഇതിനായി ചെലവഴിച്ചത്.

**വേതനത്തിൽ ഉണ്ടായ ഇടിവ്**

കോവിഡ് രൂക്ഷമായ ഘട്ടത്തിൽ നിയമപരമായി നൽകേണ്ട വേതനം തൊഴിലുടമ നൽകാതിരുന്ന സാഹചര്യം സംജാതമായി. ലോകത്തെ മിക്ക രാജ്യങ്ങളിലും ഏറിയും കുറഞ്ഞും ഇത് പ്രകടമായിരുന്നു. മിനിമം വേതനത്തിലും കുറവ് മാത്രം വേതനം നൽകുക, ഓവർ ടൈം അലവൻസ് നൽകാതിരിക്കുക, വേതനത്തിൽ കുറവ് വരുത്തുക എന്നിവക്കു പുറമെ കരാർ തീരുന്ന സമയത്ത് നൽകേണ്ട ആനു കൂല്യങ്ങളും നിഷേധിക്കപ്പെട്ടിട്ടുണ്ട് (എം എഫ് എ–2021) പട്ടിക–3.

സർവ്വേയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ 47 ശതമാനം പേർക്ക് ജോലി നഷ്ടമായപ്പോൾ 39 ശതമാനത്തിന് വേതനം ലഭിച്ചിട്ടില്ലെന്ന് കാണാം. പലർക്കും ശമ്പളം വെട്ടിക്കുറച്ചു. 40.9 ശതമാനം പേരോടും ജോലി രാജിവയ്ക്കാൻ സ്ഥാപനം ആവശ്യപ്പെടുകയായിരുന്നു. 8.8 ശതമാനം പേർ ശമ്പളമില്ലാതെയാണ് ജോലി ചെയ്തത്. 18.2 ശതമാനം പേരുടെ ശമ്പളം വെട്ടിക്കുറച്ചു. അഞ്ചുവർഷത്തിലേറെ ജോലി ചെയ്തവരിൽ 61.1 ശതമാനം പേരും ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ ഇല്ലാതെയാണ് മടങ്ങിയത്.

**മൂന്നാം വിഭാഗത്തിൽ പെടുന്നവരുടെ ഭാവി പരിപാടികൾ**

59 ശതമാനം പേർക്കും പുതിയ ജോലി കണ്ടെത്തിയോ, ഉണ്ടായിരുന്ന ജോലിയിൽ തുടർന്നോ തിരികെ പോകുന്നതിനാണ് താല്പര്യം. ജോലി തേടിക്കൊണ്ട് തത്കാലം കേരളത്തിൽ തുടരുവാനാണ് 30 ശതമാനം പേരുടെ പരിപാടി. 13 ശതമാനം പേർക്ക് എന്തെങ്കിലും ബിസിനസ് സംരംഭം തുടങ്ങാൻ താല്പര്യമുണ്ട്. രണ്ടാമത്തെ പട്ടികയിൽ ഉൾപ്പെടുന്നവരിൽ 50 ശതമാനം പേരും തങ്ങളുടെ പ്രവാസ ജീവിതത്തിൽ അസംതൃപ്തിയുള്ളവരാണ്. എന്നാൽ വീണ്ടും പോകുന്ന കാര്യത്തിൽ താല്പര്യം പ്രകടമാക്കുന്നവരുമാണ്. ഇക്കൂട്ടരിൽ 44 ശതമാനവും കേരളത്തിൽ ജോലി ചെയ്യുന്നതിനോ, എന്തെങ്കിലും ബിസിനസ് തുടങ്ങുന്നതിനോ താല്പര്യം പ്രകടിപ്പിക്കുന്നു.

**ഉപസംഹാരം**

തിരിച്ചെത്തിയവരിൽ ഭൂരിഭാഗം പേരും തങ്ങളുടെ ജോലിയിലും ജീവിതത്തിലുമുള്ള പ്രതിസന്ധി മൂലം നിരാശരാണ്. മൂന്നാം വിഭാഗത്തിൽ പെടുന്നവരിൽ പകുതിയധികം പേർക്കും പ്രവാസി ജീവിതം തുടരാനാണ് താല്പര്യം. ഇതിൽ പലരും ഇതിനകം

***വീണ്ടും വിദേശത്തേക്ക് പോകാൻ താല്പര്യമുള്ളവരിൽ 44 ശതമാനം പേരും ഒരു ജോലി ചെയ്തോ, ബിസിനസ് ആരംഭിച്ചോ കേരളത്തിൽ തന്നെ തുടരാൻ താല്പര്യപെടുന്നവരാണ്.***

തിരികെ പോയിട്ടുമുണ്ട്. 44 ശതമാനം പേരാണ് കേരളത്തിൽ വാസമുറപ്പിക്കാനും ജോലിയോ ബിസിനസോ ചെയ്യാനും താല്പര്യം പ്രകടമാക്കുന്നുണ്ട്.

1985 പേരെ ഉൾപെടുത്തികൊണ്ടുള്ള സർവ്വേയ്ക്ക് അതിന്റെതായ പരിമിതികളുണ്ട്. എന്നാൽ ഇതിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രവാസികളുടെ തിരിച്ചുവരവിന്റെ കാര്യത്തിൽ വെളിച്ചം വീശുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രവാസികളെകുറിച്ചുള്ള വിവരശേഖരണത്തിനായി സ്ഥിരമായ സംവിധാനം ഉണ്ടാകേണ്ടതുണ്ട്. സെൻസസ് രീതി, പുതിയ പ്രവാസി സർവെ തുടങ്ങിയ സംവിധാനം അഞ്ചു വർഷത്തിലൊരിക്കൽ എന്ന രീതിയിൽ അവലംബിക്കാവുന്നതാണ്. കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ 2000 മലയാളികൾ ഗൾഫിൽ മരിച്ചിട്ടുണ്ടെന്നാണ് കണക്ക്. ഇവരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും നഷ്ടപരിഹാരം ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ഇവരുടെ പ്രശ്ങ്ങൾ എങ്ങനെ പരിഹരിക്കും എന്നത് വളരെ പ്രധാനമാണ്. ഇതിനായി ഒരു പ്രത്യേക സംവിധാനം ആവശ്യമാണ്. കൗതുകകരമായ കാര്യം സർവ്വേയിൽ പങ്കെടുത്തവരിൽ നാലിൽ മൂന്ന് പേർക്കും കേന്ദ്ര സർക്കാരിന്റെ എം എ ഡി എ ഡി എന്ന പരാതിപരിഹാര സംവിധാനത്തെ കുറിച്ച്യാതൊരു അറിവുമില്ല എന്നതാണ്.

■

(ഗിഫ്റ്റിലെ ഓണററി ഫെലോയും ഇന്റർനാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് മൈഗ്രേഷൻ ആൻഡ് ഡെവലപ്മെന്റിന്റെ (ഐ ഐ എം എ ഡി) ചെയർമാനുമാണ് ലേഖകൻ.)

## References

1. Reported by migrant workers during *Justice for wage theft campaign by Migrant Forum in Asia*. Accessed from http://mfasia.org/migrant forumasia/wp-content/uploads/2021/04/MFA_Crying-Out-for-Justice_04.12.pdf.
2. The paper is based on the post-budget discussion held at Gulati Institute of Finance and Taxation on *Kerala Economic Review and Kerala Budget 2022-23* on 25 March 2022.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 3
ജൂലൈ–ആഗസ്റ്റ്–സെപ്റ്റംബർ 2022

# കേരളത്തിന്റെ നിർമ്മാണ വ്യവസായം കോവിഡ് ഘട്ടത്തിൽ: നയപരമായ മാറ്റത്തിന്റെ സാദ്ധ്യതകൾ

കെ. ജെ ജോസഫ്, കിരൺകുമാർ കക്കാർലപുടി

**ആമുഖം**

വ്യവസായവത്കരണമാണ് സാമ്പത്തിക പുരോഗതിയുടെ മൂലാധാരമെന്നാണ് സാമ്പത്തിക സിദ്ധാന്തങ്ങൾ പൊതുവിൽ പറയുന്നത്. അതിവേഗത്തിലുള്ള വ്യവസായവത്കരണമാണ് പല രാജ്യങ്ങളുടെയും ഉയർന്ന നിലവാരത്തിലുള്ള പുരോഗതിക്ക് കാരണം. അതല്ലാത്ത ഉദാഹരണങ്ങൾ സാമ്പത്തിക ചരിത്രത്തിൽ ഇല്ല എന്ന് തന്നെ പറയാം. എന്നാൽ കേരളത്തിന്റെ കാര്യത്തിൽ സ്ഥിതി അങ്ങനെയല്ലെങ്കിലും വികസന രംഗത്തെ സൂചികകൾ വികസിത രാജ്യങ്ങളുടേതിന് സമാനമാണ്. നിർമാണ മേഖലയിൽ കാര്യമായ പുരോഗതി ഇല്ലാതെ തന്നെ കൈവരിച്ച ഈ നേട്ടം സാമ്പത്തിക ശാസ്ത്രജ്ഞരുടെ ശ്രദ്ധയാകർഷിച്ച ഒരു കാര്യമാണ് (ഐസക്ക്, തരകൻ, 1986, സുബ്രഹ്മണ്യൻ, പിള്ള, 1986, സുബ്രഹ്മണ്യൻ, 1990, തോമസ്, 2005). നവീകരണത്തിന്റെ അഭാവം, വൈവിധ്യവത്കരണത്തിന്റെ പരിമിതി തുടങ്ങിയ ഘടകങ്ങളാണ് സംസ്ഥാനത്തിന്റെ വ്യവസായികമായ പിന്നോക്കാവസ്ഥക്ക് കാരണമെന്നാണ് സുബ്രഹ്മണ്യൻ, പിള്ള (1986), സുബ്രഹ്മണ്യൻ (1990) എന്നിവർ നിരീക്ഷിച്ചത്. ആയിരത്തി തൊള്ളായിരിത്തി എൺപതുകളിലെ സമ്പ്രദായം കാര്യമായ മുന്നേറ്റം കാഴ്ച വച്ചപ്പോഴും നിർമാണ മേഖലയിലെ കേരളത്തിന്റെ പ്രകടനം ദേശീയ ശരാശരിയേക്കാൾ താഴെയായിരുന്നു (സുബ്രഹ്മണ്യൻ, അസീസ്, 2000). ഒരു തുറന്ന സമ്പദ്ഘടന എന്ന നിലയിൽ സംസ്ഥാന ത്തിന്റെ പ്രകടനം ജോസഫ്, ഹരിലാൽ എന്നിവർ (2003) വിശകലനം ചെയ്യുന്നുണ്ട്. വിഭവങ്ങളുടെ നീക്കം, ചെലവ് ചെയ്യുന്നതിന്റെ ഫലങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഇത്. എൺപതുകളുടെ അന്ത്യത്തോടെ സംസ്ഥാന സമ്പദ്ഘടനയിൽ ഉണർവ് പ്രകടമാകുന്നതായി ഇവർ കണ്ടെത്തുന്നുണ്ട്. ഈ ഘട്ടത്തിൽ ഉയർന്ന മൂല്യവർധിത ഉത്പന്നങ്ങളെ കേന്ദ്രീകരിച്ച് ഒരു അഴിച്ചുപണി നടന്നതായി ഇവർ വിലയിരുത്തുന്നു. ഉയർന്ന വേതനം ലഭ്യമാകുന്ന ഒരു സംസ്ഥാനം എന്ന നിലയിൽ കുറഞ്ഞ തോതിൽ മൂല്യവർധന ഉണ്ടാകുന്ന പരമ്പരാഗത വ്യവസായങ്ങളുമായി കേരളത്തിന് അധികകാലം മുൻപോട്ട് പോകാൻ കഴിയില്ലെന്നാണ് ഇവരുടെ വാദം. 2018–19 ലെ മഹാപ്രളയത്തിന് മുൻപുള്ള 15 വർഷക്കാലം കേരളത്തിന് വികസന രംഗത്ത് വലിയ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ നിർമാണ വ്യവ

***അതിവേഗത്തിലുള്ള വ്യവസായവൽക്കരണം വഴിയല്ലാതെ ലോകത്തെ ഒരു രാജ്യവും ഉയർന്ന സാമ്പത്തിക വികസനം നേടിയിട്ടില്ല എന്ന് സാമ്പത്തിക ചരിത്രം വ്യക്തമാക്കുന്നു.***

***1980 മുതൽ 2010 വരെയുള്ള ഘട്ടത്തിൽ കേരളത്തിന്റെ മാനുഫാക്ചറിംഗ് മേഖലയിലെ വളർച്ച അഖിലേന്ത്യ ശരാശരിയേക്കാൾ താഴെയായിരുന്നു. എന്നാൽ 2011 മുതൽ ഇതിന് മാറ്റം വരുന്നതായി കാണാം. ഈ ഘട്ടത്തിൽ ദേശീയതലത്തിൽ വളർച്ച കുറഞ്ഞപ്പോൾ കേരളം നേട്ടം കൈവരിച്ചു.***

സായ മേഖലയുടെ പ്രകടനം വിലയിരുത്തുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. കോവിഡ് മുക്തമായതോടെ സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാൻ കാര്യമായ ശ്രമങ്ങൾ നടക്കുന്ന സാഹ ചര്യത്തിൽ ഇത്തരമൊരു പഠനം പ്രസക്തമാണ്.

വിശകലനത്തിനായി ഇവിടെ രണ്ടു പ്രധാന സ്രോതസുകളെയാണ് ആശ്രയിച്ചരിക്കുന്നത്. മൊത്ത മൂല്യവർധനയുടെ വിശകലനത്തിനായി നാഷണൽ അക്കൗണ്ട്സ് ഡേറ്റയും പൊതുവിലയിരുത്തലിനായി നിലവിലെ വിലയെയും സ്ഥിരവിലയേയും ആധാരമാക്കിയുള്ള സംസ്ഥാന ആഭ്യന്തര ഉല്പാദനത്തെയുമാണ് ഉപയോഗപെടുത്തിയിരിക്കുന്നത്. രാജ്യത്തിൻറെ മാനുഫാക്ചറിംഗ് രംഗത്ത് കോവിഡ് ഉളവാക്കിയ ആഘാതം വിലയിരുത്തുന്ന തിനായി ദേശീയ വ്യവസായിക ഉല്പാദനത്തിന്റെ (ഐ ഐ പി) സൂചികയുമാണ് ഉപയോഗിച്ചിരിക്കുന്നത്. സംസ്ഥാന സാമ്പത്തിക, സ്ഥിതിവിവര കണക്ക് വകുപ്പിൽ നിന്നാണ് കേരളത്തെ കുറിച്ചുള്ള ഐ ഐ പി വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത്.

### കേരളത്തിലെ നിർമ്മാണ മേഖല – ദീർഘകാല വീക്ഷണം

ഈ മേഖലയുടെ ദേശീയതലത്തിലുള്ള പ്രകടനം നിരന്തരമായി വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമായിട്ടുണ്ട്. സാമ്പത്തിക ഉദാരവത്കരണത്തിന് ശേഷമുണ്ടായ പ്രകടനത്തെ കേന്ദ്രീകരിച്ചായിരുന്നു ചർച്ചയുടെ ഏറിയ പങ്കും. എന്നാൽ ഈയിടെയായി 'മേക് ഇൻ ഇന്ത്യ' പോലുള്ള പദ്ധതികളും 'ആത്മനിർഭർ ഭാരത്' എന്ന പ്രഖ്യാപനവുമാണ് ചർച്ചകളുടെ കേന്ദ്രബിന്ദു. കേരളത്തിലും നയരൂപീകരണത്തിലെ ഒരു മുഖ്യ അജണ്ടയായി ഇത് മാറിയിട്ടുണ്ട്. കേരളത്തിന്റെ ഈ രംഗത്തെ സംസ്ഥാന ജി ഡി പി യുടെ അടിസ്ഥാനത്തിലും ഇന്ത്യയിലേത് ദേശീയ ജി ഡി പി യുടെയും അടിസ്ഥാനത്തിൽ പരിശോധിക്കുക എന്ന സമീപനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാന തലത്തിലും ദേശീയതലത്തിലും നിർമ്മാണ മേഖലയുടെ വളർച്ച വ്യത്യസ്ത ട്രെൻഡുകളാണ് കാണിക്കുന്നത്. 1980–90 മുതൽ 1991–2000 വരെയുള്ള കാലയളവിൽ കേരള

**Table 1:** Growth of manufacturing in Kerala (%)

| | All India | | Kerala | |
|---|---|---|---|---|
| | Manufacturing | GDP | Manufacturing | GSDP |
| 1980-90 | 6.23 | 5.40 | 4.25 | 3.67 |
| 1991-00 | 6.09 | 5.73 | 6.13 | 5.61 |
| 2001-10 | 8.03 | 6.72 | 5.19 | 7.71 |
| 2011-19 | 5.87 | 6.24 | 7.91 | 5.76 |

Source: Authors' own calculation based on EPWRF

***ഉയർന്ന സാങ്കേതിക മികവ് ആവശ്യമുള്ള മാനുഫാക്ചറിംഗ് കേരളത്തിൽ കുറഞ്ഞു വരുന്നുവെന്നത് ആശങ്കാജനകമാണ്. വ്യവസായവത്കരണ കാര്യത്തിൽ കേരളം പിന്നോട്ടടിക്കുന്നതാണ് ഇതിന് കാരണം.***

ത്തിൽ ഈ മേഖലയുടെ വളർച്ച 4.3 ശതമാന ത്തിൽ നിന്നും 6.1 ശതമാനമായി ഉയർന്നു. എന്നാൽ നേരിയ തോതിലുള്ള ഇടിവാണ് ദേശീയ തലത്തിൽ ഈ ഘട്ടത്തിൽ പ്രകട മായത്. അതായത് 6.23 ശതമാനത്തിൽ നിന്ന് 6.1 ശതമാനമായി താഴ്ന്നു. പക്ഷെ തുടർന്ന് വന്ന ദശകത്തിൽ ദേശീയ തലത്തിലെ വളർച്ച എട്ട് ശതമാന ത്തിലേക്ക് ഉയർന്ന പ്പോൾ സംസ്ഥാനത്ത് അത് 5.19 ശതമാന മായി കുറഞ്ഞു. 2011–19 കാലയളവിൽ ഈ ട്രെൻഡ് വീണ്ടും തിരിച്ചായി (പട്ടിക–1). 1980 മുതൽ 2010 വരെയുള്ള ദശകങ്ങളിൽ കണ്ട ഒരു പ്രത്യേകത അഖിലേന്ത്യാടിസ്ഥാന ത്തിൽ ജി ഡി പി വളർച്ചയേക്കാൾ കൂടുത ലായിരുന്നു നിർമ്മാണ മേഖലയിലെ വളർച്ച എന്നതാണ്. 2011 മുതൽ 2019 വരെയുള്ള ഘട്ടത്തിലാണ് ഏറ്റവും കുറവ് വളർച്ച രേഖപ്പെടുത്തിയത്. കേരളത്തിൽ പക്ഷെ, 1980 മുതൽ 2010 വരെയുള്ള ദശകങ്ങളിൽ കുറഞ്ഞ വളർച്ചയാണ് രേഖപ്പെടുത്തിയത്. 2011–19 ദശകത്തിൽ ഇതിന് കാതലായ മാറ്റം സംഭവിച്ചു. അതായത് ദേശീയ തലത്തിൽ പ്രകടനം മോശമായപ്പോൾ കേരളത്തിന് നേട്ടം കൈവരിക്കാൻ കഴിഞ്ഞു എന്നർത്ഥം (പട്ടിക–1).

ആഗോളവത്കരണത്തിന് ശേഷം പല വിക സ്വരരാജ്യങ്ങളിലും വ്യവസായ വൽക്കരണം കുറഞ്ഞു വരുന്നതായി നിരവധി പഠനങ്ങ ളുണ്ട്. ജി ഡി പി യിൽ നിർമ്മാണ മേഖല യുടെ സംഭാവന കുറയുന്നു എന്നതര ത്തിലോ, ഈ മേഖലയിൽ തൊഴിലവ സരങ്ങൾ കുറയുന്നതായോ ആണ് ഈ പ്രത്യേകതയെ നിർണ്ണയം ചെയ്തിരി ക്കുന്നത്. ഈ സാഹചര്യത്തിൽ മൊത്തം ഉല്പാദന മൂല്യം നിർണ്ണയിക്കുന്നതിൽ ഇന്ത്യയിലും കേരളത്തിലും നിർമ്മാണ രംഗം എന്ത് പങ്ക് വഹിക്കുന്നു എന്ന അന്വേഷണം പ്രസക്ത മാവുകയാണ്.

എൺപതുകളിലാണ് ഇന്ത്യയിൽ വളർച്ച യുടെ ഒരു പ്രത്യേക ഘട്ടത്തിന് തുടക്കം കുറിക്കുന്നത്. ഈ ഘട്ടം മുതൽ ജി എസ് ഡി പിയിൽ നിർമ്മാണ മേഖല വഹിക്കുന്ന പങ്ക് ഇവിടെ താരതമ്യം ചെയ്യുകയാണ്. പത്തു വർഷത്തിനിടയിലെ ശരാശരി ഡേറ്റയാണ് ഇതിനായി പരിഗണിക്കുന്നത്. കഴിഞ്ഞ നാല് ദശകങ്ങളിൽ കേരളത്തിന്റെ കാര്യത്തിൽ ഇത് ദേശീയ ശരാശരിയേക്കാൾ താഴെയാണ് എന്ന് കാണാൻ കഴിയും. 2000 ത്തിന് ശേഷം ഇത് കൂടുതൽ പ്രകടമാകു ന്നുണ്ട്. നിർമ്മാണ മേഖലയുടെ വിഹിതം ദേശീയ തലത്തിൽ (18.3 ശതമാനം) കേരള ത്തിന്റേതിനേക്കാൾ (14 ശതമാനം) 1.3 ഇരട്ടി അധികമാണ്. തൊണ്ണൂറുകളിൽ ഇത് 1.2 ഇരട്ടി എന്ന തോതിലേക്ക് താഴ്ന്നു. എന്നാൽ പിന്നീട് ഇത് കൂടുകയും ചെയ്തു (രേഖാചിത്രം–1). 2011 മുതൽ 2019 വരെ അഖിലേന്ത്യാ ശരാശരി വിഹിതം കേരള ത്തേക്കാൾ 1.6 ഇരട്ടി അധികമാണെന്നും കാണാം. എൺപതുകൾ മുതൽ തന്നെ ദേശീയതലത്തിലും കേരളത്തിലും നിർ മ്മാണ മേഖലയിൽ കാണുന്നത് ഇടിയുന്ന ഒരു ട്രെൻഡാണ്. തൊണ്ണൂറുകളിലേക്ക് വരുമ്പോൾ കേരളത്തിൽ ഇടിവ് കൂടുതൽ രൂക്ഷമാകുന്നത് കാണാം. 1990 മുതൽ 2010 വരെയുള്ള കാലയളവിൽ കേരളത്തിൽ മാനുഫാക്ചറിങ് മേഖലയുടെ പങ്ക് 3 ശതമാനമായാണ് കുറയുന്നത്. എന്നാൽ ഈ ഘട്ടത്തിൽ ദേശീയ തലത്തിൽ കാര്യമായ ഇടിവ് കാണുന്നില്ല. അടുത്ത ദശകത്തിൽ ദേശീയ തലത്തിലാണ് കേരളത്തെ അപേ

**Figure 1:** Share of manufacturing in total GSDP in Kerala (%)




Source: Authors' own calculation based on EPWRF

**Figure 2:** Share of high-tech in total manufacturing (in %)




Source: Authors' own calculation based on Annual Survey Industries, various years

***2014 മുതൽക്ക് മൊത്തം മൂല്യവർദ്ധനവിന്റെ കാര്യത്തിൽ മാനുഫാക്ചറിങ് മേഖലയുടെ വിഹിതത്തിൽ സംഭവിച്ചു വന്ന ഇടിയുന്ന പ്രവണത മാറുന്നതായി കാണാൻ കഴിയും. 2014–15 ൽ 9.8 ശതമാനമായിരുന്ന വിഹിതം 2019–20ൽ 11.1 ശതമാനമായി ഉയർന്നു.***

ക്ഷിച്ച് ഇടിവ് കൂടുതൽ പ്രകടമാകുന്നത്. രാജ്യവും കേരളവും വ്യവസായവത്കരണ കാര്യത്തിൽ പിന്നോട്ട് പോകുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. കേരളത്തിൽ ഇത് കൂടുതൽ വേഗത്തിലാണെന്ന് മാത്രം. എന്നാൽ സമീപ കാലത്തായി സംസ്ഥാന ജി ഡി പി യിൽ നിർമ്മാണ മേഖലയുടെ പങ്ക് ഉയരുന്നതായി കാണാം (രേഖാചിത്രം–1).

ഈ പശ്ചാത്തലത്തിൽ ഉയർന്ന തോതിലുള്ള മൂല്യവർധനക്ക് ഊന്നൽ നൽകി വ്യവസായ മേഖലയുടെ സമഗ്രമായ അഴിച്ചുപണി വേണമെന്ന് വിദഗ്ദർ ചൂണ്ടിക്കാട്ടുന്നു. സംസ്ഥാനത്തെ വ്യവസായ ഘടന പരിഗണി ക്കുമ്പോൾ ഉയർന്ന സാങ്കേതികവിദ്യക്ക് ഊന്നൽ നൽകിയുള്ള ഉൽപന്ന ങ്ങളുടെ പങ്ക് പൊതുവെ കുറയുന്നതായി കാണാം. പ്രത്യേ കിച്ച് 1988 മുതൽക്ക്. ദേശീയതലത്തിലും ഇതേ സ്ഥിതിയുണ്ട്, എന്നാൽ സംസ്ഥാന ത്തിന്റെ അത്ര തീവ്രമല്ല. കേരളത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥക്ക് ഒരു കാരണം ഇത്തരം ഹൈടെക് സാങ്കേതിക വിദ്യയിൽ ഊന്നിയുള്ള ഉല്പാദനത്തിലെ പോരായ്മയാണ്. ഭാവി നയരൂപീകരണ ത്തിൽ ഇതിന് പ്രത്യേക ഊന്നൽ നൽകേണ്ട തുണ്ട് (രേഖാചിത്രം–2).

### 3. കേരളത്തിന്റെ നിർമ്മാണ മേഖലയുടെ ചില നേട്ടങ്ങൾ

കഴിഞ്ഞ നാലു സാമ്പത്തിക വർഷങ്ങളിൽ നിർമ്മാണ മേഖലയിൽ ഉണ്ടായ തിരിച്ചു വരവാണ് സാമ്പത്തിക റിവ്യൂവിൽ വ്യക്ത മാക്കുന്നത്. 2014–15 ൽ 9.8 ശതമാന മായിരുന്ന മാനുഫാക്ചറിങ് മേഖലയുടെ മൂല്യവർധന 2019–20 ൽ 11.1 ശതമാനമായി ഉയർന്നതായി ഇത് ചൂണ്ടിക്കാട്ടുന്നു. 2017–18 ലെ പി എൽ എഫ് എസ് പ്രകാരം 15 ലക്ഷം പേർ ഈ മേഖലയിൽ ജോലി ചെയ്യുന്നു. സംസ്ഥാ നത്ത് മൊത്തമുള്ള 127 ലക്ഷം തൊഴിലാളി കളുടെ 12.8 ശതമാനം വരുമിത്. ഇതിൽ 3.1 ലക്ഷം പേർ ജോലി ചെയ്യുന്നത് സംഘടിത വ്യവസായ മേഖലയിലാണ്. വൈവിധ്യവത് കരണത്തിന്റെ അഭാവമാണ് കേരളത്തിന്റെ വ്യവസായവൽക്കരണം നേരിടുന്ന ഒരു പ്രധാന വൈതരണി. കൂടുതലും പരമ്പരാ ഗത വ്യവസായങ്ങളും ചില സ്രോതസുകൾ കേന്ദ്രീകരിച്ചുള്ള വ്യവസായങ്ങളുമാണ് കേരളത്തിൽ കാണുന്നത്. നാല് വ്യവ സായങ്ങൾ, അതായത് ഭക്ഷ്യഉത്പന്നങ്ങൾ, പെട്രോളിയം, രാസവസ്തുക്കൾ, റബർ എന്നീ മേഖലകളിലുള്ളവ ചേർന്നാൽ കേരളത്തിലെ വ്യാവസായിക ഉത്പന്ന മൂല്യത്തിന്റെ 50 ശതമാനത്തിലേറെയാണ്. തൊഴിൽ മേഖലയുടെ നല്ല പങ്കും ഈ വിഭാഗങ്ങളിലാണ്. സ്രോതസുകൾ കേന്ദ്രീ കരിച്ചുള്ള വ്യവസായങ്ങൾ 46.8 ശതമാന മാണ്. 2017–18 ലെ കണക്കുകൾ പ്രകാരം മൊത്തം തൊഴിലാളികളിൽ 1.52 ലക്ഷം പേർ പണിയെടുക്കുന്നത് ഇത്തരം വ്യവസായ ങ്ങളിലാണ്. സാമ്പത്തിക റിവ്യൂ ചൂണ്ടി ക്കാട്ടുന്ന ശ്രദ്ധേയമായ ഒരു കാര്യം ആധു നിക വ്യവസായങ്ങളുടെ പങ്കുകൂടി വരുന്നു എന്നും പരമ്പരാഗത മേഖലയുടെ പങ്കാ ളിത്തം കുറയുന്നു എന്നതുമാണ്. മെഡി ക്കൽ, ദന്തൽ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന മേഖലയിലെ തൊഴിലാളി കളുടെ എണ്ണം 2012–13 ലെ 1023 ൽ നിന്നും 2017–18 ൽ 2730 ആയി ഉയർന്നു. രാസവസ്തുക്കൾ, വസ്ത്ര ങ്ങൾ, ഫാർമ സ്യൂട്ടിക്കൽ ഉത്പന്നങ്ങൾ, ഗൃഹോപകരണങ്ങൾ, ആഭരണങ്ങൾ തുട ങ്ങിയ രംഗങ്ങളിൽ യൂണിറ്റുകളുടെ എണ്ണ

***സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ വരുമാനം, തൊഴിൽ സൃഷ്ടിക്കൽ എന്നിവയുടെ കാര്യത്തിൽ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്.***

ത്തിൽ കാര്യമായ വർധന ഉണ്ടായതായി കാണാം (സാമ്പത്തിക റിവ്യൂ).

കേരളത്തിന്റെ സാമ്പത്തിക വികസനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ വഹിച്ച പങ്ക് നിർണ്ണായകമാണ്. അതുകൊണ്ട് കോവിഡ് മഹാമാരിയുടെ പ്രതിസന്ധിയിൽ നിന്നും കരകയറുന്ന കാര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ഊർജം നൽകുക എന്നത് ഏറെ പ്രധാന്യമുള്ള കാര്യമാണ്. 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് സംസ്ഥാനത്തുള്ളത്. മൊത്തം 3171.77 കോടി രൂപയുടെ വിറ്റുവരവിൽ ഇവ വരുത്തിവച്ച നഷ്ടം 152.98 കോടി രൂപയാണ്. എന്നാൽ 2020–21 ൽ വിറ്റുവരവ് 3321.67 കോടിയായി ഉയർന്നു. നഷ്ടം 137.62 കോടിയിലേക്ക് താഴ്ന്നു.

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം പൊതുവിൽ നിരാശാജനകമാണെങ്കിലും രാസവസ്തുക്കൾ, ഇലക്ട്രിക് ഉപകരണങ്ങൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന ചില സ്ഥാപനങ്ങൾ 2017 നു ശേഷം തിരിച്ചുവരവിന്റെ പാതയിലാണ്. കോവിഡ് ഘട്ടത്തിൽ പോലും ഈ സ്ഥാപനങ്ങളുടെ വിറ്റുവരവിൽ 5 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. ഫാർമസ്യൂട്ടിക്കൽ, ബയോടെക്നോളജി, ലൈഫ് സയൻസ്, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയ മേഖലകളിൽ നല്ല സാദ്ധ്യതകൾ തുറക്കുന്നുണ്ടെന്നാണ് ഇത് വ്യക്തമാക്കുന്നത്. വിപുലമായ ഇലക്ട്രോണിക് ഹാർഡ്വെയർ നിർമ്മാണ കമ്പനികൾക്കും കൂടുതൽ സാധ്യത സാമ്പത്തിക റിവ്യൂ കാണുന്നുണ്ട്. സംസ്ഥാനത്തെ ഉയർന്ന നിലവാരമുള്ള മാനവവിഭവശേഷിയും നൈപുണ്യവും ഇതിനായി പ്രയോജനപ്പെടുത്താൻ കഴിയും.

സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ (എം എസ് എം ഇ) കേരളത്തിന്റെ വ്യവസായവത്കരണ രംഗത്ത് വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. പ്രത്യേകിച്ച്, വരുമാനവും തൊഴിലും സൃഷ്ടിക്കുന്ന കാര്യത്തിൽ. ഇന്ത്യയിലെ മൊത്തം എം എസ് എം ഇകളിൽ 5.62 ശതമാനം കേരളത്തിലാണ്. സാമ്പത്തിക റിവ്യൂ നൽകുന്ന കണക്കുകൾ പ്രകാരം 2020–21 സാമ്പത്തിക വർഷത്തിൽ 1221.86 കോടി രൂപ മുതൽമുടക്കിൽ 11,540 യൂണിറ്റുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. 44, 975 പേർക്ക് ഈ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചിട്ടുണ്ട്. 2019–20 ൽ ഇത് യഥാക്രമം 1338. 65 കോടി രൂപയും 13, 695 യൂണിറ്റുകളും 46, 081 തൊഴിലുമാണ്. മേഖല തിരിച്ചുള്ള കണക്കെടുക്കുമ്പോൾ കാർഷിക–ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ കാര്യത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് സ്ഥിരതയാർന്ന മുന്നേറ്റം കാണാം. 2016–17 ൽ 2395 യൂണിറ്റുകളാണ് ഈ മേഖലയിൽ ഉണ്ടായിരുന്നതെങ്കിൽ 2020–21 ൽ അത് 3359 ആയി ഉയർന്നു. സേവന മേഖലയിൽ 2016–17ൽ 3057 യൂണിറ്റുകൾ ഉണ്ടായിരുന്നത് 2019–20 ൽ 4036 എണ്ണമായി ഉയർന്നു. എന്നാൽ 2020–21 സാമ്പത്തിക വർഷത്തിൽ ഇവയുടെ എണ്ണം 2725 ലേക്ക് താഴ്ന്നു. എം എസ് എം ഇ കൾ നേരിടുന്ന വെല്ലുവിളികളെ കുറിച്ച് സാമ്പത്തിക റിവ്യു വ്യക്തമാക്കു ന്നുണ്ട്. ഡിജിറ്റൽ വത്കരണം, അടിസ്ഥാന സൗകര്യ രംഗത്തെ പോരായ്മകൾ, വായ്പാ ലഭ്യതയുടെ കുറവ്, വിപണന മേഖലയിലെ പ്രശ്നങ്ങൾ തുടങ്ങിയവയാണ് പ്രധാന വെല്ലുവിളികൾ.

സാമ്പത്തിക റിവ്യൂവിന്റെ മൂന്നാമത്തെ അദ്ധ്യായത്തിന്റെ നല്ലൊരു ഭാഗവും കൈത്തറി, വസ്ത്രങ്ങൾ, സ്പിന്നിങ്മിൽ,

കരകൗശലം, കയർ, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളെ കുറിച്ചാണ് പ്രതിപാദിക്കുന്നത്. പരമ്പരാഗത മേഖലയിലെ വ്യവസായങ്ങളുടെ പ്രകടനം താഴെ ചേർത്തിട്ടുണ്ട്.

ഭക്ഷ്യസംസ്കരണ വ്യവസായ രംഗത്ത് കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപറേഷൻ (കിൻഫ്ര) വഹിക്കുന്ന പങ്ക് നിസ്തുലമാണ്. കാക്കഞ്ചേരിയിലെ കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, പാലക്കാട്ടെ കിൻഫ്ര മെഗാ ഫുഡ് പാർക്ക്, അടൂരിലെ കിൻഫ്ര ഫുഡ് പ്രോസസിങ് പാർക്ക് എന്നിവ 44,052 ലക്ഷം രൂപയുടെ നിക്ഷേപം ഇതിനകം ആകർഷിച്ചിട്ടുണ്ട്. 2374 പേർക്ക് ഇത് വഴി ജോലി ലഭ്യമായിട്ടുണ്ട്.

കേരളത്തിലെ കരകൗശല മേഖല:32 ഇനം കരകൗശല ഉത്പന്നങ്ങൾ നിർമിക്കുന്ന 1.7 ലക്ഷം കരകൗശല വിദഗ്ധരാണ് സംസ്ഥാനത്ത് സജീവമായുള്ളത്. 2020–21 ൽ കരകൗശല വികസന കോർപറേഷൻ 1900 കോടി രൂപയുടെ വിറ്റുവരവാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ കോവിഡ് പ്രതിസന്ധി മൂലം കേവലം 285.26 കോടി രൂപയുടെ വില്പന മാത്രമാണ് നടന്നത്. വിദേശ ടൂറിസ്റ്റുകളുടെ വരവ് കാര്യമായി കുറഞ്ഞതാണ് ഇതിന് മുഖ്യകാരണം.

തുണി, വസ്ത്ര നിർമ്മാണ മേഖല : ഈ മേഖലയിൽ കേന്ദ്ര, സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ നൽകുന്നതിനുള്ള നല്ല സാധ്യതയുള്ള രംഗമാണ് ഇത്. നാടുകാണി എന്ന സ്ഥലത്ത് കേരള ഗവണ്മെന്റ് ഒരു ടെക്സ്റ്റൈൽ സംസ്കരണ കേന്ദ്രം സ്ഥാപിച്ചു വരികയാണ്. 2020–21 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഈ മേഖലക്കായി വകയിരുത്തിയിരുന്നത് 5139 ലക്ഷം രൂപയാണ്. ചെലവഴിച്ച തുകയാവട്ടെ 6000. 78 ലക്ഷം രൂപയും.

കൈത്തറി മേഖല : 2020–21 ലെ കണക്കുകൾ പ്രകാരം കൈത്തറി രംഗത്തെ മൊത്തം തൊഴിലാളികളുടെ എണ്ണം 13,656 ആണ്. 2019–20 ലെ കണക്കുകളുമായി തട്ടിച്ചു നോക്കുമ്പോൾ തറികളുടെ എണ്ണം, മൊത്തം ഉത്പാദനം, മൊത്തം മൂല്യം, ഉത്പാദന ക്ഷമത, തൊഴിലാളികളുടെ എണ്ണം, അതിൽ സ്ത്രീ പങ്കാളിത്തം തുടങ്ങിയ കാര്യങ്ങളിൽ 2020–21 ൽ ഇടിവ് രേഖപെടുത്തുകയുണ്ടായി. 2020–21 ൽ ഹാന്റക്സ് നേടിയ വിറ്റുവരവ് 1432 ലക്ഷം രൂപയാണ്. ഇതിൽ 1303 ലക്ഷവും ഷോറൂമുകൾ വഴിയുള്ള വിൽപ്പനയാണ്. 129 ലക്ഷം വകുപ്പ് മുഖേനയുള്ള വില്പനയുമാണ്. 2020–21 ൽ ഈ ഏജൻസിക്ക് ഉണ്ടായ നഷ്ടം 14.32 കോടി രൂപയാണ്. കോവിഡ് ഉളവാക്കിയ പ്രതിസന്ധിയാണ് ഇതിന് പ്രധാന കാരണം. കോവിഡ് കാലത്ത് ഹാൻവീവിന് ഉണ്ടായ ഉല്പാദന നഷ്ടം രണ്ടു ലക്ഷം മീറ്റർ തുണിയാണ്. 350 ലക്ഷം രൂപയാണ് ഇതുവഴി നഷ്ടമായത്. 2020–21 ൽ 14 പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് സംസ്ഥാന സർക്കാർ മൂലധന പങ്കാളിത്തം അനുവദിച്ചിട്ടുണ്ട്. ഉല്പാദന പ്രോൽസാഹന പദ്ധതി പ്രകാരം 2119 നെയ്ത്തുകാർക്ക് ആനുകൂല്യം ലഭിക്കുകയുണ്ടായി.

***കോവിഡ് മഹാമാരി മൂലം മാനുഫാക്ചറിംഗ് മേഖലയുടെ ഉല്പാദനത്തിൽ ഉണ്ടായ കുറവ് കേരളത്തിന്റെ കാര്യത്തിൽ അഖിലേന്ത്യ ശരാശരിയേക്കാൾ ഇരട്ടിയാണ്. ദേശീയതലത്തിലെ നഷ്ടം 4.47 ശതമാനമായിരുന്നപ്പോൾ കേരളത്തിൽ 9.61 ശതമാനമാണ്.***

**Figure 3:** Manufacturing growth during the Pandemic




Source: Authors' calculations based on NSO and DES Kerala

**Figure 4:** Index of Industrial Production: India and Kerala during the pandemic




Source: Authors' calculations based on NSO and DES, Kerala, data

***മുഖ്യമന്ത്രിയുടെ ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയും കേരളത്തെ വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയായി മാറ്റുന്നതിനുള്ള പദ്ധതിയും സംസ്ഥാനത്ത് ഹൈടെക്ക് വ്യവസായങ്ങളുടെ പങ്കാളിത്തം ഉയർത്തുന്നതിന് സഹായകരമാകും.***

സ്പിന്നിങ് മില്ലുകൾ : 26 മില്ലുകളാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. 7.03 ലക്ഷമാണ് ഇവയുടെ സ്പിൻഡിൽ കപ്പാസിറ്റി. 7600 പേർ ഇതിൽ ജോലി ചെയ്യുന്നു.

ഖാദി, വില്ലേജ് മേഖല : 2020–21 ൽ ഈ മേഖല 13,190 കൈവേലക്കാർക്ക് ജോലി നൽകുകയുണ്ടായി. പുതുതായി നൽകിയ തൊഴിലവസരങ്ങളുടെ എണ്ണം 2834 ആണ്. സ്പെഷ്യൽ എംപ്ലോയ്മെന്റ് ജനറേഷൻ പദ്ധതി പ്രകാരം ബാങ്കുകൾ വഴിയായി ചെറുകിട സംരംഭകർക്കും പരമ്പരാഗത കൈവേലക്കാർക്കും സബ്സിഡി അനുവദിച്ചു.

### 4. കേരളത്തിലെ നിർമ്മാണ മേഖലയും കോവിഡ് പ്രതിസന്ധിയും : ഉയർന്ന നഷ്ടം, തിരിച്ചുവരവിലെ അമാന്തവും

മഹാമാരിക്ക് മുൻപ് തന്നെ കേരളത്തിന്റെ നിർമ്മാണ മേഖല വളർച്ചയിൽ ഇടിവ് രേഖപ്പെടുത്തിയിരുന്നു. 2018–19 ലും 2019–20 ലും ഉണ്ടായ പ്രളയങ്ങൾ ഇതിന് കാരണമായി. കോവിഡിന്റെ ആദ്യ തരംഗത്തിന് മുൻപ് തന്നെയുള്ള മൂന്ന് പാദങ്ങളിൽ ദേശീയ തലത്തിൽ ഈ മേഖല മോശം പ്രകടനമാണ് കാഴ്ച്ച വച്ചത്. മഹാമാരി ഇടിവ് കൂടുതൽ തീവ്രമാക്കി. മാനുഫാക്ചറിങ് മേഖലയുടെ ഉത്പാദനം ഈ ഘട്ടത്തിൽ ദേശീയ തലത്തിൽ 4.6 ശതമാനം കുറഞ്ഞപ്പോൾ കേരളത്തിൽ ഇടിവ് 9.6 ശതമാനമായിരുന്നു. കോവിഡ് മഹാമാരിയുടെ ആഘാതം കേരളത്തിൽ കൂടുതൽ രൂക്ഷമായിരുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു (രേഖാചിത്രം–3).

ഐ ഐ പി ഡേറ്റയിൽ മാനുഫാക്ചറിങ് രംഗത്തെ കേരളത്തിന്റെ ഇടിവ് കൂടുതൽ പ്രകടമാകുന്നുണ്ട്. 2020–21 ലെ ആദ്യ പാദത്തിൽ ഐ ഐ പി മൂല്യം കേരളത്തിൽ 40 ശതമാനം കണ്ട് ഇടിഞ്ഞപ്പോൾ ദേശീയ തലത്തിൽ 50 ശതമാനം ഇടിവ് രേഖപ്പെടുത്തി. ആദ്യ ലോക്ക് ഡൗണിലാണ് ഇത് ഉണ്ടായത്. എന്നാൽ രണ്ടാം പാദത്തിൽ ദേശീയ തലത്തിൽ 92 ശതമാനം തിരിച്ചു വരവ് ഉണ്ടായപ്പോൾ, കേരളത്തിൽ 75 ശതമാനം മാത്രമാണ്. തുടർന്നുള്ള പാദത്തിൽ ദേശീയ തലത്തിൽ കാര്യങ്ങൾ കോവിഡിന് മുൻപുള്ള ഘട്ടത്തിലേക്ക് എത്തിയപ്പോൾ കേരളത്തിൽ 86 ശതമാനമാണ്. കോവിഡിന്റെ രണ്ടാം തരംഗത്തിലും (2021–22 ഒന്നാം പദം) കേരളത്തിൽ ഈ മേഖല കാര്യമായ തിരിച്ചടി നേരിടുകയുണ്ടായി. ഐ ഐ പി 30 ശതമാനം ഇടിഞ്ഞപ്പോൾ ദേശീയ തലത്തിലെ കുറവ് 15 ശതമാനമായിരുന്നു. കോവിഡിന് മുൻപുണ്ടായിരുന്നതിനേക്കാൾ 35 ശതമാനം കുറവാണ് കേരളത്തിൽ കണ്ടതെങ്കിൽ ദേശീയ തലത്തിൽ എട്ട് ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയത്. രണ്ടാം തരംഗം സംസ്ഥാനത്ത് രൂക്ഷമായതാണ് ഇതിന് നിദാനമായത് (രേഖാചിത്രം–4).

### 5. വ്യവസായ മേഖല നയിക്കുന്ന ചലനാത്മക സമ്പദ്ഘടനയിലേക്ക്

സാമ്പത്തിക റിവ്യൂവിൽ എടുത്തു പറയുന്ന വ്യവസായ മേഖലയുടെ നേട്ടങ്ങൾ പ്രോത്സാഹനജനകമാണ്. സംസ്ഥാന ത്തിന്റെ സാമ്പത്തിക മേഖലയുടെയും തൊഴിൽ മേഖലയുടെയും വളർച്ചയിൽ വ്യവസായം ഒരു ചാലക ശക്തിയായി മാറുന്നതിന് നാം ഇനിയും മുന്നോട്ട് പോകേണ്ടതുണ്ട്. ഈ വിധത്തി

***നമ്മൾ ഉദ്ദേശിക്കുന്ന തരത്തിലുള്ള മാറ്റം സാധ്യമാക്കുന്ന നിരവധി പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഗ്രാഫീൻ ഇന്നവേഷൻ സെന്റർ പോലെ നാളെയുടെ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പദ്ധതികൾ ഇതിന് ഉദാഹരണമാണ്.***

ലുള്ള മാറ്റം കോവിഡിന് ശേഷം സംസ്ഥാനത്തിന്റെ വികസന കാര്യത്തിൽ അനിവാര്യവുമാണ്. രാജ്യത്തെ മൊത്തം കോവിഡ് രോഗികളുടെ ഏതാണ്ട് 65 ശതമാനവും കേരളത്തിലായിരു ന്നെങ്കിലും ജനങ്ങളുടെ ജീവനും ജീവനോപാധികളും സംരക്ഷിക്കാൻ കഴിഞ്ഞു വെന്നത് ശ്രദ്ധേയമായ ഒരു കാര്യമാണ്.

കോവിഡിന് എതിരായ പോരാട്ടത്തിന് വലിയ വില സംസ്ഥാനത്തിന് നൽകേണ്ട തായി വന്നിട്ടുണ്ട്. സാമ്പത്തിക മേഖല തിരിച്ചടി നേരിട്ടതിനൊപ്പം സാമൂഹ്യ മേഖലയിൽ ചില വുകൾ ഉയർന്നതും കാര്യങ്ങൾ കൂടുതൽ വഷളാക്കി. ധനപരമായ ഫെഡറൽ ബന്ധങ്ങൾക്ക് ഊനം തട്ടുന്ന വിധത്തിൽ ജി എസ് ടി അടക്കമുള്ള നികുതി അധികാരങ്ങൾ കുറഞ്ഞതും സ്ഥിതി കൂടുതൽ പരുങ്ങലിലാക്കി. ഇത്തരമൊരു ഘട്ടത്തിൽ സംസ്ഥാനത്തിന്റെ തിരിച്ചുവരവ് സാമ്പത്തിക മേഖലയെ കൂടുതൽ ചലനാത്മകമാക്കുകയും നികുതി വരുമാനം ഉയർത്തുകയും ചെയ്യുന്നതിനെ അടിസ്ഥാനമാക്കിയാണ്. സാമ്പത്തിക മേഖലയെ ചലനാത്മകമാക്കുന്ന കാര്യത്തിൽ നിർമ്മാണ മേഖലക്ക് നിർണ്ണായകമായ പങ്കാണ് വഹിക്കാനുള്ളത്. എന്നാൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ വളർച്ചയുടെയും ഘടനാപരമായ മാറ്റങ്ങളുടെയും കാര്യത്തിൽ മന്ദഗതിയിലുള്ള തുടക്കമിടാനേ നമുക്ക് കഴിഞ്ഞിട്ടുള്ളു. സംസ്ഥാനത്തിന്റെ നിർമ്മാണ രംഗത്ത് ഘടനാപരമായ അഴിച്ചു പണിക്ക് ശക്തമായ ഒരു നീക്കമാണ് ഉണ്ടാകേണ്ടത്.

കെ എസ് ഐ ഡി സി, കിഫ്ബി, ലോക കേരളസഭ തുടങ്ങിയ മുൻകൈകൾ വഴി സംസ്ഥാന സർക്കാർ നടത്തിയ നീക്കങ്ങൾ ആശാവഹമായ പ്രതികരണമാണ് ഉളവാക്കുന്നത്. എന്നാൽ വ്യവസായ നയം കരുപിടിപ്പിക്കുകയും മാനുഫാക്ചറിങ് മേഖലയിൽ ഒരു തിരിച്ചുവരവിന് കളമൊരു ക്കുകയും ചെയ്യുക എന്നതാണ് ഇന്നത്തെ പ്രധാന മുൻഗണന. വ്യവസായ മേഖല നയിക്കുന്ന ജി ഡി പി വളർച്ചയാണ് കേരളത്തിന് ഇന്നാവശ്യം. ഇത്തരമൊരു പരിണാമ ഘട്ടത്തിൽ അക്കാദമിക് മേഖലയുടെയും ഗവേഷക സമൂഹത്തിന്റെയും റോൾ നിർണ്ണായകമാണ്. വിദ്യാഭ്യാസ, മെഡിക്കൽ മേഖലയിൽ ഉണ്ടായ ഉയർന്ന നിക്ഷേപത്തിന് കേരളം പ്രശസ്തമാണ്. അതുകൊണ്ട് മാനവ വികസന സൂചികയിൽ കേരളം മുൻനിരയിൽ നിൽക്കുന്നു. ലോകത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റിയ വിദഗ്ദരായ മലയാളികളാണ് പല വിദേശ രാജ്യങ്ങളുടെയും വിക സനത്തിൽ വലിയ പങ്ക് വഹിച്ചിട്ടുള്ളതെന്ന് കാണാം. എന്നാൽ ഇവർ വിദേശത്തുനിന്നും അയക്കുന്ന പണംകൊണ്ട് സംസ്ഥാനം തൃപ്തിയടയുകയാണ് ചെയ്യുന്നത്. അതു കൊണ്ട് ഉയർന്ന മാനവ വികസന സൂചിക അടക്കമുള്ള നേട്ടങ്ങൾ കേരളത്തിന്റെ നിർമാണ മേഖലയുടെ ഘടനാപരമായ മാറ്റത്തിനും വളർച്ചക്കുമായി പ്രയോജനപ്പെടുത്തുന്ന തന്ത്രത്തിനാണ് രൂപം നൽകേണ്ടത്.

ഒരു ലക്ഷം സംരംഭങ്ങൾ എന്ന മുഖ്യമന്ത്രിയുടെ പദ്ധതിയായിരിക്കണം പുതിയ സമീപനത്തിന്റെ കേന്ദ്രബിന്ദു. യൂണിവേഴ്സിറ്റികൾ, കോളേജുകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയായി പുതിയ സംരംഭങ്ങൾ തുറക്കുന്നതിനും തൊഴില

***ചൈന പോലുള്ള രാജ്യങ്ങളുടെ മാതൃക പിന്തുടർന്ന് വിദ്യാർത്ഥികൾക്ക് വിദഗ്ധരുമായി സംവദിക്കുന്നതിന് കോളേജുകളിലും സർവകലാശാലകളിലും മേക്കേഴ്സ് സ്പേസ്, ഐഡിയ ക്ലബ് തുടങ്ങിയ കാര്യങ്ങൾ പ്രാവർത്തിക മാക്കണം.***

വസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവാക്കൾക്ക് ആവശ്യമായ പ്രോത്സാഹനവും ഉത്തേജനവും നൽകണം. ചൈന അടക്കമുള്ള രാജ്യങ്ങളുടെ മാതൃക പിൻപറ്റി മേക്കേഴ്സ് സ്പേസ്, ഐഡിയ ക്ലബുകൾ തുടങ്ങിയ ആശയങ്ങൾ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തികമാക്കണം. ഇന്ത്യയിൽ ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനവും വിദേശ പണം എത്തുന്നതുമായ ഒരു സംസ്ഥാനമാണ് കേരളം. അതുകൊണ്ട് ഇവിടെ മൂലധനത്തിന്റെ അപര്യാപ്തതയില്ല. നിലവിൽ കേരളത്തിന്റെ വായ്പ നിക്ഷേപ അനുപാതം 64 ശതമാനമാണ്. അതായത് സംസ്ഥാനത്ത് വായ്പാ സാധ്യത ഉയർന്ന തോതിലുണ്ട്. ഇവിടെ സഹകരണ മേഖലയെ കൂടി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ മൂലധനം ഒരു പ്രശ്നമേയല്ല. പക്ഷെ നമുക്ക് ഇല്ലാതിരിക്കുന്നത് പുതുതലമുറയുടെ ക്രിയാശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു തന്ത്രമാണ്.

■

(ഗിഫ്റ്റിന്റെ ഡയറക്ടറാണ് പ്രൊഫസർ കെ. ജെ ജോസഫ്, ഗിഫ്റ്റിലെ അസിസ്റ്റന്റ് പ്രൊഫസറാണ് കിരൺകുമാർ കക്കാർലപുടി)

## References

1. Government of Kerala (2022). B*udget Speech,* 2022-23, Finance Department, Thiruvananthapuram.
2. Government of Kerala (2022). *Economic Review, 2021 Volume 1*, Kerala State Planning Board, Thiruvananthapuram.
3. Harilal, K. N, & Joseph, K. J. (2003). *Stagnation and revival of Kerala economy:* An open economy perspective. Economic and Political Weekly, 2286-2294.
4. Isaac, T. M., & Tharakan, M. P. K. (1986). *An inquiry into the historical roots of industrial backwardness of Kerala*: A study of Travancore region. Working Paper No. 215, Centre for Development Studies, Thiruvananthapuram
5. Subrahmanian, K. K. (1990). *Development paradox in Kerala:* Analysis of industrial stagnation. Economic and Political Weekly, 2053-2058.
6. Subrahmanian, K. K., & Azeez, E. A. (2000). *Industrial growth in Kerala:* Trends and explanations.WP310, Centre for Development Studies
7. Subrahmanian, K. K., & Pillai, P. M. (1986). *Kerala's Industrial Backwardness:* Exploration of Alternative Hypotheses. Economic and Political Weekly, 577-592.
8. Thomas, J. J. (2005). *Kerala's industrial backwardness:* a case of path dependence in industrialization?. World Development, 33(5), 763-783.
9. Tregenna, F. (2009). *Characterising deindustrialisation:* An analysis of changes in manufacturing employment and output internationally. Cambridge journal of economics, 33(3), 433-466.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 3
ജൂലൈ–ആഗസ്റ്റ്–സെപ്റ്റംബർ 2022

# കേരള ബജറ്റും വിദ്യാഭ്യാസ രംഗവും

ബ്ലെസി ജോസഫ്, സില്ല ജോർജ് രാജു, സാബു തോമസ്

2022–23 സാമ്പത്തിക വർഷത്തെ കേരളത്തിന്റെ ബജറ്റ് ഉന്നത വിദ്യാഭ്യാസ മേഖലക്ക് വലിയ മുൻതൂക്കം നൽകുന്നുണ്ട്. മൊത്തം 25,046 കോടി രൂപയാണ് വിദ്യാഭ്യാസത്തിനായി മാറ്റിവച്ചിരിക്കുന്നത്. ഇതിൽ 452.67 കോടി രൂപ ഉന്നത വിദ്യാഭ്യാസ മേഖലക്ക് മാത്രമായി വകയിരുത്തിയിരിക്കുന്നതാണ്. സാങ്കേതിക വിദ്യാഭ്യാസത്തിനായി 245.63 കോടിയും നൈപുണ്യ വികസന പദ്ധതികൾക്കായി 350 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും നൈപുണ്യ വികസന കേന്ദ്രങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള സൗകര്യവും ക്രമീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള 250 ഹോസ്റ്റൽ മുറികൾ ഒരുക്കുന്നതിനും ബജറ്റിൽ നിർദ്ദേശമുണ്ട്. സംസ്ഥാനത്തെ വിവിധ സർവകലാശാല കളിൽ 1500 പുതിയ ഹോസ്റ്റൽ മുറികൾ നിർമ്മിക്കുന്നതിന് 100 കോടി രൂപയാണ് മാറ്റിവച്ചരിക്കുന്നത്. വിദ്യാർത്ഥികൾ കാമ്പസുകളിൽ താമസിച്ച് പഠനം പൂർത്തിയാക്കുന്നതിനാണ് പ്രത്യേക പരിഗണന ബജറ്റിൽ നൽകിയിരിക്കുന്നത്. അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ആശയവിനിമയവും ചർച്ചകളും കാര്യക്ഷമമായി നടപ്പാകുന്നതിന് വേണ്ടിയാണ് ഇത്തരമൊരു നിർദേശം. കോവിഡ് മഹാമാരി സൃഷ്ടിച്ച കനത്ത ആഘാതത്തിൽ നിന്ന് നമ്മുടെ വിദ്യാഭ്യാസ മേഖല മെല്ലെ പുറത്തു കടക്കുകയാണ്. അതുകൊണ്ട് കുട്ടികളുടെ മാനസിക പ്രശ്നങ്ങൾക്കും മതിയായ പ്രാധാന്യം നൽകേണ്ടതുണ്ട്. കാമ്പസിലെ സൗകര്യങ്ങൾ ഗവേഷണത്തിനും സാംസ്കാരികമായ പ്രവർത്തനങ്ങൾക്കും വേണ്ടി പരമാവധി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പോസിറ്റീവായ ചലനങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിയും. കാമ്പസിനകത്ത് വിദ്യാർത്ഥികളുടെ സന്തോഷകരമായ മാനസികാവസ്ഥയാണ് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വിജയത്തിൽ നിർണ്ണായകമായ ഒരു ഘടകം. പുതിയ ഹ്രസ്വകാല കോഴ്സുകളും പി ജി കോഴ്സുകളും ആരംഭിക്കുന്നതിന് 20 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ഗവേഷണവും അവയുടെ പ്രയോഗവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് മൊഴിമാറ്റത്തിനായുള്ള റിസർച്ച് സെന്ററുകൾ, സ്റ്റാർട്ട് അപ്പുകൾ, ഇൻകുബേഷൻ സെന്ററുകൾ എന്നിവ ആരംഭിക്കുന്നതിനായി 200 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്.

***കാമ്പസുകളിലെ സ്ഥലം ഗവേഷണ, സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞാൽ ഉന്നത വിദ്യാഭ്യാസ മേഖലക്ക് അത് വലിയ മുതൽക്കൂട്ടാകും.***

***ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിപ്ലവാത്മകമായ മാറ്റം സംഭവിക്കണം. വിദ്യാർത്ഥികൾക്ക് മികച്ച നൈപുണ്യം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതലയാണ്.***

**ബജറ്റിന്റെ ഊന്നൽ**

അടിസ്ഥാന ഗവേഷണഫലങ്ങൾ എങ്ങനെ പ്രായോഗികതലത്തിൽ പ്രയോജനപ്പെടുത്താം എന്നതിനാണ് ബജറ്റ് മുന്തിയ പരിഗണന നൽകിയിരിക്കുന്നത്. ഈയടിസ്ഥാനത്തിൽ വ്യവസായങ്ങൾ, സർവ്വ കലാശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ, എന്നിങ്ങനെ സമൂഹത്തെ മൊത്തത്തിൽ ഒരു പൊതുവായ പ്ലാറ്റ്ഫോമിലേക്ക് കൊണ്ട് വരിക എന്നതാണ് ബജറ്റ് മുന്നോട്ട് വയ്ക്കുന്ന കാതലായ ആശയം. ഗവേഷണത്തിന്റെ ഉന്നത മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനൊപ്പം സമൂഹത്തിന് അതുകൊണ്ട് നേട്ടം ഉണ്ടാകുന്ന വിധത്തിൽ ഗവേഷണ കേന്ദ്രങ്ങൾ അടിമുടി മാറണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയണം. ഉന്നത വിദ്യാഭ്യാസം എന്നത് കേവലം അക്കാദമിക് പ്രവർത്തനങ്ങൾ മാത്രമായി ചുരുങ്ങിപോകാതെ പ്രായോഗിക ജീവിതത്തിന് ഉതകുന്ന വിധത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുകയാണ് വേണ്ടത്. കൃത്യമായി പറഞ്ഞാൽ, അധ്യാപനം സമകാലികമായ മാറ്റങ്ങൾക്കൊപ്പം ചുവടുകൾ വയ്ക്കുന്ന തരത്തിലേക്ക് മാറണം എന്നതാണ് ബജറ്റ് മുന്നോട്ട് വയ്ക്കുന്ന ആശയം.

**പ്രധാന പദ്ധതികൾ**

ഗവേഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് കിഫ്ബി വഴിയായി ഓരോ സർവകലാശാലക്കും 20 കോടി രൂപ വീതം അനുവദിക്കും. പ്രോജക്ടുകളെ അടിസ്ഥാനമാക്കി സർവകലാശാല കാമ്പസുകളിൽ ഹ്രസ്വകാല കോഴ്സുകളും പി ജി കോഴ്സുകളും ആരംഭിക്കും. നിലവിലെ വകുപ്പുകളുടെ സഹകരണത്തോടെ ഓരോ സർവകലാശാലയിലും ഏറ്റവും ആധുനികമായ കോഴ്സുകൾ ആരംഭിക്കുന്നതിനൊപ്പം അഞ്ചു വർഷക്കാലം കൊണ്ട് പൂർത്തിയാക്കാൻ കഴിയുന്ന മൂന്ന് പ്രോജക്ടുകൾക്ക് അനുമതി നൽകാനും നിർദേശമുണ്ട്. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്റ്ററൽ ഫെലോഷിപ്പ് വഴിയായി ഗവേഷകർക്ക് പ്രതിമാസം 50,000 മുതൽ ഒരു ലക്ഷം രൂപ വരെ ഫെലോഷിപ്പ് ലഭ്യമാക്കും. എൻജിനീയറിങ് കോളേജുകൾ, പോളി ടെക്നിക്കുകൾ, ഐ ടി ഐകൾ, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ എന്നിവയോട് ചേർന്ന് മിനി വ്യവ്യസായ യൂണിറ്റുകൾ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങിയവ സജ്ജമാക്കും. പൂർവ്വവിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരുടെ സഹകരണം ഇവയ്ക്ക് ലഭ്യമാക്കും. ഇതിനായി 14 ജില്ലകളിലും പൈലറ്റ് പ്രോജക്ടുകൾ ആരംഭിക്കുന്നതിനായി 25 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയും നൈപുണ്യ വികസനവും**

ഒരു വൈജ്ഞാനിക സമൂഹം എന്ന നിലയിൽ നിന്ന് വൈജ്ഞാനിക സമ്പദ്‌വ്യ വസ്ഥ എന്ന തലത്തിലേക്ക് കേരളത്തെ മാറ്റുക എന്നതാണ് ബജറ്റ് ലക്ഷ്യമിടുന്നത്. ഇതിനായി 20 ലക്ഷം പേർക്ക് തൊഴിലവസരം ലഭ്യമാക്കുന്ന കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ – ഡിസ്ക്), കേരളനോളജ്

***ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ എന്ന ആശയം ബജറ്റ് മുന്നോട്ട് വയ്ക്കുന്നുണ്ട്. ഭാവി വികസനത്തിന്റെ കാര്യത്തിൽ അത്ഭുതാവഹമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുന്ന ഒന്നാണ് ഗ്രാഫീൻ. മനുഷ്യ ജീവിതത്തിൽ നിരവധി മേഖലകളിൽ ഉപയോഗിക്കാൻ കഴിയുന്ന ഒന്നാണ് ഇത്. 15 കോടി രൂപ ഇതിനായി വക കൊള്ളിച്ചിട്ടുണ്ട്.***

ഇക്കോണമി മിഷൻ (കെ കെ ഇ എം) എന്നീ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പുതിയ തലമുറ സംരംഭകർക്കുവേണ്ടി എല്ലാ ജില്ലകളിലും ജില്ലാ നൈപുണ്യ പാർക്കുകൾ ആരംഭിക്കും. ഇതിൽ അഞ്ചെണ്ണം വീതം ഐ സി ടി അക്കാദമിയുടെയും അസാപ്പ് കമ്പനിയുടെയും കീഴിൽ പ്രവർത്തിക്കും. ബാക്കി നാലെണ്ണം എ എ എസ് ഇയുടെ കീഴിലുമായിരിക്കും പ്രവർത്തിക്കുക. ഓരോ പാർക്കും 10 മുതൽ 15 ഏക്കർ സ്ഥലത്തായിരിക്കും തുടങ്ങുക. ഇവിടെ തങ്ങളുടെ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആദ്യത്തെ അഞ്ചു വർഷത്തേക്ക് സംരംഭകർക്ക് സബ്സിഡി അനുവദിക്കും. കിഫ്ബി വഴിയായി ഇതിന് 350 കോടി രൂപ മുതൽമുടക്കും.

### നൈപുണ്യ വികസനവും വിദ്യാഭ്യാസ സ്ഥാപനങ്ങളും

സംസ്ഥാനത്ത് നൈപുണ്യ വികസന രംഗത്ത് പുതിയ സംവിധാനം രൂപപ്പെടുത്തുന്നതിനായി പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ഉല്പാദന കേന്ദ്രങ്ങൾ തുറക്കും. 140 അസംബ്ലി മണ്ഡലങ്ങളിലും ഈ പദ്ധതി പ്രവർത്തികമാക്കും. കെ–ഡിസ്കുമായി സഹകരിച്ച് ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സഹായം നൽകും. കിഫ്ബിയിൽ നിന്ന് 140 കോടി രൂപയാണ് ഇതിനായി നീക്കി വച്ചിട്ടുള്ളത്. മെഡിക്കൽ മേഖലക്കായി പ്രത്യേക മെഡിക്കൽ ടെക്നോളജി കൺസോർഷ്യം ആരംഭിക്കും. മെഡിക്കൽ ടെക്നോളജി ഇന്നവേഷൻ പാർക്ക് ആരംഭിക്കുന്നതിനായി കിഫ്ബി വഴിയായി 100 കോടി രൂപ അനുവദിക്കും. കേരള ജിനോമിക്സ് ഡേറ്റ സെന്ററിന്റെ ആദ്യഘട്ടം ആരംഭിക്കുന്നതിന് 50 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ സെന്റർ ഓഫ് എക്സലൻസ് ഓഫ് മൈക്രോബിയംസ് എന്ന സ്ഥാപനത്തിനായി 5 കോടി രൂപയും വകയിരിത്തിയിട്ടുണ്ട്. സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യുട്രസ്യുടിക്കൽസ് എന്ന സ്ഥാപനത്തിനായുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയാറാക്കുന്നതിന് 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബജറ്റിന്റെ

***ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കുകൾ അനുസരിച്ച് ഇന്ത്യ ജി ഡി പിയുടെ ഒരു ശതമാനത്തിൽ താഴെ മാത്രമാണ് ഗവേഷണ, വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നത്. എന്നാൽ 2.5 ശതമാനത്തിനും 4.5 ശതമാനത്തിനും ഇടയിലാണ് അമേരിക്ക, ചൈന, ഇസ്രായേൽ, കൊറിയ തുടങ്ങിയ രാജ്യങ്ങൾ ചെലവഴിക്കുന്നത്.***

(Figure-1)




(Figure-2)



**(Figure-3)**



**Patent applications filed by different countries**

ഏറ്റവും വലിയ പ്രത്യേകത ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ' എന്ന നിർദേശമാണ്. ഭാവിയുടെ പദാർത്ഥം എന്നാണ് ഗ്രാഫീൻ എന്ന വസ്തു അറിയപ്പെടുന്നത്. മനുഷ്യ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട നിരവധി സാധ്യത കളുള്ള ഒരു വസ്തുവാണ് ഇത്. ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 15 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

### ഇന്ത്യയിൽ ഗവേഷണത്തിന്റെ ഇന്നത്തെ സ്ഥിതി

മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യു മ്പോൾ ഇന്ത്യയിൽ ഗവേഷണ പ്രവർത്ത നങ്ങൾ പിന്നാക്കം പോകുന്നതിന് കാരണ മെന്താണ് ? എന്തുകൊണ്ട് സർ സി വി രാമനു ശേഷം മറ്റൊരു സി വി രാമനെ കണ്ടെ ത്താൻ നമുക്ക് കഴിഞ്ഞില്ല? ഗവേഷണ പ്രവർത്തന രംഗത്ത് ഇത്തരം നിരവധി ചോദ്യങ്ങൾക്ക് സർക്കാർ ഉത്തരം കണ്ടെ ത്തേണ്ടതുണ്ട്. ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കുകൾ പ്രകാരം ഗവേഷണ, വികസന പ്രവർത്തനങ്ങൾക്ക് ഇന്ത്യ ചെലവഴിക്കുന്നത് ജി ഡി പിയുടെ ഒരു ശതമാനത്തിൽ താഴെ മാത്രമാണ്. എന്നാൽ അമേരിക്ക, ചൈന, ഇസ്രായേൽ, കൊറിയ തുടങ്ങിയ രാജ്യ ങ്ങളിൽ ഇത് 2.5 ശതമാനത്തിനും 4.5 അഞ്ചു ശതമാനത്തിനും ഇടയിലാണ് (രേഖാ ചിത്രം–1,2,3).

### ഉപസംഹാരം

2022–23 ലെ സംസ്ഥാന ബജറ്റ് ഉന്നത വിദ്യാ ഭ്യാസ മേഖലക്ക് കാര്യമായ ഊന്നൽ നൽ കുന്ന ഒന്നാണ്. നല്ല പരിശീലനം സിദ്ധിച്ച, മികച്ച നൈപുണ്യമുള്ള മാനവ വിഭവ ശേഷി ഇത് അനിവാര്യമാക്കുന്നുണ്ട്. പേറ്റന്റ്, ഇൻക്യൂബേഷൻ, സ്റ്റാർട്ട് അപ്പുകൾ, സ്പിൻ ഓഫ് കമ്പനികൾ എന്നിവയ്ക്കും ഇത് മുന്തിയ പരിഗണന നൽകുന്നു. വ്യവസായ ങ്ങളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തമാക്കുന്നതിനും ഇത് ഊന്നൽ നൽകുന്നുണ്ട്. വിദ്യാർത്ഥി

സൗഹൃദവുമാണ് ഈ ബജറ്റ്. കാരണം, വിദേശത്ത് നിന്നുമുള്ള വിദ്യാർത്ഥികൾ വരുന്നതിനെ പ്രോത്സാഹിപ്പി ക്കുന്നതാണ് ഈ ബജറ്റ്. ഗ്രാഫീൻ കേന്ദ്രത്തിന് പ്രത്യേക പരിഗണന നൽകുന്ന ബജറ്റ് വിവർത്തന മേഖലയിലെ ഗവേഷണ ത്തിനും സവിശേഷ മായ പ്രധാന്യം നൽകുന്നുണ്ട്. മെഡിക്കൽ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾക്ക് ഉത്തേജനം പകരുന്ന ഒന്നാണ് ബജറ്റെന്നും വിലയിരുത്താം.

■

(മഹാത്മാഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആൻഡ് ഇൻകുബേഷൻ സെന്ററിലെ പോസ്റ്റ് ഡോക്ടറൽ ഗവേഷകനാണ് ബ്ലെസി ജോസഫ്. എം ജി യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ ഗവേഷകയാണ് സില്ല ജോർജ് രാജു. എം ജി സർവകലാശാല വൈസ് ചാൻസലറാണ് പ്രൊഫസർ സാബു തോമസ്)

## References

1. Government of Kerala (2022). B*udget Speech,* 2022-23, Finance Department, Thiruvananthapuram.
2. Government of Kerala (2022). *Economic Review, 2021 Volume 1*, Kerala State Planning Board. Thiruvananthapuram.
3. *https://www.financialexpress.com/economy/indias-rd-spend-far-less-than-china-korea-as-private-companies-states-abstain/1656309/*
4. *https://www.indiatoday.in/education-today/latest-studies/story/india-is-world-s-third-largest-producer-of-scientific-articles-following-china-and-us-report-1633351-2020-01-02*
5. *https://www.wipo.int/edocs/pubdocs/en/wipo_pub_941_2021.pdf*

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 3
ജൂലൈ–ആഗസ്റ്റ്–സെപ്റ്റംബർ 2022

# സേവന മേഖലയും 2021 ലെ കേരള ഇക്കണോമിക് റിവ്യൂവും

അർഷദ് മസൂർ വി. എസ്, മനു ഡി

**ആമുഖം**

കേരള ഇക്കണോമിക് റിവ്യൂവിന്റെ ലക്കങ്ങൾ, പ്രത്യേകിച്ച് ഏറ്റവും ഒടുവിൽ പുറത്തിറങ്ങിയത്, സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ നൽകുന്നുണ്ട്. ഈ ലക്കങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്ന ഏതൊരാൾക്കും കേരളത്തിന്റെ സമ്പദ്ഘടനയെ കുറിച്ച് വ്യക്തമായ ധാരണ ലഭിക്കുന്നതാണ്. വിദ്യാർത്ഥികളെയും ഗവേഷകരെയും സംബന്ധിച്ചിടത്തോളം അറിവ്, വിവരങ്ങൾ എന്നിവയുടെ കാര്യത്തിൽ ഒരു അക്ഷയഖനി തന്നെയാണ് ഇത്. ഇതിൽ സേവന മേഖലയെ കുറിച്ച് പ്രതിപാദിക്കുന്ന ഏതാനും അദ്ധ്യായങ്ങളുടെ വിശകലന മാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്.

മൂല്യവർദ്ധന, തൊഴിലവസരങ്ങളുടെ പങ്കാളിത്തം എന്നിവയുടെ കാര്യത്തിൽ സേവന മേഖല വലിയ പങ്കാണ് സംസ്ഥാനത്ത് നിർവഹിക്കുന്നത്. കേരളത്തിന്റെ സമ്പദ്ഘടന വാസ്തവത്തിൽ സേവന മേഖലയിലാണ് അധിഷ്ഠിത മായിരിക്കുന്നത് എന്ന് പറയാം. 2021 ലെ കേരള ഇക്കണോമിക് റിവ്യൂവിൽ (കെ ഇ ആർ) ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാനപ്പെട്ട മൂന്ന് സേവന മേഖലകളാണ് വിനോദസഞ്ചാരം, ഐ ടി, പൊതു (സർക്കാർ) സേവനങ്ങൾ എന്നിവ.

കേരളത്തിൽ മികച്ച വളർച്ചാ പ്രവണത കാഴ്ച വയ്ക്കുന്ന ഒരു മേഖലയാണ് സേവന മേഖല. 2022–23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ്, കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയായി മാറ്റുന്നതിന് സവിശേഷമായ ഊന്നൽ നൽകുന്നു. ഇന്റർനെറ്റ്, ഡിജിറ്റൽ സേവന മേഖലകളിലൂടെയാണ് ഇത് ലക്ഷ്യമിടുന്നത്. ഇന്ത്യയിൽ ഐ ടി മേഖലയിലെ സാധ്യതകൾക്ക് തുടക്കം കുറിച്ചത് കേരളമാണെങ്കിലും പിന്നീട് മറ്റു പല സംസ്ഥാനങ്ങളും കേരളത്തെ മറികടന്ന് മുന്നോട്ട് പോകുന്നതാണ് കണ്ടത്. ഈ രംഗത്തെ പല വമ്പൻ കമ്പനികളും സ്റ്റാർട്ട് അപ്പുകളും കേരളത്തിലേക്ക് കടന്നു വരികയും സാങ്കേതികമായി യോഗ്യതയുള്ള നിരവധി പേർക്ക് ജോലി നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ ജി എസ് ഡി പി മൂല്യത്തിൽ ഇത് കനത്ത സംഭാവന നൽകിയിട്ടുണ്ട്. പൊതു മേഖലയിലും സ്വകാര്യ മേഖലയിലുമായി വൻതോതിലുള്ള നിക്ഷേപം ഈ മേഖലയിൽ ഉണ്ടാ

***ജി എസ് ഡി പിയിൽ ഐ ടി, ടൂറിസം എന്നീ മേഖലകളുടെ പങ്ക് എത്രയാണെന്ന് പ്രത്യേകമായി സാമ്പത്തിക റിവ്യൂവിൽ വ്യക്തമാക്കിയിട്ടില്ല.***

***പല സേവനങ്ങളുടെയും അളവ്, ഗുണമേന്മ എന്നിവ നിർണ്ണയിക്കുന്നതിനുള്ള സമഗ്രമായ സൂചികകൾ ലഭ്യമല്ലാത്തത് ഈ മേഖലകളിൽ അർത്ഥവത്തായ നിഗമനങ്ങളിലേക്ക് എത്തിച്ചേരുന്നതിന് ഗവേഷകർക്ക് തടസമാകുന്നു.***

യിട്ടുണ്ട്. കേരളത്തിന്റെ ഭാവി വ്യവസായം എന്ന തരത്തിലേക്ക് ഐ ടി മേഖല വിലയിരുത്തപ്പെട്ടു. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകൾക്കിടയിൽ നിരവധി സ്റ്റാർട്ട് അപ്പുകളാണ് ഈ മേഖലയിൽ പ്രവർത്തനം തുടങ്ങിയത്. ഇത്തരം ഐ ടി കമ്പനികളുടെ മറ്റൊരു പ്രത്യേകത, ഇവയുടെ ഉപഭോക്താക്കളിൽ നല്ലൊരു പങ്ക് വിദേശ കമ്പനികളാണ് എന്നതാണ്. അതുവഴി വിദേശത്ത് നിന്ന് വലിയ തോതിൽ ഡോളർ കേരളത്തിലേക്ക് ഒഴുകിയെത്താൻ തുടങ്ങി. വിപ്രോ, ഇൻഫോസിസ് തുടങ്ങിയ പല പ്രമുഖ കമ്പനികളും യുവതലമുറക്ക് ഉയർന്ന ജോലികൾ വാഗ്ദാനം ചെയ്യുന്നുണ്ട്. കേരളത്തിന്റെ സമ്പദ്ഘടനയിൽ സേവന മേഖലയുടെ സംഭാവന നിസ്തുലമാണ്.

കേരളം ഉയർന്നു വരുന്ന ഒരു ഐ ടി കേന്ദ്രമാണ് എന്നാണ് കെ ഇ ആർ അവകാശപ്പെടുന്നത്. എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ സൂക്ഷ്മ വിശകലനം ചെയ്യുമ്പോൾ ഈ വാദത്തിൽ അത്ര കഴമ്പില്ലെന്ന് കാണാം.

ഈ മേഖലക്കായുള്ള പദ്ധതി വിഹിതവും ചെലവുകളും നമുക്ക് ഒന്ന് പരിശോധിക്കാം. ഇൻഫോ പാർക്കായാലും ഐ ടി പാർക്കായാലും സൈബർ പാർക്കായാലും ഐ ടി മിഷൻ അല്ലെങ്കിൽ ടെക്നോപാർക്കായാലും പട്ടിക ഒന്നിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. ചെലവഴിച്ചിരിക്കുന്നത് പദ്ധതി വിഹിതത്തേക്കാൾ കുറവ് തുകയാണ് എന്നതാണ് അത്. ഇവ തമ്മിലുള്ള വിപുലമാകുന്ന അന്തരം ഈ പട്ടികയിൽ നിന്ന് വ്യക്തമാകുന്നുണ്ട്. കോവിഡിന് മുൻപുള്ള 2019–20 വർഷത്തിൽ ചെലവ്, പദ്ധതി വിഹിതത്തേക്കാൾ 50 ശതമാനം കുറവാണ് എന്ന് കാണാം. 2020–21ൽ കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ ഇത് കൂടുതൽ പ്രകടമായി. 2021–22 ൽ ടെക്നോപാർക്, ഇൻഫോപാർക്ക് എന്നിവയുടെ കാര്യത്തിൽ മാത്രമാണ് വേറിട്ട ഒരു സാഹചര്യമുണ്ടായത്. (പട്ടിക–1)

മറ്റൊരു കൗതുകകരമായ കാര്യം നിക്ഷേപം, കമ്പനികളുടെ എണ്ണം, തൊഴിലവസരങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ കാര്യമായ വർധന ഉണ്ടായെങ്കിലും വിറ്റുവരവിൽ അത് പ്രകട

**Table 1:** Percentage of plan expenditure to outlay

| Name of department | 2019-20 | 2020-21 | 2021-22 |
|---|---|---|---|
| IT Mission | 54.8 | 70.42 | 20.77 |
| Technopark | 39.4 | 87.5 | 92.34 |
| Info Park | 38.8 | 81.6 | 107.08 |
| Cyberpark | 2.55 | 0 | 0 |
| Start-up mission | 48.21 | 19.0 | 19.63 |

*Source: KER, 2021.*

**Table 2:** Technopark's contribution to the State Economy

| Particulars | 2019-20 | 2020-21 |
|---|---|---|
| Total turnover (in cr) | 15000 | 15000 |
| Total export (in cr) | 7350 | # |
| Total investment (in cr) | 4979 | 5309 |
| Total employment (nos.) | 62000 | 63000 |
| No. of companies (nos.) | 450 | 460 |
| **Total land (acres)** | **662.54** | **662.54** |

*Source: KER, 2021*

**Table 3:** Physical performance of info park

| Particulars | 2019-20 | 2020-21 |
|---|---|---|
| Total turnover (in cr) | 5200 | 5700 |
| Total employment (nos) | 47000 | 53000 |
| No of companies (nos) | 427 | 420 |
| **Total land (acres)** | **323** | **323** |

*Source: KER, 2021*

**Table 4:** Physical performance of cyber park

| Particulars | 2020-21 | 2021-22 |
|---|---|---|
| Total turnover (in cr) | 26.16 | 14.09 |
| Total export (in cr) | 26.16 | 14.09 |
| Total investment (in cr) | 2.47 | 1.93 |
| Total employment (nos) | 764 | 917 |
| No of companies | 52 | 52 |
| Total land (acres) | 43 | 43 |

*Source-KER 2021*

**Table 5:** Outlay and expenditure of agencies under science and technology

| Year | Percentage |
|---|---|
| 2019-20 | 27.6 |
| 2020-21 | 56.37 |
| 2021-22 | 18.29 |

*Source-KER 2021*

മായില്ല എന്നതാണ് (പട്ടിക–2). ഇതിന് കെ ഇ ആർ മതിയായ വിശദീകരണം നൽകുന്നില്ല.

പട്ടിക മൂന്നിൽ ഇൻഫോ പാർക്കിന്റെ പ്രവർത്തനത്തെ കുറിച്ചുള്ള വിവരങ്ങൾ കാണാം. ഇതിലും വിവരങ്ങൾ അപര്യാപ്തമാണ്. ഇവിടെ വിറ്റുവരവും തൊഴിലും ഉയർന്നിട്ടുണ്ട്. എന്നാൽ കമ്പനികളുടെ എണ്ണത്തിൽ കുറവുണ്ടായി. നിലവിലെ കമ്പനികൾ പൊടുന്നനെ കൂടുതൽ തൊഴിലധിഷ്ഠിതമായതാണോ അതോ അവയുടെ ഉല്പാദനക്ഷമതയിൽ ഉണ്ടായ വർധനയാണോ ഇതിന് പിന്നിൽ എന്നത് വ്യക്തമല്ല. ഇതുവരെ വിശദമാക്കപ്പെട്ട ന്യായവാദങ്ങളൊന്നും ഈ വൈരുദ്ധ്യത്തെ വിശദീകരിക്കുന്നതുമില്ല.

സൈബർ പാർക്കുകളുടെ പ്രകടനമാണ് നാലാം പട്ടികയിലുള്ളത്. ഇവിടെ വിറ്റുവരവ്, കയറ്റുമതി എന്നിവ 46 ശതമാനം കണ്ട് ഇടിഞ്ഞു. നിക്ഷേപത്തിൽ 22 ശതമാനവും കുറവ് രേഖപ്പെടുത്തി. എന്നാൽ തൊഴിലവസരങ്ങൾ 20 ശതമാനം വർധിച്ചു. ഈ വിവരങ്ങൾ ഒരു ഗവേഷകനെ ആശയകുഴപ്പത്തിലാക്കുന്ന ഒന്നാണ്. ഇതുപയോഗിച്ച് അർത്ഥപൂർണ്ണമായ നിഗമനങ്ങളിലേക്ക് എത്തിച്ചേരുക അസാധ്യമാണ്. പദ്ധതി വിഹിതത്തിന് അനുസൃതമായി ചെലവുകൾ കുറയുന്നുവെന്നാണ് പട്ടിക അഞ്ചിൽ നിന്ന് വ്യക്തമാകുന്നത്. സയൻസ് ആൻഡ് ടെക്നോളജി പദ്ധതികളുടെ കാര്യത്തിൽ കോവിഡിന് ശേഷമുള്ള ഘട്ടത്തിലും ഇത് കാണാവുന്നതാണ്.

കെ ഇ ആറിൽ നിന്നും ജി എസ് ഡി പി യിൽ ഐ ടി മേഖലയുടെ സംഭാവനയെ കുറിച്ച് ഒരു വിവരവും ലഭ്യമല്ല എന്നതാണ് മറ്റൊരു ആശങ്ക. തൊഴിൽ മേഖലയിൽ ഇത് നൽകുന്ന സംഭാവനയെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അതുകൊണ്ട് ജി എസ് ഡി പിയിൽ ഐ ടി മേഖല നൽകുന്ന പങ്കിനെ കുറിച്ച് വ്യക്തമായ വിവരങ്ങളില്ലാതെ അതിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള നിഗമനങ്ങൾ പൂർണ്ണമാകില്ല.

2021 ഒക്ടോബർ ഒന്നിന് ഇ–സേവനം പോർട്ടൽ, എം–സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നീ സേവനങ്ങൾ സംസ്ഥാന സർക്കാർ ആരംഭിക്കുകയുണ്ടായി. കേരളത്തെ ഒരു സമ്പൂർണ്ണ ഡിജിറ്റൽ സേവന കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നയപരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി. ഡിജിറ്റൽ സേവന മേഖലയിലെ പൗരന്മാർക്കിടയിലുള്ള അന്തരം പരിഹരിക്കുക, സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇ– സേവനം എന്ന പദ്ധതി വഴി സർക്കാരിന്റെ 60 വകുപ്പുകളുടെ 500 ലധികം സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ്. എം–സേവനം വഴിയായി 450 ൽ പരം സേവനങ്ങൾ മൊബൈൽ വഴിയും ലഭിക്കുന്നതാണ്.

**വിനോദസഞ്ചാര മേഖല**

കേരളത്തിന്റെ സാമ്പത്തിക വികസന രംഗത്ത് തനതായ സംഭാവന നൽകുന്ന വളരെ പ്രധാനപ്പെട്ട ഒരു സേവന മേഖലയാണ് ടൂറിസം. അന്താരാഷ്ട്ര ഖ്യാതി ആർജിച്ച ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് കേരളം. ഒരു ബ്രാൻഡ് എന്ന നിലയിൽ കേരള

***കേരള സാമ്പത്തിക റിവ്യൂവിന്റെ പ്രധാന്യം വളരെ വലുതാണ്. സേവന മേഖലയുടെ കാര്യത്തിൽ എൻ എസ് എസ് റിപ്പോർട്ടുകളുടെ ചുരുക്കം അതിൽ പ്രതിപാദിക്കപ്പെടുന്നുണ്ട്. എന്നാൽ പ്രാധാന്യമേറിയ ചില മേഖലകളുടെ കാര്യം എന്തുകൊണ്ടാണ് ഉൾപ്പെടുത്താതെ പോയിരിക്കുന്നത് എന്നത് വ്യക്തമല്ല.***

***സാമ്പത്തിക റിവ്യൂവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളുടെ താത്വിക അവലോകനം വിദ്യാർത്ഥികൾക്കും യുവഗവേഷകർക്കും ഒരു പോലെ പ്രയോജനപ്രദമാകും.***

**Figure 1:** Annual growth rates of foreign tourist arrivals in India and Kerala from 2011 to 2020, in per cent




**Source:** KER, 2021

ടൂറിസത്തിന് സാർവദേശീയ തലത്തിൽ അംഗീകാരമുണ്ട്. നിരന്തരമുള്ള വളർച്ച, വൈവിധ്യമാർന്ന ഉത്പന്നങ്ങൾ, പ്രാദേശിക സംരംഭകർ തുടങ്ങിയ കാര്യങ്ങൾ കേരള ടൂറിസത്തിന്റെ പ്രത്യേകതയാണ്. അടിസ്ഥാന സൗകര്യ വികസനം, വിപണനം, മാനവശേഷി വികസനം തുടങ്ങിയ കാര്യങ്ങൾക്കാണ് ഇവിടെ പൊതു ചെലവുകൾ ആവശ്യമായി വരുന്നത്.

വൈവിധ്യമാർന്ന ഭക്ഷ്യ വിഭവങ്ങൾ, സംസ്കാരം, ചരിത്രം, കലകൾ തുടങ്ങിയ ഘടകങ്ങൾ സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര മേഖലയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു. ഇതിന്റെ വികസനം ടൂറിസം മേഖലക്ക് നേട്ടമുണ്ടാക്കുന്നതിനപ്പുറം യുവാക്കൾക്കടക്കം കൂടുതൽ തൊഴിൽ സാധ്യതകളും നൽകുന്നു. മെഡിക്കൽ ടൂറിസം രംഗത്തും കേരളത്തിന് അനന്ത സാധ്യത കളാണുള്ളത്. ഓരോ വർഷവും തൊഴിൽ നൈപുണ്യം നേടിയ നിരവധി പേർ കേരളത്തിൽ പുറത്തിറങ്ങുന്നുണ്ട്. ഇവരെ സംസ്ഥാനത്തിന്റെ വളർച്ചയിൽ സമമായി പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്.

കേരളത്തിലേക്കുള്ള വിദേശ വിനോദ

**Figure 2:** Annual growth rates in the arrival of domestic tourists in Kerala from 2011 to 2020, in per cent




**Source:** KER, 2021

**Figure 3:** Share of domestic tourist arrival from top ten States to Kerala during 2019 and 2020, in per cent




**Source:** KER, 2021

**Figure 4:** Total earning from tourism during 2010 to 2020, in  crore




**Source:** KER, 2021

**Table 6:** *State plan outlay and expenditure, 2017-18 to 2021-22, in [1] crore*

| Year | Outlay | Expenditure |
|---|---|---|
| 2017-18 | 342.73 | 310.56 (96.6%) |
| 2018-19 | 379.00 | 237.54 (62.7%) |
| 2019-20 | 372.37 | 1773698 (47.7%) |
| 2020-21 | 320.14 | 325.63 (101.7%) |
| 2021-22* | 320.14 | 76.09 (23.8%) |

*Note: *Expenditure upto September 2021*

*Source: Plan Space Kerala, 2021*

സഞ്ചാരികളുടെ വരവിൽ സ്ഥിരമായ വളർച്ച ഉണ്ടായി എന്നാണ് കെ ഇ ആർ അവകാശപ്പെടുന്നത്. എന്നാൽ രേഖാചിത്രം–1 വ്യക്തമാക്കുന്നത് 2011 മുതൽക്ക് ഇത് കുറയുന്ന പ്രവണത കാണിക്കുന്നു എന്നാണ്. ദേശീയതലത്തിൽ സ്ഥിതി ഇതിൽ നിന്ന് വ്യത്യസ്തമാണ്. ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ നേരിയ വർധന കാണാം (രേഖാചിത്രം–2). ആഭ്യന്തര ടൂറിസ്റ്റുകളുടെ സംസ്ഥാനം തിരിച്ചുള്ള 2020 ലെ കണക്ക് പരിശോധിച്ചാൽ 73.09 ശതമാനവും കേരളത്തിൽ നിന്നുള്ളവരാണ്. 7.61 ശതമാനം തമിഴ്നാട്ടിൽ നിന്നും 6 ശതമാനം കർണ്ണാടകത്തിൽ നിന്നും 2.52 ശതമാനം പേർ മഹാരാഷ്ട്രയിൽ നിന്നുമാണ്. ടൂറിസ്റ്റുകളിൽ അധിക പങ്ക് കേരളത്തിൽ നിന്ന് തന്നെയാകയാൽ ഇതിൽ നിന്നുള്ള വരുമാനം കേരളത്തിൽ നിന്നുള്ളവർ തമ്മിലുള്ള ഒരു കൈമാറ്റമായി മാറുകയാണ്. ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ നിന്നുള്ള ശതമാനവും കേരള

ത്തിൽ നിന്നുള്ളവരാണ്. 7.61 ശതമാനം തമിഴ്നാട്ടിൽ നിന്നും 6 ശതമാനം കർണ്ണാടക ത്തിൽ നിന്നും 2.52 ശതമാനം പേർ മഹാരാഷ്ട്രയിൽ നിന്നുമാണ്. ടൂറിസ്റ്റുകളിൽ അധിക പങ്ക് കേരളത്തിൽ നിന്ന് തന്നെയാ കയാൽ ഇതിൽ നിന്നുള്ള വരുമാനം കേരളത്തിൽ നിന്നുള്ളവർ തമ്മിലുള്ള ഒരു കൈമാറ്റമായി മാറുകയാണ്. ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ നിന്നുള്ള വരുമാനം വളരെ കുറവാണെന്ന് രേഖാചിത്രം മൂന്നിൽ നിന്നും വ്യക്തമാകുന്നുണ്ട്.

2010 മുതൽ 2020 വരെ ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനം രേഖാചിത്രം നാലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2010 മുതൽ 2019 വരെയുള്ള വരുമാന വളർച്ച 9.93 ശതമാന മാണ്. ഇത് ജി എസ് ഡി പി വളർച്ചയുടെ തോതിനെക്കാൾ താഴെയാണ്. പദ്ധതി വിഹിതവും ചെലവഴിക്കലും തമ്മിലുള്ള വിടവ് കുറഞ്ഞു വരുന്നതായി പട്ടിക ആറിൽ നിന്ന് മനസിലാക്കാം. പൊതുവെ വിലയിരു ത്തുമ്പോൾ ടൂറിസം, സംസ്ഥാന ജി ഡി പിയിലെ ഒരു പ്രധാന പങ്ക് നൽകുന്നു എന്ന വാദത്തിൽ കാര്യമായ കഴമ്പില്ലെന്ന് വ്യക്ത മാകുന്നുണ്ട്.

തളർച്ചയിലായ ട്രാവൽ, ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ 'മുഖ്യമന്ത്രിയുടെ ടൂറിസം വായ്പാ സഹായ പദ്ധതി' (സി എം ടി എൽ എ എസ്) എന്ന പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. ഈ മേഖലക്ക് വേണ്ട പ്രവർത്തന മൂലധനം, തൊഴിൽ സംരക്ഷിക്കുന്നതിനുള്ള പദ്ധതി, ഹൗസ്ബോട്ട് സഹായ പദ്ധതി, ടൂറിസം ഗൈഡ് സഹായ പദ്ധതി തുടങ്ങിയവയാണ് ഇതിലുൾപ്പെടുന്നത്.

2021 ലെ കെ ഇ ആർ പറയുന്നത് കേരള ടൂറിസം ഉപയോക്താക്കൾക്ക് ലോകനിലവാര ത്തിലുള്ള സേവനങ്ങൾ നല്കുന്നുണ്ടെ ന്നാണ്. ടൂറിസം കേന്ദ്രങ്ങളുടെ നവീകരണം, മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തൽ, പുതിയ ഉത്പന്നങ്ങൾ അവതരിപ്പിക്കൽ തുടങ്ങിയവ വഴിയാണ് ഇത്. കേരളത്തിലെ ടൂറിസം വകുപ്പ് ഇതിനായി കേരള ടൂറിസം ഇൻഫ്രാ സ്ട്രക്ചർ ലിമിറ്റഡ് (കെ ടി ഐ എൽ), ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് (ബി ആർ ഡി സി), ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ (ഡി ടി പി സി) തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിക്കുകയുണ്ടായി. എന്നാൽ മാധ്യ മങ്ങളിലടക്കം വരുന്ന വാർത്തകൾ നൽകുന്ന ചിത്രം അങ്ങനെയല്ല. വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ ങ്ങളുടെ അപര്യാപ്തത വലിയ പ്രശ്ന ങ്ങൾക്ക് ഹേതുവാകുന്നുണ്ട്. ശുചിത്വം, പ്രാഥമിക കൃത്യങ്ങൾക്കുള്ള സൗകര്യങ്ങൾ, മാലിന്യ നീക്കം തുടങ്ങിയ കാര്യങ്ങളിൽ കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങ ളിലെ അവസ്ഥ നല്ല നിലയിലാണ് എന്ന് പറയാൻ കഴിയില്ല.

ഇന്ത്യക്കകത്തും പുറത്തും വിനോദസഞ്ചാര മേഖലയെ മാർക്കറ്റ് ചെയ്യുന്ന കാര്യത്തിൽ കേരളമാണ് ആദ്യം മുൻകൈയെടുത്ത സംസ്ഥാനം. ഇതിന്റെ തുടർച്ചയെന്നോണം ഈയിടെ കേരളം ഡിജിറ്റൽ, സാമൂഹ്യ അവതരിപ്പിക്കുന്ന ൦ം നിരവധി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഇത് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പുറമെ, കേരളം എന്ന ബ്രാൻഡിന്റെ പ്രതിച്ഛായ വർധിപ്പിക്കു ന്നതിനും സഹായകമായി തീർന്നു. സംസ്ഥാ നത്തിന്റെ തനത് സംസ്കാരം, ജനങ്ങളുടെ നിത്യജീവിതം എന്നിവ അവതരിപ്പിക്കുന്ന 'ഹ്യൂമൻ ബൈ നേച്ചർ' എന്ന പ്രചരണ പരിപാടി ലോകശ്രദ്ധയാ കർഷിക്കു കയുണ്ടായി. അതുപോലെ തന്നെ ഉത്തര വാദ ടൂറിസം എന്ന ആശയത്തിനും ലോക ത്തിന്റെ അംഗീകാരം നേടാൻ കഴിഞ്ഞു. സാധാരണക്കാരെ കൂടി ടൂറിസം മേഖലയു മായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ടൂറിസം വകുപ്പ് 2008 ലാണ് ഈ

***വിവിധ സർക്കാർ വകുപ്പുകൾ മുഖേന നിരവധി സേവനങ്ങളാണ് സമൂഹത്തിന് ലഭിക്കുന്നത്. എന്നാൽ ഇതിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് തക്ക സൂചികകൾ ലഭ്യമല്ല. ഇത്തരം സൂചികകൾ തയാറാക്കാതെ പൊതുസേവനങ്ങളുടെയും അതിനായുള്ള ചെലവുകളുടെയും ഫലപ്രാപ്തി നിർണ്ണയിക്കുക അസാധ്യമാണ്.***

പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ ശുചീകരണ സൗകര്യങ്ങൾ, മികച്ച അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ കൂടി ഇതിന്റെ ഭാഗമായി ഒരുക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ കേരളത്തിന്റെ വിനോദ സഞ്ചാര മേഖലക്ക് മികച്ച നേട്ടം കൊയ്യാൻ കഴിയുമായിരുന്നു.

ടൂറിസം മേഖലയുടെ കാര്യത്തിലും ജി എസ് ഡി പിയിൽ അത് നൽകുന്ന സംഭാവനയെ കുറിച്ച് കെ ഇ ആർ ഒരു വിവരവും നൽകുന്നില്ല.

**പൊതുസേവന മേഖല**

സേവന മേഖലയുടെ മറ്റൊരു ഭാഗമാണ് പൊതുസേവന രംഗം. പൊതുജനങ്ങൾക്ക് ഭരണകൂടത്തിന്റെ സാന്നിധ്യം അനുഭവപ്പെടുത്തുന്ന ഒന്നാണ് പൊതുസേവന മേഖല. ജനങ്ങളും സർക്കാരും തമ്മിലുള്ള ഭൗതികമായ കണ്ണി കൂടിയാണ് ഇത്. സർവ്വെ ആൻഡ് ലാൻഡ് റെക്കോഡ്സ്, രജിസ്ട്രേഷൻ വകുപ്പ്, എക്സൈസ് വകുപ്പ്, പോലീസ് തുടങ്ങിയ വകുപ്പുകൾ ചേരുന്നതാണ് സർക്കാർ സേവന മേഖല എന്ന് പൊതുവിൽ വിവക്ഷിക്കപെടുന്നത്. സംസ്ഥാനത്തെ ഭൂമി സംബന്ധമായ സർവെ അടക്കമുള്ള കാര്യങ്ങൾ നിർവഹിക്കുന്ന വകുപ്പാണ് സർവെ ആൻഡ് ലാൻഡ് റെക്കോഡ്സ്. ഭൂമി സംബന്ധമായ രേഖകളുടെ ഡിജിറ്റൽവത്കരണം, പട്ടയം വിതരണം, വനഭൂമിയുടെ സർവെ തുടങ്ങിയ ജോലികളും ഈ വകുപ്പ് നിർവഹിക്കുന്നു. റീസർവേ, ഭൂമി ഏറ്റെടുക്കൽ എന്നിവ സംബന്ധിച്ച അപ്പീലുകളും ഈ വകുപ്പാണ് പരിഗണിക്കുന്നത്. ഭൂമി സംബന്ധമായ രേഖകളുടെ ഡിജിറ്റൽവത്കരണമാണ് മറ്റൊരു പ്രധാന ജോലി. നിലവിലെ രേഖകൾ ഡിജിറ്റൽ രീതിയിലാക്കി സൂക്ഷിക്കുകയാണ് ചെയ്യുന്നത്.

വിവിധ രേഖകളുടെ രജിസ്ട്രേഷൻ, വിവാഹം, സ്ഥാപനങ്ങൾ തുടങ്ങിയ കാര്യങ്ങളുടെ രജിസ്ട്രേഷൻ നിർവഹി ക്കുന്നതും ഈ വകുപ്പുവഴിയാണ്. ഇതിനാവ ശ്യമായ ഫീസ് ഒടുക്കുന്നത് ഇ – പേയ്മെന്റ് സംവിധാനത്തിലേക്ക് മാറ്റിവരികയാണ്.

'വിമുക്തി' എന്ന പേരിൽ എക്സൈസ് വകുപ്പ് അതിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കി വരികയാണ്. 1950 ലെ അബ്കാരി നിയമം, 1958 ലെ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് നിയമം, 2003 ലെ സിഗരറ്റ് ആൻഡ് അദർ ടുബാക്കോ പ്രോഡക്ടസ് നിയമം എന്നിവ ആധാരമാക്കിയാണ് വകുപ്പിന്റെ പ്രവർത്തനം.

നിയമ സംരക്ഷണം, ജനങ്ങളുടെ സുരക്ഷ, കുറ്റകൃത്യങ്ങളുടെ അന്വേഷണം എന്നിവയാണ് പോലീസ് വകുപ്പ് നൽകുന്ന സേവനങ്ങൾ. ഈ വകുപ്പിലും ഇ–ഗവേണൻസിന് കാര്യമായ മുന്നേറ്റം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇത്തരത്തിൽ വിവിധ വകുപ്പുകൾ ജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നുണ്ടെങ്കിലും ഇതിന്റെ ഫലപ്രാപ്തി അളക്കുന്നതിനുള്ള പ്രത്യേക സൂചികകൾ ഇല്ല എന്നത് ഒരു പരിമിതിയാണ് . അത്തരത്തിൽ ഒരു സൂചിക ലഭ്യമാകാത്തത് മൂലം പൊതുസേവനങ്ങളുടെ ഫലപ്രാപ് തിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലുള്ള സർക്കാർ ചെല

വഴിക്കൽ വിലയിരുത്തുക ഏറെ പ്രയാസ മേറിയ ഒരു കാര്യമാണ്.

**ഉപസംഹാരം**

ചുരുക്കത്തിൽ കേരള ഇക്കണോമിക് റിവ്യൂവിന്റെ 2021 ലെ പതിപ്പ് യുവഗ വേഷകർക്ക് പ്രയോജനകരമാകുന്ന നിരവധി വിവരങ്ങൾ നൽകുന്നുണ്ട്. അതുപോലെ വ്യാപാരം, വാണിജ്യം, റിയൽ എസ്റ്റേറ്റ്, ഗതാഗതം, കമ്യൂണിക്കേഷൻ, സാമ്പത്തിക സേവനങ്ങൾ തുടങ്ങിയ വിവിധ മേഖലകൾ കൂടി കെ ഇ ആറിൽ ഉൾപ്പെടുത്തിയി രുന്നുവെങ്കിൽ ഗവേഷകർക്ക് അത് കൂടുതൽ പ്രയോജനപ്രദമാകുമായിരുന്നു. എൻ എസ് എസ് ഒ നടത്തുന്ന നിരവധി സർവേകൾ പല മേഖലകളെ കുറിച്ചും വിവരങ്ങൾ നൽകു ന്നുണ്ട്. ഇവിടെ ഒരു കാര്യം ചൂണ്ടികാണി ക്കാനുള്ളത്, ഇന്ത്യൻ ഇക്കണോമിക് സർവെ, കേരള ഇക്കണോമിക് റിവ്യൂ എന്നി വയിൽ അതിൽ പറയുന്ന വാദങ്ങൾക്ക് ആസ്പദമായ താത്വിക വിശകലനങ്ങൾ കൂടി ഉൾപ്പെടുത്തുന്നത് നല്ലതാണ്. ഗവേഷക സമൂഹത്തിന് ഈ പ്രസിദ്ധീകരണങ്ങൾ നൽകുന്ന നേട്ടങ്ങൾ നിസാരവത്കരിച്ചു കൊണ്ടല്ല ഈ അഭിപ്രായം രേഖപ്പെടു ത്തുന്നത്.

■

(അർഷദ് മസൂർ വി എസ്, മനു ഡി എന്നിവർ കുസാറ്റിലെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീ സിലെ എം എസ് സി എക്കണോമെട്രിക്സ് ആൻഡ് ഫിനാൻഷ്യൽ ടെക്നോളജി വിദ്യാർത്ഥികളാണ്)

## References

1. Government of Kerala (2022). *Budget Speech 2022-23,* Finance Department, Government of Kerala (2022).
2. Government of Kerala (2022). *Economic Review 2021 Volume 1*, Kerala State Planning Board, Thiruvananthapuram.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 3
ജൂലൈ–ആഗസ്റ്റ്–സെപ്റ്റംബർ 2022

# പട്ടികജാതി വിഭാഗ പദ്ധതികളുടെ 2021–22 ലെ പ്രകടനം

യു. പി അനിൽകുമാർ

2021 ലെ സാമ്പത്തിക റിവ്യൂവിന്റെ എട്ടാം അധ്യായം പട്ടികജാതി വിഭാഗത്തിന്റെ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു. മൂന്ന് വിഭാഗങ്ങളായാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്. ലിംഗപരമായ വ്യത്യാസവും വികസനവും, സാമൂഹ്യ–സാമ്പത്തിക മാറ്റങ്ങൾക്ക് പരിഹാരം തേടൽ, സാമൂഹ്യ സുരക്ഷ നടപടികൾ എന്നിങ്ങനെയാണ് അത്. സെക്ഷൻ രണ്ടിൽ പട്ടിക ജാതി, പട്ടിക വർഗം, മറ്റു പിന്നാക്ക സമുദായങ്ങൾ, ന്യൂന പക്ഷങ്ങൾ, മുന്നോക്ക വിഭാഗങ്ങൾ എന്നീ വിഭാഗങ്ങളുടെ ആശങ്കകളാണ് ചർച്ച ചെയ്യുന്നത്. 2021–22 ലെ ബജറ്റിൽ പട്ടിക ജാതി വികസനത്തിനായി നീക്കിവച്ചി രിക്കുന്നത് 2708.54 കോടി രൂപയാണ്. ഇതിൽ 1487.39 കോടി രൂപ (45 ശതമാനം) പട്ടികജാതി വികസന വകുപ്പ് മുഖേനയും 1221.15 കോടി രൂപ (55 ശതമാനം) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴിയു മാണ് നടപ്പാക്കുന്നത്.

**വിദ്യാഭ്യാസം, നൈപുണ്യവികസനം, തൊഴിൽ–ഇവയ്ക്കായുള്ള വകയിരുത്തൽ**

മൊത്തം ബജറ്റ് വിഹിതത്തിൽ വിദ്യാഭ്യാസ മേഖലക്കായി 335 കോടി രൂപയും (22.5 ശതമാനം) നൈപുണ്യ വികസനം, തൊഴിൽ തുടങ്ങിയ മേഖലകൾക്കായി 82.50 കോടി രൂപയും (5.5ശതമാനം) വകയിരുത്തിയിരിക്കുന്നതായി കാണാം. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കായി 15 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. വിദ്യാഭ്യാസ സഹായ പദ്ധതികൾക്കായി അനുവദിച്ചിരിക്കുന്നത് 245 കോടി രൂപയാണ്. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് അധികമായി 75 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പരിശീലനം, വിദ്യാഭ്യാസം, മാനവശേഷി വികസനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ദീനദയാൽ അന്ത്യോദയ യോജന എന്ന പദ്ധതിക്കുള്ള 40 ശതമാനം സംസ്ഥാന വിഹിതമായി 32.5 കോടി രൂപയും ഉൾക്കൊള്ളിച്ചിരിക്കുന്നു. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ വഴിയാണ് ഇത് നടപ്പാക്കുന്നത്.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം പരിശോധിക്കാം, സ്പെഷ്യൽ കമ്പോണന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി

***കേരളത്തിന്റെ പൊതുവളർച്ചക്കൊപ്പം പട്ടിക ജാതി വിഭാഗക്കാർ വളരുന്നുണ്ടോ എന്നത് പ്രധാനപ്പെട്ടതും സ്വയംവിമർശനാത്മകവുമായ ഒരു ചോദ്യമാണ്. കേരളത്തിന്റെ സാമൂഹ്യ വികസന പരിപ്രേക്ഷ്യം ഇന്ത്യക്കാകെ മാതൃകയായി നിൽക്കുന്ന സാഹചര്യത്തിൽ ഇത് ഏറെ പ്രസക്തമാണ്.***

***2021–22 ബജറ്റിൽ പട്ടികജാതി വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരുന്നത് 2708.54 കോടി രൂപയാണ്. ഇതിൽ 1487.39 കോടി രൂപ (55 ശതമാനം) പട്ടിക ജാതി വികസന വകുപ്പു വഴിയും 1221.15 (45 ശതമാനം) കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുമാണ് ചെലവഴിച്ചത്.***

നടപ്പാക്കുന്ന പദ്ധതികൾക്ക് 2021–22 ൽ നീക്കി വച്ചിരിക്കുന്നത് 1487.39 കോടി രൂപയാണ്. ഇതിൽ 16.6 ശതമാനം (242.40 കോടി) വിദ്യാഭ്യാസ മേഖലക്കുവേണ്ടിയാണ്. വൊക്കേഷണൽ പരിശീലന പരി പാടികൾക്കായി 0.6 ശതമാനവും (8.56 കോടി) നീക്കിവച്ചിട്ടുണ്ട്. തൊഴിൽ പദ്ധതികളിൽ ഉൾപ്പെടുത്തി വ്യവസായം, സ്വയംതൊഴിൽ സംരംഭങ്ങൾ ചെറുകിട, ഇടത്തരം സ്ഥാപന ങ്ങൾക്കായുള്ള പ്രോത്സാഹനം തുടങ്ങിയ കാര്യങ്ങൾക്കായി 31.96 കോടി രൂപയും (2.2 കോടി) ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കാർഷിക മേഖല, മൃഗസംരക്ഷണം, ഡയറി വികസനം, മൽസ്യബന്ധനം തുടങ്ങിയ വിവിധ മേഖലകൾക്കായി ബജറ്റ് കണക്കാക്കിയിരിക്കുന്നത് 43.54 കോടി രൂപ മാത്രമാണ് (3 ശതമാനം).

### എസ് സി ഡി ഡി പദ്ധതിയിലെ നേട്ടം

2021 സെപ്റ്റംബർ 30 വരെയുള്ള വിവരങ്ങളാണ് 2021 ലെ സാമ്പത്തിക റിവ്യൂ നൽകുന്നത്. അതുകൊണ്ട് പട്ടിക ഒന്നിൽ 2021–22 ലെ വിവരങ്ങൾ കൊടുത്തിരിക്കുന്നത് ആസൂത്രണ രേഖകളിൽ നിന്നാണ്. പട്ടിക ജാതി വികസന വകുപ്പ് (എസ് സി ഡി ഡി) മുഖ്യപരിഗണന നൽകുന്ന ഒരു മേഖല വിദ്യാഭ്യാസമാണ്. ഇതിൽ 15 പദ്ധതികളാണ് പ്രവർത്തനക്ഷമമായുള്ളത്. പട്ടിക – 1

സാമ്പത്തിക റിവ്യൂവിലെ വിവരങ്ങൾ പ്രകാരം 2021–22 സാമ്പത്തിക വർഷത്തിൽ 362,936 വിദ്യാർത്ഥികൾക്ക് ലംസം ഗ്രാന്റ് ലഭ്യമാക്കിയിട്ടുണ്ട്. 2020–21 ൽ ഇത് 544,533 ആയിരുന്നു.

2018ൽ ഗിഫ്റ്റ് സംഘടിപ്പിച്ച കുടുംബ സാമ്പിൾ സർവെ പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികളിൽ 84.1 ശതമാനം പേർ പ്ലസ് ടൂവിൽ വച്ച് പഠനം അവസാനിപ്പിക്കുകയായിരുന്നു. ഇക്കാര്യത്തിലെ യഥാർത്ഥ വസ്തുതകളും സർവേയിലെ വിവരങ്ങളും ഒരുമിച്ച് പോകുന്നുണ്ട്. അയ്യൻകാളി സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികളുടെ എണ്ണവും (27501) പ്രീ മെട്രിക് സ്കോളർഷിപ്പ് നേടിയവരുടെ എണ്ണവും (13462) ലാപ്ടോപ്പ് ലാഭ്യമായവരുടെ സംഖ്യയും (1110) മെഡിക്കൽ, എൻജിനീയറിങ് വിദ്യാർത്ഥികളുടെ എണ്ണവും (523) വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും (117) താരതമ്യം ചെയുമ്പോൾ പട്ടിക ജാതി വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിലേക്ക് എത്തുമ്പോഴുണ്ടാകുന്ന ചോർച്ച വ്യക്തമാകുന്നുണ്ട്.

***മൊത്തം ബജറ്റ് വിഹിതത്തിൽ 335 കോടി രൂപ (22.5 ശതമാനം) പട്ടിക ജാതി വികസന വകുപ്പ് വിദ്യാഭ്യാസ മേഖലക്കാണ് നീക്കി വച്ചത്. 82.50 കോടി (5.5 ശതമാനം) നൈപുണ്യ വികസനത്തിനും തൊഴിൽ സംബന്ധമായ ആവശ്യങ്ങൾക്കുമാണ് ചെലവഴിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 242. 40 കോടി രൂപ (16.6 ശതമാനം) വിദ്യാഭ്യാസത്തിനും 8.56 കോടി (0.6 ശതമാനം) തൊഴിൽ പരിചയത്തിനുമാണ് വിനിയോഗിച്ചത്.***

നൈപുണ്യ വികസനം, അതിന്റെ നിലവാരം ഉയർത്തൽ, മെച്ചപ്പെടുത്തൽ എന്നിവ പട്ടിക ജാതി വിഭാഗക്കാരുടെ ജീവസന്ധാരണ ത്തിലും ഒപ്പം മികച്ച ജീവിതം നയിക്കുന്ന തിനും വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. എന്നാൽ നൈപുണ്യ വികസനം, തൊഴിൽ ലഭ്യത എന്നിവ പരിഗണിക്കുമ്പോൾ ഗുണ ഭോക്താക്കളുടെ എണ്ണം യഥാക്രമം 599, 844 എന്നിങ്ങനെയാണ്. പട്ടിക ജാതി വിഭാഗ ത്തിലെ തൊഴിലില്ലായ്മ 49 ശതമാനമാണ്. ആ നിലയിൽ പരിശോധി ക്കുമ്പോൾ ഈ നേട്ടം ആവശ്യവുമായി ഒട്ടും തന്നെ പൊരു ത്തപ്പെടുന്നില്ലെന്ന് കാണാം. 2020–21 ൽ അനു വദിച്ച തുകയായ 50 കോടിയുടെ 76 ശത മാനം, അതായത് 38 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 2020–21 ൽ അതേ തുകയാണ് ഇതിനായി നീക്കിവച്ചത്. 2021

**Table 1.** Physical targets achieved in education, skill and employment schemes implemented through SCDD during 2021-22

| Sl No. | Schemes | No of beneficiaries |
|---|---|---|
| 1 | Lumpsum grant | 362936 |
| 2 | Stipend | 12667 |
| 3 | Education Aid | 260471 |
| 4 | Pre Metric Scholarship 9th & 10th | 13462 |
| 5 | Initial Expenses to those admitted to Engineering /Medical Courses | 523 |
| 6 | Stethoscope | 125 |
| 7 | Laptops | 1110 |
| 8 | Financial Assistance for studying Abroad | 117 |
| 9 | Financial assistance to Musical instruments & costumes | 72 |
| 10 | Education concessions for students studying outside the state | 3043 |
| 11 | Special incentive to students who got higher victory in annual examinations including SSLC to PG and other professional courses | 27501 |
| 12 | Ayyankali scholarship | 27501 |
| 13 | Vision ( Medical & Eng. Entrance coaching ) | 403 |
| 14 | Book Bank | 1640 |
| 15 | Medical & Engineering Entrance coaching after plus two | 271 |
| 16 | Skill development programme | 599 |
| 17 | Foreign Employment | 673 |
| 18 | Self-employment subsidy | 171 |

Source: Plan space, 2021-22, Physical achievements, SC department

Note: Sl.No 1 to 15 - education, 16 - skill and 17 and 18 - Employment schemes

സെപ്റ്റംബർ മാസം വരെയുള്ള ഈ ഇനത്തിലെ ചെലവഴിക്കൽ 12.60 കോടി രൂപയാണ് (25.2 ശതമാനം).

എസ് സി ഡി ഡി വഴി 2021–22 സാമ്പത്തിക വർഷത്തിലെ മൊത്തം വകയിരുത്തൽ, ചെലവ്, ഗുണഭോക്താക്കൾ എന്നീ വിവരങ്ങൾ പട്ടിക രണ്ടിൽ കാണാം. പട്ടിക രണ്ടിൽ നൽകിയിരിക്കുന്ന ജില്ല തിരിച്ചുള്ളവിവരങ്ങൾ രണ്ടു കാര്യങ്ങൾ വ്യക്തമാക്കുന്നു. സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾക്ക് നൽകിയിരിക്കുന്ന വിഹിതം പരിമിതമാണെന്ന് മാത്രമല്ല, അതിന്റെ വിതരണം അസന്തുലിതവുമാണ്. 2018 ലെ ഗിഫ്റ്റ് സർവെ പ്രകാരം പട്ടിക ജാതി വിഭാഗത്തിലെ ജോലി ചെയ്യാൻ കഴിവുള്ള പ്രായപരിധിയിൽ (15 64) ഉൾപ്പെടുന്നവരുടെ പങ്ക് 73.4 ശതമാനമാണ്. തൊഴിലില്ലായ്മ നിരക്കാകട്ടെ 57.66 ശതമാനവും (എസ് ഇ സി സി–2011). സ്വയംതൊഴിൽ സബ്സിഡിയായി അനുവദിച്ച 36 ലക്ഷം രൂപ പട്ടിക വിഭാഗക്കാർക്കിടയിലെ തൊഴിലില്ലായ്മയുടെ കാര്യത്തിൽ പ്രകടമായ ഒരു മാറ്റവും വരുത്താൻ ഉതകിയില്ല. ഇതിലും പ്രധാനം മൂന്ന് ജില്ലകളിൽ ഒരാൾക്കുപോലും ഇത് ലഭ്യമായില്ല എന്നതാണ്. രണ്ടു ജില്ലകളിൽ ഒരാൾക്ക് വീതവും.

### പട്ടിക ജാതി വിഭാഗത്തിന്റെ വികസനത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ നേട്ടം

2020–21 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ളവകയിരുത്തലും ചെലവഴിച്ചതിന്റെ വിവരങ്ങളും പട്ടിക മൂന്നിൽ നൽകിയിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകളാണ് ഏറ്റവും കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ 75.46 ശതമാനവും ചെലവഴിച്ചിരിക്കുന്നത് ഈ സ്ഥാപനങ്ങളാണ്. 70 ശതമാനമാണ് മൊത്തത്തിലുള്ള ചെലവഴിക്കൽ. ഇത് വർധിപ്പിക്കുന്നതിനുള്ള സാധ്യതകളുണ്ട്. എല്ലാ തരത്തിലുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പരിശോധിക്കുമ്പോൾ പൊതു വിഭാഗങ്ങൾക്ക് ചെലവഴിച്ചതി നേക്കാൾ വളരെ കുറവാണ് പട്ടികജാതി ക്കാർക്ക് ചെലവഴിച്ചിരിക്കുന്നതെന്ന് കാണാം. ജില്ലാ പഞ്ചായത്തുകളുടെ കേസിൽ പൊതു വിഭാഗങ്ങൾക്കായി ചെലവഴിച്ചി രുന്നത് 74 ശതമാനമാണ്. എന്നാൽ പട്ടിക ജാതി ക്കാർക്കായി ചെലവഴിച്ചത് 63 ശതമാനവും. (പട്ടിക – 3).

### വിദ്യാഭ്യാസം, നൈപുണ്യം, തൊഴിൽ മേഖലകളിൽ തദ്ദേശ സ്ഥാപനങ്ങളുടെ പ്രകടനം

നാലാമത്തെ പട്ടികയിൽ നൽകിയിരിക്കുന്നത് വിദ്യാഭ്യാസം, നൈപുണ്യ വികസനം, തൊഴിൽ മേഖലകളിൽ പട്ടിക ജാതിക്കാർക്ക് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വകയിരുത്തലും ചെലവഴിക്കലുമാണ്. വിദ്യാഭ്യാസ രംഗത്തിനാണ് ഏറ്റവും ഉയർന്ന വിഹിതമായി 74.2 ശതമാനം ലഭിച്ചിരിക്കുന്നത്. ഈ മേഖലയുടെ ചെലവ് 72 ശതമാനമാണ്. തുടർ വിദ്യാഭ്യാസം, സാക്ഷരത മേഖലയിലെ ചെലവ് 64 ശതമാനമാണ്. ഇത്തരം കാര്യങ്ങൾക്കായുള്ള വകയിരുത്തലും കുറവാണെന്ന് കാണാം.

***പട്ടികജാതി വികസന വകുപ്പിന്റെ നൈപുണ്യ വികസനം, തൊഴിൽ മേഖലകളിലെ പ്രവർത്തനങ്ങൾ വഴിയായി യഥാക്രമം 599 പേർക്കും 844 പേർക്കുമാണ് പ്രയോജനം ലഭിച്ചത്. ആവശ്യവുമായി തട്ടിച്ചു നോക്കുമ്പോൾ ഇത് വളരെ അപര്യാപ്തമാണ്. കാരണം, പട്ടിക ജാതിക്കാർക്കിടയിലെ തൊഴിലില്ലായ്മയുടെ തോത് 49 ശതമാനമാണ്.***

മൈക്രോ വിഭാഗം വൊക്കേഷണൽ പരിശീലന വിഭാഗത്തിലാണ് നൈപുണ്യ വികസന പരിശീലന പരിപാടികൾ വരുന്നത്. ഈ രംഗത്ത് ചെലവഴിച്ചതിന്റെ നിരക്ക് 34 ശതമാനമാണ്. ഡയറി വികസന മേഖലയാണ് ഇക്കാര്യത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ തുറന്നെടുത്തിരിക്കുന്നത്. ചെലവഴിക്കലിന്റെ നിരക്ക് ഇവിടെ 76.3 ശതമാനമാണ്. മൃഗസംരക്ഷണം 65 ശതമാനവുമായി രണ്ടാം സ്ഥാനത്താണ്. കാർഷിക, മൽസ്യബന്ധന മേഖലകളിൽ ചെലവിന്റെ നിരക്ക് യഥാക്രമം 53 ശതമാനവും 21 ശതമാനവും വീതമാണ്. ഇത്തരം മേഖലകളിൽ ലക്ഷ്യം കൈവരിക്കു ന്നതിന് കൂടുതൽ ശക്തമായ ശ്രമങ്ങൾ ആവശ്യമാണെന്ന് ഇത് വ്യക്തമാക്കുന്നു. സ്വയംതൊഴിൽ, ചെറുകിട സംരംഭങ്ങൾ എന്നീ രണ്ടു ഉപവിഭാഗങ്ങളിൽ മോശം പ്രകടനമാണ് കാണുന്നത്. ഇവിടെ ചെലവഴിക്കൽ നിരക്ക് യഥാക്രമം 31 ശതമാനവും 18 ശതമാനവും വീതമാണ്.

**ഉപസംഹാരം**

2020–21 സാമ്പത്തിക വർഷത്തിൽ മൊത്തം വകയിരുത്തലായ 2708.54 കോടി രൂപയിൽ എസ് സി ഡി ഡി ചെലവഴിച്ചത് 1313.37 കോടി (88.30 ശതമാനം) രൂപയാണ്. പ്രാദേശിക ഭരണകൂടങ്ങൾ 1125.87 കോടി (92.20 ശതമാനം) രൂപയും ചെലവഴിച്ചു. 2021 ലെ സാമ്പത്തിക റിവ്യൂവിൽ വ്യക്തമാകുന്ന പട്ടിക ജാതി വിഭാഗങ്ങളുടെ വികസന ചിത്രം എസ് സി ഡി ഡി വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയായും

**Table 2.** Outlay, expenditure and number of persons benefited under self-employment scheme during 2021-22 (Amount in Lakh)

| Sl.No. | District | 2021-22 | | |
|---|---|---|---|---|
| | | Outlay | Expenditure (as on 30.09.21) | No. of Persons Benefited |
| 1 | Thiruvananthapuram | 2.96 | 2.96 | 4 |
| 2 | Kollam | 0.00 | 0.00 | 0 |
| 3 | Pathanamthitta | 1.87 | 1.87 | 3 |
| 4 | Alappuzha | 2.30 | 2.30 | 6 |
| 5 | Kottayam | 0.00 | 0.00 | 0 |
| 6 | Idukki | 0.66 | 0.66 | 0 |
| 7 | Ernakulam | 0.00 | 0.00 | 1 |
| 8 | Thrissur | 6.37 | 6.37 | 9 |
| 9 | Palakkad | 0.97 | 0.97 | 2 |
| 10 | Malappuram | 5.26 | 5.26 | 6 |
| 11 | Kozhikode | 2.97 | 2.97 | 4 |
| 12 | Wayanad | 1.57 | 1.57 | 2 |
| 13 | Kannur | 10.34 | 10.34 | 12 |
| 14 | Kasargod | 0.90 | 0.90 | 1 |
| | **Total** | **36.16** | **36.16** | **50*** |

Source: SC Development Department, 2021, Appendix 8.2.12, ER 2021
*As per Plan Space data the number of beneficiaries is 171.

**Table 3.** LSGs - Category wise outlay and expenditure of special component plan for 2020-21 (Rs. in lakhs)

| Type of LSGs | Budget Amount | Fund Available | Expenditure | SCP Expenditure % | General Expenditure % |
|---|---|---|---|---|---|
| Grama Panchayats | 60999.62 | 81620.11 | 58981.9 | 72.26 | 75.84 |
| Block Panchayats | 20333.2 | 26619.51 | 20087.8 | 75.46 | 78.41 |
| District Panchayats | 20333.2 | 27991.52 | 17638.14 | 63.01 | 73.57 |
| Municipalities | 12509.18 | 17234.6 | 10906.13 | 63.28 | 71.53 |
| Corporation | 7939.8 | 11203.54 | 7084.2 | 63.23 | 66.25 |
| **Total** | **122115** | **164669.3** | **114698.2** | **69.65** | **73.69** |

Source: Economic Review 2021, Appendix 12.1.8

**Table 4.** Allocation and expenditure of education, skill and employment schemes of local self governments during 2021-22 for SC development (in lakhs)

| Sl. No | Sector | Allocation | Allocation % | Expenditure | Expenditure % |
|---|---|---|---|---|---|
| 1 | Education | 24231.13 | 74.22 | 17484.07 | 72.2 |
| 2 | Continuing education/literacy | 8.93 | 0.03 | 5.71 | 63.9 |
| 3 | Vocational expertisation | 856.36 | 2.62 | 290.26 | 33.9 |
| 4 | Agriculture | 1109.27 | 3.40 | 582.19 | 52.5 |
| 5 | Animal Husbandry | 2792.61 | 8.55 | 1817.15 | 65.1 |
| 6 | Diary Development | 367.3 | 1.13 | 280.27 | 76.3 |
| 7 | Fisheries | 85.69 | 0.26 | 17.6 | 20.5 |
| 8 | Industry, Self employment entreprises, marketing promotion | 2673.68 | 8.19 | 820.77 | 30.7 |
| 9 | Small businesses | 522.85 | 1.60 | 92.38 | 17.7 |
| | **Total** | **32647.82** | **100.00** | **21390.4** | **65.5** |

Source: Sulekha, Expenditure details 2021-22.

Note: Sl.1-2 Education, 3.Skill and 4 to 9 Employment

***2020–21 ൽ മൊത്തം അനുവദിക്കപ്പെട്ട 2708.54 കോടി രൂപയിൽ പട്ടികജാതി വികസന വകുപ്പ് ചെലവഴിച്ചത് 1313.37 കോടി രൂപയാണ് (88.30 ശതമാനം). 1125.87 കോടി രൂപയാണ് (92.20 ശതമാനം) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചത്.***

നിരവധി പദ്ധതികൾ നടപ്പാക്കി എന്നാണ്. വിദ്യാഭ്യാസം, നൈപുണ്യ വികസനം തുടങ്ങിയ കാര്യങ്ങളിലാണ് കൂടുതൽ നേട്ടം കൈവരിച്ചിരിക്കുന്നത്. എന്നാൽ വികസന മേഖലയിൽ ഇതര വിഭാഗങ്ങൾക്കൊപ്പം മുന്നേറുന്നതിന് ഉന്നത വിദ്യാഭ്യാസം, തൊഴിലില്ലായ്മ നിർമ്മാർജനം തുടങ്ങിയ മേഖലകളിൽ കൂടുതൽ ഫലപ്രദമായ പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

■

(ഗിഫ്റ്റിലെ റിസർച്ച് അസോസിയേറ്റാണ് ലേഖകൻ)

## References

1. Government of India (2011). *Socio Economic Caste Census, 2011,* The Ministry of Rural Development, New Delhi.
2. Government of Kerala (2021). *Economic Review 2021,* State Planning Board, Thiruvananthapuram.
3. Gulati Institute of Finance and Taxation (2018). *Household Primary Sample Survey of Scheduled Castes in Kerala (Report 7),* GIFT. Thiruvananthapuram.

GST updates

Relfi Paul

# GST Revenue Performance in 2nd Quarter of 2022-23

The gross GST collection for the 2nd quarter of the current fiscal is Rs. 4,40,293 which is Rs. 94,870 crore more compared to the same period of the last year. The monthly gross GST collection was Rs. 1,48,995 in July, Rs.1,43,612 crore in August and Rs. 1,47,686 crore in September, 2022. For seven months in a row, the monthly GST revenues have been more than the Rs. 1.4 lakh crore mark. The growth in GST revenue till September 2022 over the same period last year is 27%, continues to display very high buoyancy. This is a clear impact of various measures taken by the past few GST Council meetings to ensure better compliance. It also shows that the GST portal maintained by GSTN has fully stabilized and is almost glitch free. Also better reporting coupled with economic recovery has been having positive impact on the GST revenues on a consistent basis.




*Source: PIB Press Releases*

**CGST, SGST, IGST & Cess Comparison of 2nd Quarter of FY 2021-22 & 2022-23** *(Rs. In crore)*




*Source: Compiled from various PIB Press Releases*

When we analyze the CGST, SGST, IGST and Cess collections separately, it shows a significant growth in the 2nd quarter compared to the previous year. Out of the total GST revenue collected in 2nd quarter, ie Rs. 4,40,293 crore of which CGST is Rs.75,732 crore, SGST is Rs.95,571 crore, IGST is Rs. 2,37,764 and Cess is Rs.31,225 crore. In the month of July, the Union Government has settled Rs. 32,365 crore to CGST and Rs. 26,774 crore to SGST from its IGST account. Post this settlement, the total revenue of Centre and the States was Rs. 58,116 crore and Rs. 59,581 crore respectively. It is significant to note that this month, revenues from import of goods has increased to 48% and the revenues from domestic transaction has increased to 22% compared to the same month last year. In August, the Union Government has settled Rs.29,524 crore to CGST and Rs.25,119 crore to SGST. After this regular settlement, the total revenue earned by the Centre and the States was Rs.54,234 crore and Rs.56,070 crore respectively. Similarly in the month of September Union Government has settled Rs. 31,880 crore to CGST and Rs. 27,403 crore to SGST and the Centre received Rs. 57,151 crore and State received Rs. 59,216 crore after settlement.

**Trends in SGST collection of major States during 2nd quarter of FY 2021-22 & 2022-23**

| State | 2nd Quarter FY 2021-22 | 2nd Quarter FY 2022-23 | Growth Rate (%) |
|---|---|---|---|
| Jammu & Kashmir | 1201 | 1293 | 7.66 |
| Himachal Pradesh | 2051 | 2167 | 5.66 |
| Punjab | 4,349 | 5,094 | 17.13 |
| Uttarakhand | 3,326 | 3,784 | 13.77 |
| Haryana | 16,525 | 20,966 | 26.87 |
| Delhi | 11,025 | 13,417 | 21.70 |
| Rajasthan | 9,137 | 10,319 | 12.94 |
| Uttar Pradesh | 17,649 | 20,859 | 18.19 |
| Bihar | 3,194 | 4,001 | 25.27 |
| Assam | 2,809 | 3,252 | 15.77 |
| West Bengal | 10,919 | 13,845 | 26.80 |
| Jharkhand | 6,420 | 7,572 | 17.94 |
| Odisha | 10,258 | 11,301 | 10.17 |
| Chattisgarh | 7,056 | 7,406 | 4.96 |
| Madhya Pradesh | 7,424 | 8,491 | 14.37 |
| Gujarat | 22,965 | 26,887 | 17.08 |
| Maharashtra | 50,658 | 62,395 | 23.17 |
| Karnataka | 21,949 | 29,138 | 32.72 |
| Goa | 907 | 1,238 | 36.49 |
| Kerala | 5,051 | 6,443 | 27.56 |
| Tamil Nadu | 21,204 | 25,472 | 20.13 |
| Telangana | 10,630 | 12,333 | 16.02 |
| Andhra Pradesh | 7,916 | 9,714 | 22.71 |
| **Grand Total** | 259,000 | 307387 | 18.68 |

*Source: Compiled from various PIB Press Releases*

When we compare the State's performance in the 2nd quarter of this fiscal with the previous financial year, it is clear that all States has indicated significant growth. Goa records the highest growth at 36%, Karnataka and Kerala respectively occupy the second and third positions with 32% and 27% growth rates. States like Haryana, Bihar, West Bengal, Karnataka, Goa, and Kerala have achieved growth above 25% in this 2nd quarter. States like Punjab, Delhi, UP, Assam, Jharkhand, Gujarat, Maharshtra, Tamilnadu, Telangana, Andra Predesh have recorded reasonable growth rate, which is between 15% and 24%. But States like Jammu and Kashmir, Odisha, Chhattisgarh and Himachal Pradesh have seen poor growth. Larger and potential states, such as Rajasthan, Madhya Pradesh, Tamil Nadu, Gujarat and Uttar Pradesh, did not post impressive growth as expected.

Kerala's gross GST collection for 2nd quarter of FY 2022-23 was Rs 6,443 crore which was Rs 1604 crore higher than the same period of previous financial year. According to the available data, the State collected Rs 2,161 crore in July, Rs.2,036 crore in August and Rs.2,246 crore in September 2022. This shows significant growth rate compared to the same period of previous financial year and the third highest in the country after Goa and Karnataka.

**Trends in Kerala's GST collection** *(Rs. In crore)*




Source: https://keralataxes.gov.in/

# Best Practices:
# Lucky Bill App to Curb GST Evasion

It is first in India, Kerala has launched an app that aims to curb GST evasion. The app named as 'Lucky Bill App', was launched by Chief Minister on 16th August, 2022. The app asks its users to upload original bills of their purchases to win prizes, including a cash prize of Rs.25 lakh. This intended to curb GST evasion by encouraging the citizen to ask for a bill every-time they make a purchase. To reward them into doing so, the app offers cash prize upto Rs.25 lakh. Apart from cash prizes, the app also offers rewards such as gift packs from Kudumbashree and Vanashree as well as KTDC tour packages. The Chief Minister said in his inaugural address that Rs.5 crore was earmarked in this year's budget for this project. It is significant to note that this move comes at a time when the compensation from the Centre with respect to the GST has ceased with effect from July 1, 2022..

**Important Notifications and Circular released in 2nd quarter FY 2022-23**

**1. Notifications (CT)**

**Notification 9/2022 dated 05-07-2022:** Central Government appoints the 5th July, 2022, as the date on which the provisions of clause (c) of section 110 and section 111of the said Act shall come into force.

**Notification 10/2022 dated 05-07-2022:** Taxpayers having AATO upto Rs. 2 crores are exempted from furnishing GSTR 9/ 9A for FY 2021-22.

**Notification 11/2022 dated 05-07-2022:** Due date of CMP 08 for June 2022 quarter is extended from 18th July to 31st July.

**Notification 12/2022 dated 05-07-2022:** Late fees for delay in filing GSTR-4 for FY 2021-22 shall be waived till 28 July 2022.

**Notification 13/2022 dated 05-07-2022:** Extension of time limit for issuance of notice w.r.t tax not paid/short paid for FY 2017-18. Exclusion of period of 1st Mar 20 to 28th Feb 22 from timelimit filing of refund application and Order for recovery of erroneous refunds.

**Notification 14/2022 dated 05-07-2022:** Seeks to make amendments (First Amendment, 2022) CGST rules issued for E-Invoice, Suspension status and more.

**Notification 17/2022 - Central Tax, dated 01-08-2022:** Notification 17/2022 issued by CBIC which mandates e-invoic-

ing for taxpayers having AATO above Rs. 10 crores in any FY since FY 2017-18 w.e.f 1st Oct, 2022. Earlier the said limit was Rs.20 crores.

**Notification 18/2022 - Central Tax, dated 28-09-2022:** CBIC has extended the time limit for claiming ITC (including for FY 21-22), issuing CDN, and doing amendments to returns of the previous year till 30th November by notifying clause 100 of the Finance Act 2022 to be effective from 01.10.2022. Prior to this amendment, the last date for availing of ITC of the previous year was the due date for filing GSTR-3B for the month of September which has now been extended to 30th November with effect from 1st October.

**Notification 19/2022 - Central Tax, dated 28-09-2022:** Seeks to make amendments (Second Amendment, 2022) to the CGST Rules, 2017. Under this, Registration can be suspended by officer, if: a. In case of composition dealer, Return of the financial year not filed beyond 3 months from the due date b. In case of normal tax payer, such period as may be prescribed (earlier continuous period of Six Months)

**Notification 20/2022 - Central Tax, dated 28-09-2022:** Seeks to rescind Notification No.20/2018 -Ct dated 28th March, 2018

**2. Circulars**

**Circular 170/2022:** Mandatory furnishing of correct and proper information of inter-State supplies and ineligible/blocked ITC and reversal thereof in return in GSTR-3B and statement in GSTR-1.

**Circular 171/2022:** Clarification on issues relating to applicability of demand & penalty in respect of transactions involving fake invoices.

**Circular 172/2022:** Clarification on various issue pertaining to GST.

**Circular 173/2022:** Clarification on claiming refund under inverted duty structure where the supplier is supplying goods under the concessional notification.

**Circular 174/2022:** Circular prescribes the manner of re-credit in electronic credit ledger using PMT-03A.

**Circular 175/2022:** Circular specifies the manner of filing refund of unutilised ITC on account of export of electricity.

**Circular 176/2022:** Rule 95A has been omitted, retrospectively w.e.f. 01.07.2019, vide notification No. 14/2022-Central Tax, dated 05.07.2022. Accordingly, the Board hereby withdraws Circular No 106/25/2019-GST dated 29.06.2019

**Circular No. 177/2022:** CBIC clarifies GST rates & exemptions on 16 services

**Circular No. 179/2022:** Clarification on GST rates & classification (goods) - 47th GST Council meeting

**Circular No. 178/2022:** GST on liquidated damages, compensation & penalty out of breach of contract

**Circular No. 177/2022:** CBIC clarifies GST rates & exemptions on 16 services

**Circular No.180/2022:** Guidelines for filing/revising TRAN-1/TRAN-2 as per SC order Circular No.180/12/2022-GST 09/09/2022

# New studies on Kerala

Young Scholars' Forum, GIFT
Led by Ashkar K

## Economics

### Scopus indexed journals

1. Azad, P., & Sujathan, P. K. (2022). Hazard Analysis of Unemployment Duration of Return Migrants: The Case of Indian State of Kerala. Journal of Quantitative Economics, 1-21. https://doi.org/10.1007/s40953-022-00325-8

Unfavourable conditions in the Middle East countries opened the door for a high influx of Indian migrants to their countries of origin. However, retrofitting them into the domestic economy is a difficult task. Being aware of the duration of unemployment of return migrants and its determinants is crucial for evaluating labour market activities and implementation of policies. This paper fills the gap by examining the factors that determine the duration of unemployment of return migrants in the Indian State of Kerala. By applying Kaplan Meier Survival Function and Cox Proportional hazard regression models, the study finds that of all variables, a strong social network enabled returnees to be reabsorbed into the labour market at home faster. The paper, therefore, makes a strong case for the government for befitting returnees in the labour market.

2. Preethi, V. P., Thorat, V. A., & Dhekale, J. S. (2022). Disparities in Socio-economic Development in Kerala: A Disaggregated Analysis. Economic Affairs, 67(03), 153-159. https://doi.org/10.46852/0424-2513.3.2022.2

The paper examines the level of development of different districts in Kerala with the help of Weighted Mean Development Index (WMDI). It covered all fourteen districts of the state. The level of development was examined separately for population, health, education, transportation and communication, industries, and others including overall socio-economic development using district-level data (2019-20) on forty-five socio-economic indicators including ten major sectors. Findings show that the composite indices of overall socio-economic development ranked Ernakulam first and the least ranked was Pathanamthitta. The level of development in different districts of the state has shown wide disparities. It would be useful to investigate and evaluate the level of development at a lower level, such as Tehsil or block level, to make location-specific recommendations.

3. Anjaly, R. (2022). The Impact of Export Promotion on the Merchandise Export Performance of Small and Medium Enterprises in Kerala. Specialusis Ugdymas, 2(43), 577-585.

Globalization has made it easier for small and medium-sized enterprises (SMEs) to launch worldwide expansion strategies. A growing share of SMEs revenue comes from sales to customers outside of their home country. To expand internationally, it must develop its own set of distinctive, unique, and dynamic

competencies in order to acquire competitive strategies that will allow it to compete against other firms, most notably multinational corporations. The global marketplace is becoming increasingly competitive, and consumers throughout the world are demanding higher quality products and services. SMEs often face financial constraints due to a lack of development support and thereby have had less opportunity to learn about and implement cutting-edge ideas and technology. The solution is to become nationally and internationally competitive (Lee et al. 2020).

4. Sathya, P. P., Chalakudy, P. O., & Xavier, S. (2022). Structural Transformation and Food Security in Kerala. NeuroQuantology, 20(6), 7031-7036.

The present article divulges the structural formation and food security in Kerala. Kerala has its own development experience, referred to as Kerala Model of Development,discussing Kerala's stronger social development and the weaker economic development. Kerala is experiencing a slowing rate of growth in income post Covid-19 and has seen structural change in recent years, with the economy shifting from agriculture to the service sector.According to development theories, it is a sign of progress but self-sufficiency in food production is still an unachievable objective in Kerala in spite of the efforts made from policy circles and the farmers. The state of Kerala should awaken to the dawn of self-containment in the production of food which are chemical free and fresh.

**0ther journals**

1. Kannan, K. P. (2022). Kerala 'Model'of Development Revisited: A Sixty-Year Assessment of Successes and Failures. Centre for Development Studies Working Paper Series 501.

This paper is about revisiting the famed Kerala "Model? of Development.This paper traces the trajectory of high human development that ultimately resulted in high economic growth in terms of two phases of growth, covering a period of six decades from 1960 to 2020. The paper notes the highly skewed nature of the high growth process with a diminishing role for the commodity producing sectors of agriculture and industry. It has adversely affected employment generation to the increasing working age population. This has resulted in the under-utilization of the labour of a significant share of educated women in the working age population. The failure is rooted in the inability of the state to manage public finance as well as public investments.

2. Antony, A. V., Verma, A., Choudhary, U., Sen, B., & Dixit, A. K. (2022). Assessment of clean and safe milk production practices on the profitability of dairy farmers in Kerala.The Pharma Innovation Journal, 11 (10), 811 - 815.

Endogenous switching regression model was used to assess the economic performance of dairy farmers conditional on the adoption status of clean and safe milk production practices from a total sample size of 210 farmers that selected from three districts, Kollam, Thiruvananthapuram and Palakkad of Kerala.Adopter farmers' mean yield raised by 4.72 percent while adopting practices, whereas non-adopter farmers' mean yield raised by 7.34 percent while adopting practices.The study also found that farmers choose dairy cooperatives as a marketing channel under excess in the region.

3. Godly, G. (2022). Gender Digital Divide in Kerala, India - An Exploratory Analysis at Micro - Level. The Online Journal of Distance Education and e-Learning, 10(3), 370 - 375.

The present study examines the existence and extent of the gender digital divide in Kerala, a

